Date of Publication: 9 ഡിസംബർ 2018
വോള്യം 15/ലക്കം 5 / വില 20/-
ISSN 2319 - 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



# സംഘാടനം




# സംഘടിത

സംഘടിത/ ഡിസംബർ 2018/വോള്യം 15/ലക്കം 5


സംഘാടകമികവിന്റെ ഗിരിശൃംഗം:
പാർവ്വതി അയ്യപ്പനെന്ന പാർവ്വതിയമ്മ 6
**ടി.എച്ച്. ജിത**

കേരളത്തിലെ ആദ്യകാല
സ്ത്രീസംഘങ്ങൾ 11
**സംഗീത തിരുവൾ**

കുടുംബശ്രീ: സംഘാടനത്തിന്റെ
സ്ത്രീ വഴികൾ 14
**ധന്യ പി.ഡി.**

പ്രളയഗീതം 19
കവിത/**മഞ്ജു എം.**

ട്രാൻസ്ജെൻഡർ കൂട്ടായ്മയുടെ
കരുത്തുകൾ 20
**ബെനിതാ ബെന്നി**

ലിംഗവിവേചനം: മെഡിക്കൽ
വിദ്യാഭ്യാസമേഖല അതീതമോ 35
**ധന്യ**

ഒറ്റയാൾ പോരാട്ടം 38
**സൗമ്യ കെ.എം.**

അവൾ 41
കവിത/**ഐശ്വര്യ**

വിമൻ ഇൻ സിനിമാ കലക്ടീവ്:
തുല്യനീതിയുടെ പുതിയ പാഠങ്ങൾ 42
**കെ എസ്. ഇന്ദുലേഖ**

മതരാഷ്ട്രീയവും സ്ത്രീകളും 46
**സെമിനാർ റിപ്പോർട്ട്**

ഒസ്സാത്തി 48
**സബീന ബാനു എം.**

കന്യാസ്ത്രീ സമരം : വ്രണിത
വികാരങ്ങളും തിരുത്തൽ ശക്തികളും 51
**ഗീതു ദാസ്**

ജീവിതം പുനർനിർമ്മിക്കാൻ
ഒരു പിൻബലം 57
അന്വേഷി കേസ് ഡയറി/**സ്മിത**

മാറേണ്ടുന്ന ദാമ്പത്യങ്ങൾ 58
വാസ്തവം/**ഡോ. ജാൻസി ജോസ്**

ജനാഭായ് 59
വഴിത്താരകൾ/**ജാനകി**

മെർക്കുറി 13: ആ പതിമൂന്നു വനിതകൾ 61
ശാസ്ത്രം/**സീമാ ശ്രീലയം**

**ഫോട്ടോ ഫീച്ചർ : സ്ത്രീസംഘാടനത്തിന്റെ ചരിത്രവഴികൾ**



**എഡിറ്റർ:**ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ:**കെ.അജിത **എക്സി.എഡിറ്റർ :** ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ:** സംഗീത തിരുവൾ, **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, സോണിയ ജോർജ്. **എക്സിക്യൂട്ടീവ് കമ്മിറ്റി** : അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ഡോ. മിനി പ്രസാദ്, ശ്രീജിത **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ**ലേഔട്ട് & കവർ** : ശാലിനി.പി.എം., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com
Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

ജനാധിപത്യമൂല്യങ്ങളുടെ സംരക്ഷണത്തിനായി ആധുനികകേരളം കണ്ട ഏറ്റവും കലുഷിതമായ സമരമായിത്തീർന്നിരിക്കയാണ് ശബരിമലയിലെ സ്ത്രീപ്രവേശവുമായി ബന്ധപ്പെട്ട മുന്നേറ്റങ്ങൾ. ഏതൊരു രാഷ്ട്രീയപ്രശ്നത്തിലുമെന്നപോലെ പരസ്പരം കോർത്തിണക്കിക്കാണേണ്ട അനേകതലങ്ങൾ ഈ സംഘാടനവും വ്യക്തമാക്കുന്നു. മതനിരപേക്ഷ ഉദാരതാവാദം മതങ്ങളെയും വിശ്വാസങ്ങളെയും കണ്ണടച്ച് ഇല്ലായ്മചെയ്യാൻ ശ്രമിച്ച ചരിത്രത്തിൽ നിന്ന് തുടങ്ങേണ്ടതാണ് ഈ അപഗ്രഥനം. വിശ്വാസം സങ്കുചിതവും പരസ്പരം പുറത്താക്കുന്നതുമായ സംഘാടനങ്ങൾക്ക് വഴിവെച്ചിട്ടുണ്ടെങ്കിൽ, അത് വേരറുക്കപ്പെടാത്ത ജാതിബോധത്താൽ അധികാരപ്രാപ്തി നേടിയിട്ടുണ്ടെങ്കിൽ, ആധുനികതയെ ആനയിച്ച നവോത്ഥാനപ്രസ്ഥാനങ്ങൾക്ക് ഇക്കാര്യത്തിൽ കാതലായ പിഴവുകൾ സംഭവിച്ചിട്ടുണ്ടെന്ന് തിരിച്ചറിയേണ്ടതുണ്ട്. ജാതിചിഹ്നങ്ങളായി സ്ത്രീശരീരങ്ങളെയും സ്ത്രീജീവിതങ്ങളെയും വാർത്തെടുത്ത ഈ സാമൂഹ്യനവീകരണപ്രസ്ഥാനങ്ങളിൽത്തന്നെ വേണം ഈ പ്രശ്നത്തിന്റെ ചരിത്രം തിരയാൻ. നവോത്ഥാനപാരമ്പര്യങ്ങളിൽ ഊറ്റം കൊള്ളാൻ ക്ഷേത്രപ്രവേശനവും മാറുമറയ്ക്കൽ സമരവുമൊക്കെ നാം ഉയർത്തിപ്പിടിക്കുമ്പോഴും അതിന്റെ പരിമിതികൾ മുമ്പെങ്ങുമില്ലാത്ത വിധം നമ്മെ തുറിച്ചു നോക്കുന്നുമുണ്ട്. ജനാധിപത്യവിരുദ്ധതയുടെ തുടർച്ചകളെ എതിർത്തുതോൽപിക്കാൻ ഒരു പ്രസ്ഥാനത്തിനും വേണ്ടവിധം കഴിഞ്ഞില്ലെന്നത് ഈ സന്ദർഭത്തിൽ വ്യക്തമാവുകയും ചെയ്യുന്നു.

ശബരിമല സമരത്തിന്റെ മുദ്രാവാക്യങ്ങളിൽ നിന്ന് സ്ത്രീയെന്ന പദം പതുക്കെ ഒഴിഞ്ഞു തുടങ്ങി. പകരം ഭരണഘടനാവകാശങ്ങൾ സ്ഥാനം പിടിക്കുകയാണ്. ഹിന്ദുത്വഫാഷിസത്തിന്റെ കാലത്ത് ഭരണഘടനാസംരക്ഷണം സുപ്രധാന അജണ്ടയല്ലെന്നല്ല, മറിച്ച് സ്ത്രീകളുടെ ജനാധിപത്യ അവകാശങ്ങൾക്ക് വേണ്ടി എന്ന് വ്യക്തമാക്കുന്ന അജണ്ടയ്ക്ക് പിന്നിൽ മാത്രം സംഘടിക്കാനുള്ള വിസമ്മതം ഇതിൽ വ്യക്തമാവുന്നുണ്ട്. അതിനാൽ തന്നെയാവും സ്വന്തം മകളുമൊത്ത് വീട്ടിൽ കഴിയുമ്പോഴും ജോലിസ്ഥലത്തെത്തുമ്പോഴും പ്രതീകാത്മകതയ്ക്കപ്പുറമുള്ള ഭീഷണിയും അക്രമവും നേരിട്ടു കൊണ്ടിരിക്കുന്ന ബിന്ദു തങ്കം കല്യാണിക്കുള്ള ഐക്യദാർഢ്യം നവമാധ്യമങ്ങളിൽ പോലും കുറഞ്ഞു പോയത്.

മല കയറാൻ സധൈര്യം മുന്നോട്ടു വന്ന രഹ്ന ഫാത്തിമ ഇന്നും കസ്റ്റഡിയിൽത്തന്നെ. രഹ്നയോട് വ്യക്തിപരമായ എതിർപ്പുള്ളവരുണ്ടാകാം. ഇങ്ങനെയല്ല ശബരിമല പ്രവേശനം നടത്തേണ്ടതെന്ന വിമർശനം ഉണ്ടാകാം. അവരുടെ ഉദ്യമം തന്ത്രപരമായ വീഴ്ചയായും കാണാം. പക്ഷേ ഭരണഘടന സംരക്ഷിക്കണമെന്നൊക്കെയുള്ള മുദ്രാവാക്യങ്ങൾക്ക് പിന്നിൽ ജനാധിപത്യവിശ്വാസികൾ അണിനിരക്കുമ്പോൾ ഇതേ പ്രശ്നത്തിനു വേണ്ടി കസ്റ്റഡിയിൽ കഴിയേണ്ടി വരുന്ന ഒരാളെ സംബന്ധിച്ച് അവലംബിക്കപ്പെടുന്ന മൗനം കുറ്റകരമാണെന്നു മാത്രമല്ല സദാചാരപരവുമാണ്.

സമരമുന്നേറ്റങ്ങളുടെ ഈ കാലത്ത് കേരളം കണ്ടിട്ടുള്ള പല സ്ത്രീസംഘാടനങ്ങളെയും ചർച്ച ചെയ്യുകയാണ് സംഗീത തിരുവൾ അതിഥിപത്രാധിപയായ ഡിസംബർ മാസം സംഘടിത. സംഘടിതയുടെ പ്രസിദ്ധീകരണ ചരിത്രത്തിലെ വിജയകരമായ ഒരു വർഷം കൂടി കടന്നുപോയിരിക്കുന്നു. അതിന്റെ ആഹ്ലാദം പങ്കുവെച്ചുകൊണ്ട് ഒമ്പതാം വർഷത്തിലേക്ക് കടക്കുമ്പോൾ ഈ കൂട്ടായ്മയിൽ കണ്ണിചേർന്നിട്ടുള്ള ഓരോരുത്തർക്കും സ്ത്രീവാദാഭിവാദ്യങ്ങൾ നേർന്നുകൊണ്ട് ഈ ലക്കം സമർപ്പിക്കുന്നു.

## അതിഥിപത്രാധിപക്കുറിപ്പ്



സംഗീത തിരുവൾ

# സ്ത്രീയും സംഘാടനവും

**ലോ**കവ്യാപകമായി വ്യത്യസ്തങ്ങളായ സംഘടനകളിൽ സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും സ്ത്രീയുടെ സംഘാടനപാടവവും സ്ത്രീ സംഘടനകളും ഇന്നും പരക്കെ അംഗീകരിക്കപ്പെട്ടിട്ടില്ല. കാനനവാസിയായിരുന്ന മനുഷ്യർ ഒരിടത്തു സ്ഥിരമായി വസിക്കുകയും കുടുംബം എന്ന സ്ഥാപനം കെട്ടിപ്പടുക്കുകയും ചെയ്തപ്പോൾത്തന്നെ അതിന്റെ തലപ്പത്തവരോധിച്ചത് സ്ത്രീയെ ആയിരുന്നു. കുടുംബത്തിന്റെ സംഘാടനം അഥവാ മേൽനോട്ടം നമുക്കറിയാം അത്ര നിസ്സാരമായ ഒന്നല്ല എന്ന്. എന്നാൽ പിന്നീടങ്ങോട്ട് വീട്ടിടത്തെ മൂർത്തിയായി ദേവതയായി അവരോധിച്ച് അവളുടെ സാമൂഹ്യവത്ക്കരണത്തെ തടഞ്ഞ് പാർശ്വവത്ക്കരിക്കുകയായിരുന്നു ചെയ്തത്. ഏറ്റവും പഴക്കമുള്ള പാശ്ചാത്യ ദ്വന്ദ്വങ്ങളിൽ പ്രധാനപ്പെട്ടവയായ പ്രകൃതി/സംസ്കാരം, സ്ത്രീ/പുരുഷൻ, ഗാർഹികം/പൊതു മുതലായവ ആൺകോയ്മാ സമൂഹത്തിന്റെ നിർമിതികളായിരുന്നു. രാഷ്ട്രീയ സാമ്പത്തിക സാമൂഹ്യമേഖലകൾ പുരുഷന്റെ പ്രവർത്തനമണ്ഡലങ്ങളായി സങ്കല്പിക്കപ്പെട്ടതോടെ സ്ത്രീയുടെ ലോകം ഗാർഹികമായി ചുരുങ്ങി. സാമൂഹികവും സാംസ്ക്കാരികവുമായ രംഗപ്രവേശം പൊതുമണ്ഡലത്തിലൂടെ പുരുഷനു സാമൂഹ്യമാകുമ്പോൾ ഗാർഹികമണ്ഡലം സ്ത്രീയുടെ സ്വകാര്യ ഇടമായി നിസ്സാരവൽക്കരിക്കപ്പെട്ടു.

സാഹിത്യസംഘടനകളിലും സാമൂഹ്യസംഘടനകളിലും പുരുഷന്മാർക്കൊപ്പം എന്നും സ്ത്രീകളും പ്രവർത്തിച്ചിരുന്നു. എന്നാൽ സ്ത്രീകൾക്ക് അവരക്കർഹിക്കുന്ന പ്രാധാന്യം കിട്ടിയിരുന്നില്ല. കവിസമാജം, കൊടുങ്ങല്ലൂർ കളരി, ഇടപ്പിള്ളി, കോഴിക്കോട് തുടങ്ങിയ സംസ്ക്കാരിക പ്രദേശങ്ങളിലെ പ്രാദേശികകളരികൾ എന്നിവിടങ്ങളിൽ പുരുഷന്മാർക്കായിരുന്നു ആധിപത്യം. ഇവയ്ക്കു സമാന്തരമായി കേരളത്തിൽ ഉണ്ടായ സ്ത്രീസംഘങ്ങളേയും സമാജങ്ങളേയും ചരിത്രം അവഗണിക്കുകയാണുണ്ടായത്. കേരളത്തിന്റെ നാനാഭാഗങ്ങളിലായി രൂപീകൃതമായ സ്ത്രീസംഘങ്ങൾ കേരളീയ സാഹിത്യ സാമൂഹ്യമണ്ഡലങ്ങളിൽ അവളവളുടേതായ ഒരിടം നേടാൻ സ്ത്രീകൾ നടത്തിയ പോരാട്ടങ്ങൾ തന്നെയാണ്. അവയെ ആവുംവിധം ക്രോഡീകരിക്കാനും സ്ത്രീയുടെ സംഘാടനമികവിനേയും പുതിയ സ്ത്രീസംഘങ്ങളേയും പരിചയപ്പെടുത്താനുമാണ് ഈ ലക്കം സംഘടിത ശ്രമിക്കുന്നത്. 1968ൽ 'ശ്രീനാരായണ സേവികാസമാജം' എന്ന സ്ത്രീസമാജം രൂപീകരിച്ചുകൊണ്ട് അനാഥരും അശരണരുമായ സ്ത്രീകളുടേയും പെൺകുട്ടികളുടേയും സംരക്ഷണത്തിനായാണ് പാർവ്വതി അയ്യപ്പൻ ശ്രമിച്ചത്. അന്നുമുതൽ ഇന്നുവരെ വ്യത്യസ്തപ്രായക്കാരായ സ്ത്രീകൾക്ക് അത്താണിയായി മാറിയ ശ്രീനാരായണ സേവികാസമാജത്തേയും പാർവ്വതി അയ്യപ്പന്റെ സംഘാടനമികവിനെയും ഡോ. ടി.എച്ച്. ജിത അടയാളപ്പെടുത്തുന്നു. കേരളത്തിൽ ഉടലെടുത്തിട്ടുള്ള ആദ്യകാല സ്ത്രീസമാജങ്ങളുടെ ചരിത്രവും ഇവിടെ രേഖപ്പെടുത്തേണ്ടതുണ്ട്. സംഗീത തിരുവൾ എഴുതിയ ആദ്യകാല സ്ത്രീസംഘങ്ങളും സ്ത്രീസംഘാടനത്തിന്റെ കേരള മാതൃകകളെ മുന്നോട്ടു വയ്ക്കുന്നവയാണ്.

ഇന്ത്യൻ സിനിമാചരിത്രത്തിലും സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രത്തിലും വഴിത്തിരിവായ ഒന്നായിരുന്നു വിമൻ ഇൻ സിനിമ (WCC). അസംഘടിതതൊഴിൽ മേഖലകളിൽ ഒന്നായിരുന്ന സിനിമാമേഖലയിൽ സ്ത്രീകൾക്കായി സ്ത്രീകളാൽ നിർമ്മിക്കപ്പെട്ട ഈ സംഘടനയെ ഇന്ദുലേഖ അനാവരണം ചെയ്യുന്നു. കത്തോലിക്കസഭ പോലെ ശക്തമായ ഒരു സംഘടനയിൽ നിലനിൽക്കുന്ന സ്ത്രീ വിരുദ്ധതക്കെതിരെ ഒരു സംഘം കന്യാസ്ത്രീമാർ നേടിയ വിജയം കേരളസ്ത്രീ സമൂഹത്തിന് നൽകിയത് ഒരു നവസന്ദേശം തന്നെയായിരുന്നു. കന്യാസ്ത്രീ സമരത്തെ ഗീതുദാസ് നമ്മുടെ വായനയിലേക്ക് ഉൾച്ചേർക്കുന്നു. കേരളം കണ്ട മികച്ച സ്ത്രീസംഘാടനത്തിന്റെ, കുടുംബശ്രീയുടെ പ്രവർത്തനങ്ങളെ വിശകലനം ചെയ്യുന്ന ധന്യ.പി.ഡി.യുടെ ലേഖനവും, ട്രാൻസ്ജെൻഡേഴ്സിന്റെ പ്രശ്നങ്ങളേയും അവരുടെ സംഘടനകളേയും മുഖ്യധാരയിലേക്കെത്തിക്കാൻ ശ്രമിക്കുന്ന ബെനിതയുടെ ലേഖനവും സംഘാടനത്തിന്റെ മികച്ച മാതൃകകളെ മുന്നോട്ടു വെയ്ക്കുന്നതാണ്. വൈദ്യശാസ്ത്രരംഗത്ത് സ്ത്രീകൾ നേരിടുന്ന തൊഴിലിടത്തെ ലിംഗാസമത്വങ്ങളെ നമുക്ക് മുന്നിൽ വെളിപ്പെടുത്തുന്ന ഡോ.ധന്യയുടെ ലേഖനം ഈ രംഗത്ത് ഉണ്ടാകേണ്ട സ്ത്രീസംഘടനകളുടെ ആവശ്യകതയെ ഓർമ്മിപ്പിക്കുന്ന ഒന്നാണ്.

നിരന്തരമായ പുതുക്കലുകളിലൂടെ നിരന്തരമായ പോരാട്ടങ്ങളിലൂടെ സ്വയം സംഘടിച്ച്, സംഘടിപ്പിച്ച് സ്ത്രീകൾ നടത്തുന്ന ഒറ്റപ്പെട്ടതും ജനശ്രദ്ധ നേടിയതുമായ എല്ലാ മുന്നേറ്റങ്ങളിൽ നിന്നും കൂടുതൽ കൂടുതൽ ശക്തിയാർജ്ജിച്ച് അവളവളുടേതായ ഒരിടം എല്ലാ രംഗങ്ങളിലും നേടിയെടുക്കാൻ സ്ത്രീകൾക്ക് കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഈ ലക്കം സംഘടിത നിങ്ങൾക്കായി സമർപ്പിക്കുന്നു.


മലയാളം വിഭാഗം അദ്ധ്യാപിക
എസ്.എൻ.എം. കോളേജ്,
മാല്യങ്കര



**ടി.എച്ച്. ജിത**
മലയാളം അദ്ധ്യാപിക
എസ്.എൻ.എം. കോളേജ്
മാല്യങ്കര

# സംഘാടകമികവിന്റെ ഗിരിശൃംഗം - പാർവ്വതി അയ്യപ്പനെന്ന പാർവ്വതിയമ്മ

സംഘാടനമെന്നത് ഒട്ടും എളുപ്പമുള്ള കാര്യമല്ല. പ്രത്യേകിച്ചും വൈയക്തികമായ പ്രയോജനമില്ലാത്ത സേവനപ്രവർത്തനങ്ങൾക്കുവേണ്ടി തന്നെപ്പോലെ മറ്റുള്ളവരേയും സന്നദ്ധമനസ്കരാക്കിയെടുക്കുക എന്നത് ഏറെ പ്രയാസകരമാണ്. സാമൂഹ്യപ്രവർത്തനം അഭിനന്ദനീയം തന്നെ. അതിൽത്തന്നെ, സാമൂഹ്യസേവനം അഭിവന്ദ്യകർമ്മമാണ്. ആധുനിക കേരളത്തെ രൂപപ്പെടുത്തിയ നവോത്ഥാന നായകരിൽ പ്രമുഖനായ സഹോദരൻ അയ്യപ്പന്, സമാനമായ ആദർശാഭിമുഖ്യമുള്ള പാർവ്വതിയെന്ന ജീവിത പങ്കാളിയെയാണ് ലഭിച്ചത്. രണ്ടുപരും നാരായണഗുരുഭക്തർ, പൊതുസേവനതല്പരർ, ഉച്ചനീചത്വവിരോധികൾ, എന്നാൽ സഹോദരനില്ലാത്ത ഒരു ഗുണം പാർവ്വതിയമ്മയ്ക്കുണ്ടായിരുന്നത് സംഘാടനവൈഭവമാണ്. ആളുകളെ ഒരു കാര്യത്തിനുവേണ്ടി സംഘടിപ്പിക്കുക, പ്രവർത്തനം ആസൂത്രണം ചെയ്യുക, ചിട്ടയായി ഒരു യന്ത്രത്തെപ്പോലെ പ്രവർത്തിക്കുക, ഇതൊക്കെ പാർവ്വതി അമ്മയുടെ സ്വഭാവഘടനയിൽ അടങ്ങിയിരുന്ന പ്രത്യേക ഗുണങ്ങളായിരുന്നു. വിവാഹത്തിനു മുമ്പും ശേഷവും അവർ താല്പര്യത്തോടെ നടത്തിയിരുന്ന സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ തന്നെ വികസിതവും ഔന്നത്യമാർന്നതുമായ തലമാണ് ശ്രീനാരായണസേവികാ സമാജത്തിന്റെ രൂപീകരണത്തിലും അതിന്റെ തുടർപ്രവർത്തനങ്ങളിലുമുള്ളത്. ഇന്ന് അറിയപ്പെടുന്ന ഒരു സാമൂഹ്യക്ഷേമ സ്ഥാപനമായി ഉയർന്നു


പാർവ്വതി അയ്യപ്പൻ

നിൽക്കുന്ന ശ്രീനാരായണഗിരിയിലെ ശ്രീനാരായണ സേവികാസമാജത്തിന്, പാർവ്വതി അയ്യപ്പനെന്ന




**ശ്രീനാരായണസേവികാസമാജം**

നിഷ്കാമ കർമ്മമൂർത്തിയുടെയും അവരുടെ സംഘാടനമികവുകൊണ്ട് മുന്നിട്ടിറങ്ങിയ അണിക ളുടെയും ത്യാഗോജ്ജ്വലമായ പ്രവർത്തനചരിത്രം പറയുവാനുണ്ട്. ഒപ്പം, ലോകം കണ്ട എക്കാല ത്തേയും മഹാനായ ഒരു ഗുരുവിന്റെ ക്രാന്തദർശ നീയം സത്യവൽക്കരിക്കപ്പെട്ടതിന്റെ അത്ഭുതവും പങ്കുവെയ്ക്കാനുണ്ട്.

**നാരായണഗുരുവും ശ്രീനാരായണഗിരിയും**

ഇതു കഥയല്ല:

കൊലക്കേസിൽ പ്രതിയായി ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിഞ്ഞിരുന്ന ഒരാൾ രാജാവിന്റെ ജന്മദിനം പ്രമാണിച്ച് ശിക്ഷ യിൽ ഇളവുകിട്ടി ജയിലിൽ നിന്ന് വിട്ടയക്കപ്പെ ടുന്നു. മടങ്ങി നാട്ടിലെത്തിയപ്പോൾ തനിക്ക് സമൂഹത്തിൽ സ്ഥാനമില്ലെന്നറിഞ്ഞു. എന്നാൽ യാദൃശ്ചികമായി നാരായണഗുരുവിന്റെ സന്നിധി യിലെത്തിച്ചേരുന്ന അയാൾ, താനന്വേഷിച്ച ശാന്തി അനുഭവിക്കുന്നു. അതോടെ അയാളുടെ സ്വഭാവ ത്തിലും പ്രകൃതിയിലും മാറ്റം വരികയും ആൾ സാത്വികാത്മകമായിത്തീരുകയും ചെയ്തു. ആ മാറ്റത്തെ മനസ്സിലാക്കിയ ഗുരു, അയാൾക്ക് “വാല്മീകി”യെന്ന് നാമകരണം ചെയ്തു. ശിഷ്യൻ ഗുരുവിന് ദാനമായി മുപ്പതേക്കറോളം വരുന്ന ഭൂമി - ഒരു കുന്നിൻപുറം - സമർപ്പിക്കുന്നു. “വാല്മീകി”യെന്ന ശിഷ്യന്റെ വകയായ ആ കുന്നിന് വാല്മീകിക്കുന്ന് എന്നു പേരുറച്ചു. ഏകാന്തത ഇഷ്ടപ്പെടുന്ന ഗുരു പലപ്പോഴും ആ കുന്നിൻമുകളിലെ ഒരു കല്ല് പീഠമാക്കിക്കൊണ്ട് ഏറെ നേരം ധ്യാനത്തിലിരിക്കുക പതിവായി. ഗുരുവിനെ സന്ദർശിക്കാനായി പലപ്പോഴും സഹോദരനയ്യപ്പൻ ആ കുന്നിൻ മുകളിലെത്തി യിട്ടുണ്ട്. തമ്മിൽ പലതും പറയുന്ന കൂട്ടത്തിൽ ഒരിക്കൽ സ്വാമികൾ പറഞ്ഞുവത്രെ:

“ഒരു കാലത്ത് വലിയ വലിയ സ്ഥാപനങ്ങൾ ഇവിടെ ഉയർന്നുവരും. അന്ന് ലോകത്തിന്റെ ശ്രദ്ധ ഇവിടെ പതിയും. അയ്യപ്പൻ ഇത് മറ ക്കരുത്”

ഗുരുവിന്റെ വാക്കു കളെ ആ ഗൃഹസ്ഥ ശിഷ്യൻ മറന്നില്ല. തന്റെ ജീവിതപങ്കാളിയായ പാർവ്വ തിയമ്മയ്ക്ക് പിൽക്കാലത്ത് “ശ്രീനാരായണ സേവികാ സമാജം’ എന്ന സംഘടന രൂപീകരിക്കാനുള്ള പ്രേരണ നൽകിയതോടൊപ്പം സമാജ ത്തിന്റെ ആസ്ഥാനമായി വാല്മീകിക്കുന്നിനെ അയ്യ പ്പൻ തെരഞ്ഞെടുത്തു. ഈ തീരുമാനം നടപ്പിലായതോടെ വാത്മീകിക്കുന്നിന്റെ പേര് “ശ്രീനാരായണഗിരി” എന്നായി മാറി. ഇതാണ് നാം ഇന്നു കാണുന്ന ആലുവാ തോട്ടുംമുഖത്ത് സ്ഥിതി ചെയ്യുന്ന ശ്രീനാരായണഗിരിയുടെ ചരിത്രം.

വെറുമൊരു കുന്നിനെ വാത്മീകിക്കുന്നാക്കി യതിനു കാരണഭൂതനായ ഗുരുവിന്റെ പ്രഭാവം കൊണ്ടുതന്നെ വാത്മീകിക്കുന്ന് ശ്രീനാരായണഗിരി യായെങ്കിൽ, ഗിരിയെ ശ്രദ്ധേയമായ പ്രവർത്തനങ്ങ ളാൽ പ്രസിദ്ധീയിലേക്കെത്തിച്ച പാർവ്വതി അമ്മയെ യും നാം അടുത്തറിയേണ്ടിയിരിക്കുന്നു.

**പാർവ്വതി അയ്യപ്പൻ എന്ന പാർവ്വതിയമ്മ**

ഏതൊരു പുരുഷന്റെ വിജയത്തിനു പിന്നിലും ഒരു സ്ത്രീ ഉണ്ടെന്ന് പറയപ്പെടാറുണ്ട്. പക്ഷെ ഈ ‘സ്ത്രീ’ പുരുഷന്റെ നിഴലായി പിന്നിൽ ഒതുങ്ങി നിൽക്കുന്നതാണ് പതിവു കാഴ്ച. പ്രസി ദ്ധനും പ്രഗത്ഭനുമായ ഒരു പുരുഷന്റെ ഭാര്യയായി രിക്കെത്തന്നെ, ആ പ്രതിഭയുടെ മികവിനൊത്ത് സ്വയം ഉയരാനും അതേ സമൂഹത്തിൽ തന്റേതായ വ്യക്തിമുദ്രകൂടി പതിപ്പിക്കാനും സാധിക്കുന്നവർ വിരളമാണ്. പാർവ്വതി അയ്യപ്പൻ അത്തരത്തിലുള്ള ഒരു മഹിളയാണ്. തന്റെ ഉള്ളിലെ ശക്തിയെ തിരിച്ച റിഞ്ഞ് ആ ശക്തിയെ പ്രവൃത്തിപഥത്തിലെത്തി ച്ചവർ.

തൃശ്ശൂരിൽ, മുൻസിഫായി ജോലി ചെയ്തി രുന്ന അയ്യാക്കുട്ടിയുടേയും അമ്മുക്കുട്ടിയുടെയും മൂത്ത മകളായി 1902-ലാണ് പാർവ്വതി എന്ന പാർവ്വ തിയമ്മ ജനിക്കുന്നത്. ബിരുദധാരിയായിരുന്ന പിതാ വിന്റെ പുരോഗമനാശയങ്ങൾ മകളെയും ഏറെ സ്വാധീനിച്ചു. പൊതുപ്രവർത്തകനായിരുന്ന അദ്ദേ ഹത്തിന് ബുദ്ധമതാദർശത്തിലെ സമത്വചിന്തയും കാരുണ്യവും വഴികാട്ടിയായി. ജാതിവ്യവസ്ഥ ഉച്ചാ ടനം ചെയ്യാനുള്ള ചർച്ചകളിലും അനേകരെ വിദ്യാ



**ഐഷ ഗോപാലകൃഷ്ണൻ**

ഭ്യാസത്തിനു സഹായിക്കുന്നതിനും മുഴുകിയ പിതാവ് മകൾക്ക് മാതൃകയായി.

സ്കൂളിൽ പഠിക്കുമ്പോൾത്തന്നെ സ്കൗട്ട് പ്രസ്ഥാനപ്രവർത്തനങ്ങളിലും നിരക്ഷരരായ കുട്ടികളെ അക്ഷരം പഠിപ്പിക്കുന്നതിലും പാവപ്പെട്ട കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിലും പാർവ്വതി സന്തോഷം കണ്ടെത്തിയിരുന്നു. മദിരാശിയിൽ ഉപരിവിദ്യാഭ്യാസം നടത്തുമ്പോൾ അദ്ധ്യാപകരായ മദാമ്മമാരോടൊപ്പം ചേരി പ്രദേശങ്ങളിലും ആസ്പത്രികളിലും മറ്റും ചെറിയ സേവനങ്ങൾ നടത്തിപ്പോന്നു.

അയ്യാക്കുട്ടിക്ക് ബുദ്ധമതതത്വങ്ങളോടുണ്ടായ ആഭിമുഖ്യം പാർവ്വതിയ്ക്കും ഉണ്ടായതിന്റെ ഫലമായാണ് സിലോണിലെ ബുദ്ധമതസ്ഥാപനമായ 'ആനന്ദബാലികാവിദ്യാലയ'ത്തിൽ പഠിപ്പിക്കാൻ അവസരം കിട്ടിയപ്പോൾ അവർ അത് പൂർണ്ണ മനസ്സോടെ സ്വീകരിച്ചത്. അവിടെ പഠിപ്പിക്കുമ്പോഴും ദരിദ്രഭവനങ്ങൾ സന്ദർശിച്ച് സഹായം നൽകുന്ന സംഘത്തിലെ അംഗമായിരുന്നു പാർവ്വതി. ആ അദ്ധ്യാപികയുടെ ഉപദേശ-നിർദേശങ്ങളുടെ ഫലമായി അവരുടെ ക്ലാസ്സിലെ കുട്ടികൾ പോലും അരിയും ധാന്യങ്ങളും വസ്ത്രങ്ങളും പങ്കിട്ട് സേവന പ്രവർത്തനങ്ങളിൽ പങ്കാളിയായി. സിലോണിൽ ജോലി ചെയ്യുമ്പോൾ, സാമ്പത്തിക ഞെരുക്കം മൂലം പഠിക്കാനാവാതിരുന്ന ഒരു വിദ്യാർത്ഥിനിയെ ജോലിയിൽ പ്രവേശിക്കുംവരെ സ്വന്തം ശമ്പളത്തിൽനിന്നും പണം നൽകി സഹായിച്ച സൗമനസ്യത്തിനുടമയാണ് പാർവ്വതി. പിൽക്കാലത്ത് എറണാകുളം ഗേൾസ് ഹൈസ്ക്കൂളിലെ അധ്യാപികയും, പ്രധാന അധ്യാപികയുമായപ്പോഴും, സഹോദരനയ്യപ്പന്റെ സഹധർമ്മിണിയായപ്പോഴും, സമൂഹനന്മയ്ക്കായി തനിക്കു ചുറ്റുമുള്ളവരെ സംഘടിപ്പിച്ച് നല്ല പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നതിൽ പാർവ്വതിയമ്മ പിന്നോട്ടു പോയില്ല. രണ്ടാം ലോകമഹായുദ്ധകാലത്ത് മിലിറ്ററി നേഴ്സിംഗ് വിഭാഗത്തിൽ ജൂനിയർ കമാന്ററായി രണ്ടുവർഷം സേവനമനുഷ്ഠിച്ചത് അവരുടെ അനുഭവ സമ്പത്തിനെയും കാരുണ്യമനോഭാവത്തെയും വളർത്താനുതകി.

സാധാരണ ഹോസ്റ്റലുകളിൽ പ്രവേശനം ലഭിക്കാത്ത അയിത്തജാതിക്കാരായ പെൺകുട്ടികൾക്ക് സുരക്ഷിതമായി താമസിക്കാനുതകുന്ന എസ്.എൻ.വി. സദനം, അശരണനും നിരാലംബരുമായ അനാഥ സ്ത്രീകൾക്ക് അഭയം നൽകുന്ന 'അബലാശരണം' എന്നിവയുടെ സ്ഥാപകയായ സിസ്റ്റർ തപസ്വിനി, ഇതെല്ലാം ഞാൻ ഒറ്റയ്ക്കല്ല ചെയ്തതെന്നും, തന്റെ പ്രവർത്തനങ്ങളിൽ പാർവ്വതിയമ്മയുടെ സഹകരണമുണ്ടായിരുന്നു എന്നും എടുത്തു പറഞ്ഞിട്ടുണ്ട്. പതിനാല് വർഷം അദ്ധ്യാപകവൃത്തിയോടൊപ്പം സദനത്തിന്റെ സൂപ്രണ്ടായി പാർവ്വതിയമ്മ പ്രവർത്തിച്ചു. സാമ്പത്തികക്ലേശം മൂലം പതിമൂന്ന് തവണ പുതിയ വാടകക്കെട്ടിടങ്ങളിലേക്ക് സദനം മാറ്റേണ്ടിവന്നു. പലയിടങ്ങളിൽ കയറിയിറങ്ങി സംഭാവനകളും ദാനങ്ങളും സ്വീകരിച്ചും സ്വരൂപിച്ചുമാണ് പാർവ്വതിയമ്മയടക്കമുള്ള പ്രവർത്തകർ ഈ പ്രശ്നത്തിന് പരിഹാരം കണ്ടത്. 1956ൽ സദനത്തിന് സ്വന്തമായ സ്ഥലം കണ്ടെത്തി, വനിതകൾക്കും കുഞ്ഞുങ്ങൾക്കുമായി ഗ്രന്ഥശാലയടക്കമുള്ള കെട്ടിടം നിർമ്മിച്ച് അതിനെ സാമൂഹികക്ഷേമ പ്രവർത്തനങ്ങളുടെ കേന്ദ്രമാക്കി മാറ്റിയപ്പോൾ അതിന്റെ നേതൃത്വവും പാർവ്വതിയമ്മയ്ക്കായിരുന്നു. സ്കൂൾ ജോലിയിൽ നിന്ന് റിട്ടയർ ചെയ്യുന്ന അതേ വർഷം തന്നെ ബാലസമാജം, മഹിളാസമാജം, പാൽ വിതരണകേന്ദ്രം, പ്രിനേറ്റൽ ക്ലിനിക്ക്, തുടങ്ങിയ അനേകം കാര്യങ്ങൾ ആ മഹതി സംവിധാനം ചെയ്തു. കുടുംബിനികൾക്ക് വിവിധ വിഷയങ്ങളിൽ ക്ലാസുകളടക്കം നൽകുന്ന രീതിയിൽ പ്രവർത്തനം വികസിച്ചപ്പോഴാണ് കൂടുതൽ വിശാലമായ മേഖലയിലേക്ക് തന്റെ സേവനം വ്യാപിക്കണമെന്ന് പാർവ്വതിയമ്മയ്ക്കാഗ്രഹമുണ്ടായത്.

"വലുതിന്നിര ചെറുതെന്നതു മൃഗജീവിത നിയമം

ചെറുതിൻ തുണ വലുതെന്നതു തന്നെ നര ധർമ്മം

ദൃഢമേവരുമിവിടെസ്സുഖമമരേണ്ടവരല്ലോ

സമഭാവന കൈക്കൊള്ളുക സമഭാവന ശരണം" എന്ന സഹോദരൻ അയ്യപ്പന്റെ കാഴ്ച പ്പാടു തന്നെയാണ് പാർവ്വതിയമ്മയെയും നയിച്ചത്.



ധാരാളമാളുകൾ വന്നും പോയുമിരിക്കുന്ന, ഏതാണ്ട് സത്രം പോലെയുള്ള വീട്ടിൽ, ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നെ ങ്കിലും ഉള്ളത് മറ്റുള്ളവർക്ക് സന്തോഷത്തോടെ പങ്കുവെ യ്ക്കാൻ അമ്മയ്ക്ക് സാധിച്ചി രുന്നെന്ന് മകളായ ഐഷ ഓർമ്മിക്കുന്നുണ്ട്. ശ്രീനാരാ യണ സേവികാസമാജത്തിന്റെ പ്രവർത്തനങ്ങൾക്കുള്ള പണം എങ്ങനെ സ്വരൂപിക്കാമെന്ന ആശങ്കയ്ക്ക് സഹോദരൻ നൽകിയ "തെണ്ടണം" എന്ന മറുപടി പാർവ്വതിയമ്മയ്ക്ക് ബുദ്ധിമുട്ടായി തോന്നിയില്ല എന്നതിനു കാരണം നിശ്ചയ മായും അവരുടെ ഉന്നതമായ ത്യാഗസന്നദ്ധത തന്നെ. വീട്ടുകാര്യങ്ങൾപോലും മറന്ന് പ്രായവും ആരോഗ്യവും മറന്ന് അവർ അവിരാമം സേവികാസ മാജത്തിനായി പ്രവർത്തിച്ചു.



**ശ്രീനാരായണ സേവികാ സമാജം അന്തേവാസികൾ**

1965ലാണ് സേവികാസമാജം ഒരു ചാരിറ്റ ബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തതെ ങ്കിലും അതിനുവേണ്ട നിയമാവലി നിർമ്മാണം, പ്രവർത്തനരൂപരേഖ ചമയ്ക്കൽ, പരമാവധി പ്രവർത്തകരെ സംഘടിപ്പിക്കൽ എന്നിവയൊക്കെ സെക്രട്ടറി സ്ഥാനം വഹിച്ചിരുന്ന പാർവ്വതിയമ്മ മുൻപുതന്നെ ചെയ്തിരുന്നു. ചെറിയ കുടിൽകെട്ടി, പാർവ്വതിയമ്മയോടൊപ്പം ആദ്യകാല പ്രവർത്തക രായ ഭാരതിയും തങ്കവും താമസിച്ചു. സാമ്പത്തിക മായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽ ക്കുന്ന തദ്ദേശവാസികൾക്കായി 1965-ൽ ഒരു പള്ളി ക്കൂടം സ്ഥാപിച്ചു. 1965-ൽ ഉണ്ടാക്കിയ ഗിരിയിലെ ആദ്യകെട്ടിടത്തിന് കേവലം രണ്ടു മുറികളേ ഉണ്ടായിരുന്നു ള്ളൂ. ശുചിത്വത്തിന്റെ ബാലപാഠ ങ്ങൾ മുതൽ ആ അധ്യാപകർ ഏറ്റെടുത്തു ചെയ്തു കൊടു ത്തു. അനാഥരും അശരണരു മായ സ്ത്രീകളുടെയും കുട്ടിക ളുടെയും സംരക്ഷണച്ചെലവി നായി ആലുവയിലും മറ്റും ആൾക്കൂട്ടമുള്ളയിടങ്ങളിൽ ഭിക്ഷ യാചിക്കാനും പാർവ്വതി യമ്മ മടിച്ചില്ല. പരിചയമുള്ള വീടുകളിൽ നിന്നും വ്യക്തിക ളിൽ നിന്നും വസ്തുക്കളായോ പണമായോ പ്രവർത്തനങ്ങ ളായോ സംഭാവനകൾ സ്വീകരി ച്ചു. ഇതാണ് സേവികാസമാജ ത്തിന്റെ സാമ്പത്തികാടിത്തറ. ഇന്നും സുമനസ്സുക ളുടെ സംഭാവനകൾ കൊണ്ടുമാത്രം മുന്നോട്ടു പോകുന്ന ഗിരിയിൽ, പതിനെട്ടു വയസ്സിനു താഴെ യുള്ള പെൺകുട്ടികൾ താമസിക്കുന്ന ആനന്ദഭവൻ, പതിനെട്ട് വയസ്സിനു മുകളിലുള്ളവർ താമസിക്കുന്ന ശാന്തിമന്ദിരം, അൻപതു വയസ്സിൽ കൂടുതൽ പ്രായ മുള്ളവരും അംഗവൈകല്യമുള്ളവരും താമിക്കുന്ന വിശ്രമ സദനം എന്നിങ്ങനെ മൂന്നു കെട്ടിടങ്ങളി

ലായി നിറയെ അന്തേവാസികളുണ്ട്. അവർക്കായി തൊഴിൽ പരിശീലനം കൂടി നൽകുന്ന പ്രിന്റിംഗ് പ്രസ്സ്, ബേക്കറി, കറി പൗഡർ നിർമ്മാണ യൂണിറ്റ്, തുന്നൽകേന്ദ്രം, ഡയറിഫാം എന്നിവയും ഗിരിയിൽ വിജയകരമായി പ്രവർത്തിക്കുന്നു. നെൽകൃഷി, പച്ചക്കറി കൃഷി എന്നിവ ചെയ്ത് പരമാവധി സ്വയം സഹായിക്കുന്നു. വിദ്യാർത്ഥികൾക്ക് പഠിക്കാൻ സൗകര്യങ്ങൾ നൽകുന്നുണ്ട്. ഒരുപാട് അന്തേവാസികൾ പഠിച്ച് തൊഴിൽ നേടി. പല പെൺകുട്ടികളുടെയും വിവാഹവും നടത്തിക്കൊടുക്കുന്നു. അവർക്കെല്ലാം സേവികാസമാജം സ്ഥിതി

**ആരുടെ മുമ്പിലും കൈനീട്ടാൻ മടിയില്ലായ്മ, ഉള്ളതു പങ്കുവെയ്ക്കാനുള്ള മനസ്സ്, ഇല്ലായ്മകളുടെയും കഷ്ടതകളുടെയും ഇടയിലും സന്തോഷപൂർവ്വം ജീവിക്കാനുള്ള ത്യാഗസന്നദ്ധത, പ്രശ്നങ്ങളെ തരണം ചെയ്ത് ജീവിക്കാനുള്ള മനോബലം, തന്റെ പ്രവർത്തനങ്ങളിൽ മറ്റുള്ളവരെ അണിചേർക്കാനുള്ള സംഘാടനപാടവം. ഇതിൽ അവസാനം പറഞ്ഞ സംഘാടന പാടവമില്ലെങ്കിൽ ഇതുപോലെ വലിയൊരു പ്രസ്ഥാനം ആശയങ്ങളിൽ മാത്രം ഒതുങ്ങിപ്പോകുമായിരുന്നു.**

ചെയ്യുന്ന ശ്രീനാരായണഗിരി സ്വന്തം തറവാടാണ്. സ്വദേശത്തുനിന്നും വിദേശത്തുനിന്നും വ്യക്തികളും സംഘടനകളും ഈ സ്ഥാപനത്തെക്കുറിച്ചറിഞ്ഞ് പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. അവിടെ പണ്ട് ഗുരു ഇരുന്നിരുന്ന കല്ല് പരിപാവനമായി സംരക്ഷിച്ച് ചുറ്റും പ്രാർത്ഥനാനിരതരായിരിക്കാനുള്ള സൗകര്യങ്ങൾ പണിതിരിക്കുന്നു. അധികം അകലെയല്ലാതെ സഹോദരനയ്യപ്പന്റെയും പാർവ്വതി അയ്യപ്പന്റെയും അന്ത്യവിശ്രമ സ്ഥാനം കാണാം.

ഇന്ന് കുട്ടികളുടെയും വൃദ്ധരുടെയും സംരക്ഷണത്തിനായി ഗവർമെന്റ് ഗ്രാന്റ് നൽകുന്നുണ്ടെങ്കിലും പതിനെട്ടിനും അൻപതിനും ഇടയിലുള്ള അശരണരായ സ്ത്രീകളുടേതടക്കമുള്ള മുഴുവൻ ചെലവുകൾക്കും അതു തികയുന്നില്ല എന്നതാണ് വസ്തുത. എന്നാൽ നമ്മുടെ സമൂഹത്തിലെ സുമനസ്സുകൾ ഭക്ഷണമായും പണമായും നൽകുന്ന സംഭാവനകൾ ആ കുറവു നികത്തുന്നുണ്ട്. സമൂഹത്തിന്റെ ഈ രണ്ട് അവസ്ഥകൾ - ഇല്ലാത്തവന്റെ ആവശ്യകതകളും ഉള്ളവന്റെ സന്മനസ്സും ചേർത്തുവെയ്ക്കാനായതാണ് പാർവ്വതിയമ്മയുടെ വിജയം. ദാനധർമ്മങ്ങൾ നൽകാൻ മടി കാട്ടാതിരിക്കുന്ന ഇന്നത്തെ ഈ അവസ്ഥയ്ക്ക് അതിനു പ്രേരകമായ, തുടക്കം കുറിയ്ക്കപ്പെട്ട മുൻകാല ചരിത്രമുണ്ട്.

പൊതുപരിപാടികളിൽ പങ്കെടുക്കണമെങ്കിൽ, പകരമായി സമാജത്തിന് സഹായം നൽകണമെന്ന പാർവ്വതിയമ്മയുടെ നിബന്ധനകൾ, ആരുടെ മുമ്പിലും കൈനീട്ടാൻ മടിയില്ലായ്മ, ഉള്ളതു പങ്കുവെയ്ക്കാനുള്ള മനസ്സ്, ഇല്ലായ്മകളുടെയും കഷ്ടതകളുടെയും ഇടയിലും സന്തോഷപൂർവ്വം ജീവിക്കാനുള്ള ത്യാഗസന്നദ്ധത, പ്രശ്നങ്ങളെ തരണം ചെയ്ത് ജീവിക്കാനുള്ള മനോബലം, തന്റെ പ്രവർത്തനങ്ങളിൽ മറ്റുള്ളവരെ അണിചേർക്കാനുള്ള സംഘാടനപാടവം. ഇതിൽ അവസാനം പറഞ്ഞ സംഘാടനപാടവമില്ലെങ്കിൽ ഇതുപോലെ വലിയൊരു പ്രസ്ഥാനം ആശയങ്ങളിൽ മാത്രം ഒതുങ്ങിപ്പോകുമായിരുന്നു. അതിനെ പ്രവൃത്തി തലത്തിലെത്തിക്കാൻ കാണിച്ച മിടുക്കാണ് പാർവ്വതി അയ്യപ്പനെ മറ്റൊരു നാമത്തിന്റെ പിൻബലമില്ലാതെ തന്നെ - പാർവ്വതിയമ്മയെന്ന പേരിൽത്തന്നെ - പ്രശസ്തയാക്കുന്നത്.

ഗുരുവിന്റെ വാക്കുകൾ സത്യമായി. ശ്രീനാരായണഗിരി ഇന്ന് ലോകമറിയുന്ന ഇടമാണ്. പാർവ്വതിയമ്മയുടെ മകൾ ഐഷാ ഗോപാലകൃഷ്ണൻ പ്രസിഡന്റായും, അഡ്വ. സീമന്തിനി സെക്രട്ടറിയായും ജസ്റ്റീസ് ഉഷ, റിട്ടയേർഡ് പ്രൊഫസർ ഷെർളി പ്രസാദ് എന്നിവർ വൈസ് പ്രസിഡന്റുമാരായുമുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ഇന്ന് ശ്രീനാരായണ സേവികാ സമാജത്തിന്റെ പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ടുപോകുന്നത്. പ്രൊഫ. എം.കെ.സാനു, ജസ്റ്റീസ് സുകുമാരൻ, ഡോ. അനിൽകുമാർ തുടങ്ങിയ പ്രശസ്തരുടെ നിരന്തരമായ പ്രോത്സാഹന സഹായങ്ങളും പിന്തുണയായുണ്ട്. ആദ്യകാലത്ത് പാർവ്വതിയമ്മയോടൊപ്പം നിന്ന സഹോദരനയ്യപ്പനടക്കം സി.ആർ. കേശവൻ വൈദ്യർ, എം.കെ.രാഘവൻ, ഡോ.സി.ഒ. കരുണാകരൻ, സി.കെ. കൊച്ചിട്ട്യാതി, കെ.ജി.കെ. പണിക്കർ, കുറ്റിപ്പുഴ കൃഷ്ണപിള്ള, പി.എസ്. വേലായുധൻ, ജി. ശിവദാസ്, ജസ്റ്റീസ് കെ.കെ.നരേന്ദ്രൻ, എം.കെ.കുമാരൻ, കെ. സുകുമാരൻ തുടങ്ങിയവരെയും വിസ്മരിക്കാനാവില്ല.

■



സംഗീത തിരുവൾ

# കേരളത്തിലെ ആദ്യകാല സ്ത്രീസംഘങ്ങൾ

സ്ഥാപനവത്കൃത വിജ്ഞാനങ്ങളിൽ നിന്നും സാമൂഹികസ്ഥാപനങ്ങളിൽ നിന്നും ഒഴിവാക്കപ്പെട്ട് കുടുംബബന്ധങ്ങളുടെ സ്വകാര്യമണ്ഡലത്തിൽ വിഹരിക്കുവാൻ നിർബന്ധിതയാകുന്ന സ്ത്രീ അതിൽ നിന്നും കുതറിമാറി സാമൂഹ്യമണ്ഡലത്തിലേക്ക് ചേക്കേറാൻ നടത്തിയ ശ്രമങ്ങളെ ചരിത്രം എന്നും അവഗണിക്കുകയാണുണ്ടായത്. അധികാര കേന്ദ്രങ്ങളിൽ നിന്നും സ്ത്രീകൾ പാർശ്വവത്ക്കരിക്കപ്പെട്ടത് അക്ഷന്തവ്യവും ന്യായത്തിനു നിരക്കാത്തതുമായി തിരിച്ചറിയപ്പെടുന്ന ആധുനികാനന്തര സന്ദർഭത്തിലാണ് സ്ത്രീപക്ഷ രാഷ്ട്രീയം അതിന്റെ അനന്തമായ സാധ്യതകളെ തുറന്നിടുന്നത്.



മഹിളാ മന്ദിരം ഗ്രൂപ്പ്

സ്ത്രീകളുടെ വിദ്യാഭ്യാസവും, സ്വാതന്ത്ര്യവും, സാമൂഹ്യ പുരോഗതിയും ലക്ഷ്യമാക്കി സമൂഹത്തിലെ ഉല്പതിഷ്ണുക്കളുടെ നേതൃത്വത്തിൽ ലോകവ്യാപകമായി സ്ത്രീസംഘടനകൾ രൂപമെടുത്തിട്ടുണ്ട്. ഓരോ രാജ്യത്തിലെയും സ്ത്രീകളുടെ സാമൂഹ്യരാഷ്ട്രീയ സാഹചര്യങ്ങൾക്കനുസൃതമായിട്ടാണ് ഇത്തരം സംഘടനകൾ രൂപം കൊണ്ടത്. സാമൂഹ്യപരിഷ്കർത്താവായിരുന്ന ആത്മാറാംപാണ്ഡുരംഗ 1863 ൽ സമാരംഭിച്ച പ്രാർത്ഥനസമാജത്തിന്റെ ശനിയാഴ്ച യോഗങ്ങളിൽ പങ്കെടുത്തിരുന്ന നൂറിൽ താഴെയുള്ള സ്ത്രീകളിൽ നിന്നാണ് 1880 ൽ 'സ്ത്രീയാംസഭ' എന്ന സ്ത്രീസമാജം മഹാരാഷ്ട്രയിൽ രൂപം കൊണ്ടത്. ഇക്കാലയളവിൽത്തന്നെ പൂനാ, നാസിക്ക്, ഗോരവ്പൂർ, മുംബൈ എന്നീ പട്ടണങ്ങളിലും സ്ത്രീസമാജങ്ങളും സ്ത്രീസംഘടനകളും വൻ തോതിൽ രൂപം കൊണ്ടിരുന്നു. പാശ്ചാത്യവിദ്യാഭ്യാസം സിദ്ധിച്ച മധ്യവർഗ്ഗ സ്ത്രീകളാണ് ഇത്തരം സ്ത്രീസമാജങ്ങളുടെ സംഘാടകരായി വർത്തിച്ചിരുന്നത്. ഭാരതീയപാശ്ചാത്യ കൃതികളെ താരതമ്യം ചെയ്യാനും പരസ്പരസംവാദത്തിലൂടെ സ്ത്രീ വിജ്ഞാനത്തെ വർദ്ധിപ്പിക്കാനും സ്ത്രീകളുടെ സർവ്വതോന്മുഖമായ പുരോഗതിയെ ലക്ഷ്യംവച്ച് പ്രവർത്തിക്കാനും ഇത്തരം സ്ത്രീസംഘങ്ങൾ ധാരാളമായി ഉയർന്നുവന്നതും ഇക്കാലത്തുതന്നെയാണ്. കേരളത്തിൽ മലബാറിലാണ് ആദ്യത്തെ സ്ത്രീസമാജം രൂപികരിക്കപ്പെട്ടത്.

1880 ൽ കാരായി ദമയന്തിയുടെ നേതൃത്വത്തിൽ തലശ്ശേരിയിൽ രൂപം കൊണ്ട സ്ത്രീസമാജമാണ് കേരളത്തിലെ ആദ്യത്തെ വനിതാസമാജം. സാമൂഹ്യപ്രവർത്തനങ്ങൾക്കായി രൂപീകരിച്ച ഈ സമാജം സ്ത്രീകൾക്കു വേണ്ടി ഒരു സഞ്ചരിക്കുന്ന ഗ്രന്ഥശാലയും ആരംഭിക്കുകയുണ്ടായി. 1902 സെപ്റ്റംബർ 4 ന് കോഴിക്കോട് സ്ഥാപിക്കപ്പെട്ട

**"സഹോദരികളായ നാം വ്യത്യാസങ്ങളെ നിരാകരിച്ച് നമ്മുടെ മനസ്സിന് യോജിക്കുന്ന സ്ത്രീകൾ ഏതു ജാതി ആയാലും ഏതു മതസ്ഥയായാലും അവരൊരുമിച്ച് ഭക്ഷിക്കുകയും അവരെ ഉൾക്കൊണ്ടു വിശ്വസിക്കുകയും ചെയ്യേണ്ടതാണ്. പോരെങ്കിൽ നമ്മുടെ സന്താനങ്ങളെ അങ്ങനെ വിശാല മനസ്സുകളാക്കി വളർത്തുകയും ചെയ്യണം. നമ്മുടെ ഗുണദോഷമോ പ്രേരണയോ ഫലിക്കുന്ന ദിക്കിലൊക്കെയും ഈ ഐക്യത സാദ്ധ്യമാക്കാൻ നാം നിഷ്കർഷമായി പ്രവർത്തിക്കുകയും വേണം"**

കോഴിക്കോട് സ്ത്രീജനസമാജം ഇന്ത്യയിലേയും യുറോപ്പിലെയും സ്ത്രീകളുടെ സമ്മേളനവും മാനസിക പരിഷ്ക്കരണവും ലക്ഷ്യം വച്ച് രൂപികരിക്കപ്പെട്ട ഒന്നായിരുന്നു. മിസ്സിസ് മാക്രേ തുടങ്ങിയ വിദേശവനിതകളായിരുന്നു ഈ സമാജത്തിന്റെ മുന്നണിപ്രവർത്തകർ. കോഴിക്കോട് ബ്രാഹ്മണബാലികാപാഠശാലയായിരുന്നു പ്രസ്തുത സ്ത്രീസംഘത്തിന്റെ പ്രഥമ സമ്മേളനവേദി. ജാതി മത വ്യത്യാസമില്ലാതെ കോഴിക്കോട്ടെ മിക്ക സ്ത്രീകളേയും ഈ സമ്മേളനത്തിലേക്ക് ക്ഷണിച്ചിരുന്നു. ഇത്തരത്തിൽ വിദേശിയരും തദ്ദേശീയരുമായ സ്ത്രീകളുടെ കൂട്ടായ്മ എന്ന നിലയിൽ ഈ സംഘം നിലകൊണ്ടു. കോഴിക്കോട് സ്ത്രീജനസമാജത്തിന്റെ മാതൃകയിൽ 1904ൽ പാലക്കാട് കേന്ദ്രമായും 1908 ൽ തിരുവനന്തപുരം കേന്ദ്രമായും യഥാക്രമം പാലക്കാട് സ്ത്രീജനസമാജവും തിരുവനന്തപുരം സ്ത്രീജനസമാജവും രൂപീകൃതമായി. ഇതോടൊപ്പം തന്നെ നിരവധി സ്ത്രീസംഘങ്ങളും ഇക്കാലയളവിൽ കേരളത്തിൽ ഉടലെടുക്കുകയുണ്ടായി. തിരുവനന്തപുരം ഹിന്ദുവനിതാ സംഘത്തിന്റെ അഭിമുഖ്യത്തിൽ ഒരു പരസ്പര സഹായസംഘം രജിസ്റ്റർ ചെയ്തിരുന്നതായി 1103 ലെ 'മഹിളാമന്ദിരത്തിൽ' കാണുന്നുണ്ട്. ഖദർപ്രചരണവേലയായിരുന്നു ഈ വനിതാ സംഘത്തിന്റെ പ്രഥമ ഉദ്ദേശം. ഈ ഉദ്യമത്തെ പ്രോത്സാഹിപ്പിക്കുവാനായി ശ്രീമൻ വേലായുധൻ പിള്ള പരുത്തി കൃഷിചെയ്യുന്നതിലേക്കായി പത്ത് ഏക്കർ സ്ഥലം ഈ സംഘത്തിലേക്ക് സംഭാവന ചെയ്തു എന്നതായിരുന്നു ഈ ലക്കം മഹിളാമന്ദിരത്തിലെ വാർത്ത.

1930 കളിൽ കൊച്ചിയിൽ രൂപം കൊണ്ട ഒന്നാണ് കൊച്ചി ഉപാദ്ധ്യായിനീ സംഘം. 1934ൽ ഈ സംഘടന നടത്തിയ സമ്മേളനം വിവാഹിതകൾക്ക് സർക്കാർജോലി നിഷേധിക്കാനുള്ള ഗവൺമെന്റ് നീക്കത്തെ എതിർക്കുകയുണ്ടായി. കുടുംബം ഔദ്യോഗിക ജീവിതത്തിനു തടസ്സമാകും അഥവാ ഔദ്യോഗിക ജീവിതം കുടുംബജീവിതത്തെ താറുമാറാക്കും എന്ന ഭയമാണ് ഇത്തരം പുരുഷമേധാവിത്വ നീക്കങ്ങൾക്കു പിന്നിൽ. ഈ നീക്കത്തെ എതിർക്കാൻ കൊച്ചി ഉപാദ്ധ്യായനീ സംഘം ശ്രമിച്ചുവെങ്കിലും സ്ത്രീകൾക്ക് വീടിനടുത്തുള്ള സ്ഥലങ്ങളിൽ ജോലി നൽകണം എന്ന ആവശ്യമാണ് അവർ ഉന്നയിച്ചത്. ഗൃഹം എന്ന ഇടത്തെ തള്ളിപ്പറയാതെ തന്നെ പൊതു ഇടത്തിലേക്കുള്ള സ്ത്രീയുടെ രംഗപ്രവേശത്തെയാണിവർ ലക്ഷ്യം വച്ചത്. ഇതേകാലയളവിൽ തന്നെയാണ് 1934 മാർച്ച് ഏപ്രിൽ ലക്കം മുരളിയിൽ മാലതി പ്രസീദ്ധികരിച്ച 'സ്ത്രീകളും ഉദ്യോഗസ്വീകരണവും' എന്ന ലേഖനം നിൽക്കുന്നത്. വിവാഹിതകളായ സ്ത്രീകളുടെ ഉദ്യോഗജീവിതത്തെപ്പറ്റിയുള്ള വിവാദങ്ങൾ നടക്കുന്ന ഈ സന്ദർഭത്തിൽ തന്നെയാണ് 'വിവാഹിതയായ ഒരു സ്ത്രീ ഉദ്യോഗം സ്വീകരിച്ചാൽ ആകാശം അങ്ങട്ടു ഇടിഞ്ഞു പൊളിഞ്ഞു വീണേക്കുമെന്ന ഭയമൊന്നും വാസ്തവത്തിൽ സ്ത്രീകൾക്ക് ഇല്ല' എന്ന് മാലതി പ്രഖ്യാപിക്കുന്നത്. ഇത്തരം അഭിപ്രായങ്ങൾ സ്ത്രീലേഖികമാരുടെയും സ്ത്രീസംഘങ്ങളുടെയും, സ്ത്രീസമാജങ്ങളുടെയും പ്രവർത്തനങ്ങളും ചിന്തകളും ഒരേ ദിശയിലായിരുന്നു എന്നു തെളിയിക്കുന്നുണ്ട്.

1930കളിലെ  സിവിൽ നിയമലംഘന ക്കാലത്ത് മലബാറിൽ നിന്നും രൂപം കൊണ്ട ഒരു സ്ത്രീസംഘടനയായിരുന്നു കേരളമഹിള ദേശസേവികാസംഘം.  ദേശീയത,ഗാന്ധിയൻ ജീവിത ശൈലി തുടങ്ങി പൊതു വിഷയങ്ങളെ സംബന്ധിച്ച് പ്രമേയങ്ങളും ചർച്ചകളും ഈ സംഘം സംഘടിപ്പിച്ചിരുന്നു. സർക്കാർ ഉദ്യോഗങ്ങളിൽ സ്ത്രീകൾക്ക് ആനുപാതികമായ പ്രാതിനിധ്യം ഉറപ്പാക്കണം എന്ന പ്രമേയം ഈ സ്ത്രീ സംഘം പാസാക്കുകയുണ്ടായി.


അഖിലേന്ത്യാ വനിതാസംഘം തിരുവനന്തപുരം 1935

1902 ലെ കോഴിക്കോട് സ്ത്രീജനസമാജത്തിൽ വിദേശവനിതയായിരുന്നു സാരഥിയെങ്കിൽ 1906 ലെ തിരുവനന്തപുരം സ്ത്രീജനസമാജത്തിലെത്തുമ്പോൾ മലയാളിസ്ത്രീകൾ തന്നെ അതിന്റെ അഗ്രാസനാധിപത്യത്തിലേയ്ക്ക് വളർന്നുവരുന്നുണ്ട്. വിവിധ ജാതി സ്ത്രീക്കൾക്കിടയിൽ സൗഹൃദവും സാഹോദര്യവും വർദ്ധിപ്പിക്കാൻ ഉതകുന്ന ഒരു വേദിയായി സ്ത്രീസമാജങ്ങൾ മാറിത്തീരുന്നുണ്ട്. 1093 ചിങ്ങം പതിനേഴിന് വാടക്കകം നെടിയാറ സ്കൂളിൽ വച്ച് സഹോദരസംഘം സ്ത്രീസമാജത്തിന്റെ ഒരു പ്രാരംഭ യോഗം ചന്ദ്രിക സന്യാസിനിയുടെ അഗ്രാസനാധിപത്യത്തിൽ കൂടിയതായി 1093 കന്നിലക്കം സഹോദരനിൽ രേഖപ്പെടുത്തി കാണുന്നുണ്ട്. തിരുവിതാംകൂർ രാജാവിന്റെ ഷഷ്ടിപൂർത്തി ആഘോഷം സംബന്ധിച്ച് ചെങ്ങന്നൂരിൽ സമ്മേളിച്ച സ്ത്രീസമാജം പന്തിഭോജനത്തിന് ആഹ്വാനം നൽകുന്ന ഒന്നായിരുന്നു. പ്രസ്തുത സമാജത്തിൽ മിസിസ്സ് ജി. കൃഷ്ണപ്പിള്ള നടത്തിയ പ്രസംഗം ഇപ്രകാരമായിരുന്നു. “സഹോദരികളായ നാം വ്യത്യാസങ്ങളെ നിരാകരിച്ച് നമ്മുടെ മനസ്സിന് യോജിക്കുന്ന സ്ത്രീകൾ ഏതു ജാതി ആയാലും ഏതു മതസ്ഥയായാലും അവരൊരുമിച്ച് ഭക്ഷിക്കുകയും അവരെ ഉൾക്കൊണ്ടു വിശ്വസിക്കുകയും ചെയ്യേണ്ടതാണ്. പോരെങ്കിൽ നമ്മുടെ സന്താനങ്ങളെ അങ്ങനെ വിശാല മനസ്സുകളാക്കി വളർത്തുകയും ചെയ്യണം. നമ്മുടെ ഗുണദോഷമോ പ്രേരണയോ ഫലിക്കുന്ന ദിക്കിലൊക്കെയും ഈ ഐക്യത സാദ്ധ്യമാക്കാൻ നാം നിഷ്കർഷമായി പ്രവർത്തിക്കുകയും വേണം” (സഹോദരൻ: 1093 : 1). വരും തലമുറയിലേക്കു കൂടി ഊർജം പ്രസരിപ്പിക്കുന്ന ഇത്തരം സ്ത്രീ സമാജങ്ങളെ ചരിത്രം രേഖപ്പെടുത്തേണ്ടവയാണ്. സാഹിത്യ പൊതുമണ്ഡലത്തിലും സാംസ്ക്കാരിക പൊതുമണ്ഡലങ്ങളിലും സ്ത്രീകൾ നടത്തിയ പ്രവർത്തനങ്ങളെ രേഖപ്പെടുത്തുന്നവയാണ്. ഇത്തരം സ്ത്രീസമാജങ്ങൾ.

1921 ലെ നാലാം ലക്കം വനിതയിൽ പ്രസിദ്ധം ചെയ്ത കാദംബരിയമ്മയുടെ ‘സമുദായസേവയിൽ സ്ത്രീകളുടെ നില’ എന്ന ലേഖനം മുഹമ്മയിലെ ഈഴവ സ്ത്രീകൾ ചേർന്ന് നടത്തിയിരുന്ന വിജ്ഞാന പ്രബോധിനിസ്ത്രീ സമാജയോഗത്തിൽ വായിച്ച ഒരു പ്രസംഗത്തിന്റെ ചുരുക്കെഴുത്തായിരുന്നു. പാലക്കാട് സ്ത്രീ ജന സമാജം, മനോരമാസമാജം, ഹിന്ദുസമാജം, ഈഴവസ്ത്രീസമാജം, അന്തർജന സമാജം എന്നിങ്ങനെ ജാതികേന്ദ്രിതവും, മതകേന്ദ്രിതവും പ്രാദേശികവുമായി കേരളത്തിൽ സ്ത്രീസമാജങ്ങൾ ഉടലെടുത്തിരുന്നു. ഇവയെല്ലാം തന്നെ സമൂഹത്തിൽ സ്ത്രീകളുടെ നില മെച്ചപ്പെടുന്നതിനായി, അവ ഉവളുടേതായ ഒരിടം നേടാനായി സ്ത്രീകൾ നടത്തിയ പോരാട്ടത്തിന്റെ ഭാഗം തന്നെയായിരുന്നു.

ചരിത്രത്തിലിന്നോളം സംഭവിച്ചിട്ടുള്ള സ്ത്രീമുന്നേറ്റങ്ങളെ അരികുവത്ക്കരിക്കുകയും നിഗൂഢവത്ക്കരിക്കുകയുമാണ് പുരുഷാധിപത്യ സമൂഹം ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ വീണ്ടും വീണ്ടും പുരുഷകേന്ദ്രിതമായ ചരിത്രമാണ് സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. പാർശ്വങ്ങളിൽനിന്നുകൊണ്ടുതന്നെ തമസ്കൃതജനത ഇതിനെതിരെ പ്രതിഷേധങ്ങൾ ഉയർത്തുന്നുണ്ട്. ചരിത്രത്തെ തിരുത്തിക്കുറിക്കുന്നതരത്തിലുള്ള ഒരു സ്ത്രീനോട്ടം (Feminist gaze) ,പുന:പാരായണം (Re-reading) എന്നിവയിലൂടെ മാത്രമേ ഇതു സാദ്ധ്യമാകൂ. സ്ത്രീയെ കേന്ദ്രസ്ഥാനത്തു നിർത്തുന്ന വായനാശ്രമം കൊണ്ടു മാത്രമേ ആൺകേന്ദ്രിതമായ ചരിത്രത്തെ പ്രശ്നവത്ക്കരിക്കാനാവൂ. ചരിത്രത്തിൽ പെണ്ണിടങ്ങൾ ഇല്ലാതിരുന്നോ? അതോ അവ കണക്കാക്കാതിരുന്നോ? ഇത്തരംഅന്വേഷണങ്ങൾ ഇപ്പോൾ സ്ത്രീകൾ ധാരാളമായി നടത്തിക്കൊണ്ടിരിക്കുന്നു. ചരിത്രത്തിന്റെ ഏകപക്ഷീയവും ലിംഗകേന്ദ്രിതവുമായ വീക്ഷണങ്ങളാണ് ഇതുവരെ നടന്നിരുന്നതെന്നും അവ ഉല്പാദിപ്പിക്കുന്ന ലോകബോധമാണ് സ്ത്രീയും ദളിതരും അടക്കമുള്ളവരുടെ ചരിത്രമായി നാം മനസ്സിലാക്കിയിരുന്നതെന്നുമുള്ള പുന:പാരായണങ്ങളിലൂടെ മാത്രമേ ഇത് സാദ്ധ്യമാകൂ. ചരിത്രത്തേയും സാഹിത്യത്തേയും വരികൾക്കിടയിലൂടെ പുനർവായിക്കുമ്പോൾ എഴുതാതെപോയ താളുകൾക്കിടയിൽനിന്നും പറയാതെ പോയ ഏടുകൾക്കിടയിൽനിന്നും സ്ത്രീയുടെ പാരമ്പര്യത്തേയും ചരിത്രത്തേയും നമുക്ക് വീണ്ടെടുക്കാനാവും.

*(ശേഷം തുടർച്ച പേജ് 46)*



**ധന്യ പി.ഡി.**
മലയാളം അദ്ധ്യാപിക
ശ്രീ ശങ്കരാചാര്യ
സംസ്കൃത കോളേജ്,
കാലടി



# കുടുംബശ്രീ: സംഘാടനത്തിന്റെ സ്ത്രീവഴികൾ

സമൂഹം പുറംകാലുകൊണ്ട് തൊഴിച്ച് അരികുവൽക്കരിച്ച ജനവിഭാഗമാണ് സ്ത്രീകൾ. പറയത്തക്ക വിദ്യാഭ്യാസമോ വരുമാനമോ ഇല്ലാത്ത സ്ത്രീകൾ ഇന്നും ചരിത്രത്തിൽ അപ്രത്യക്ഷരായി ത്തന്നെ തുടരുന്നു. ചരിത്രമെഴുതുന്ന പുരുഷന്, സ്വയം നിർണ്ണയാവകാശമില്ലാത്ത സ്ത്രീയെ എന്നും അദൃശ്യരാക്കി നിർത്താനാണ് താല്പര്യം. തൊഴിലോ, അധികാരമോ, സ്വത്തവകാശമോ ഇല്ലാത്ത ഒരു വലിയ വിഭാഗം സ്ത്രീകൾ ഇന്നും പുരുഷന്റെ തണലിൽ, അവൻ നൽകുന്ന സുരക്ഷിതത്വത്തിൽ അടിമകളായി കഴിയുന്നു. സ്ത്രീക്കും പുരുഷനും തുല്യാവകാശം കൽപ്പിക്കുന്ന ഇന്ത്യൻ ഭരണഘടനയെപ്പോലും അർത്ഥരഹിതമാക്കി മാറ്റുന്ന വിവേചനമാണ് സ്ത്രീകൾ നേരിടുന്നത്. ലിംഗപരമായും സാമൂഹ്യപരമായും അടിച്ചമർത്തലുകൾക്ക് വിധേയരായിക്കൊണ്ടിരിക്കുന്ന സ്ത്രീകളുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാക്കുന്നത് ദാരിദ്ര്യവും തൊഴിലില്ലായ്മയുമാണ്. സമൂഹത്തിൽ നിലനിൽക്കുന്ന സാമൂഹികവ്യവസ്ഥിതിയും പുരുഷാധിപത്യപ്രവണതകളും മെച്ചപ്പെട്ട ജീവിത സാഹചര്യം കെട്ടിപ്പടുക്കുന്നതിൽ നിന്ന് സ്ത്രീയെ പിന്നോട്ടടിക്കുന്നു.

വിദ്യാഭ്യാസം, തൊഴിൽ, ഉപജീവനം തുടങ്ങിയ സാമൂഹികാവകാശങ്ങൾ സംബന്ധിച്ച് സ്ത്രീകളെ ബോധവൽക്കരിക്കാനും അവരെ സമൂഹത്തിൽ മുഖ്യധാരയിലേക്കെത്തിക്കാനുമുള്ള വിവിധങ്ങളായ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്ത്രീ സാക്ഷരത, ലിംഗാനുപാതം ഇവയിലെല്ലാം കേരളം നേട്ടം



കൈവരിച്ചിട്ടുണ്ട്. കേരളത്തിലെ സ്ത്രീകൾക്കിടയിൽ നടപ്പിലാക്കിവരുന്ന ശാക്തീകരണ പ്രവർത്തനങ്ങൾ അവരുടെ ഉന്നമനം ലാക്കാക്കിയുള്ളതാണ്. ഇത്തരത്തിൽ, സാമൂഹിക വികസനം സ്ത്രീകളിലൂടെ എന്ന ആശയത്തിലൂന്നി പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് കുടുംബശ്രീ.

**കുടുംബശ്രീ: പ്രാരംഭം, ലക്ഷ്യം**

1992-ൽ ആലപ്പുഴ മുൻസിപ്പാലിറ്റിയിൽ നഗരദാരിദ്ര്യ ലഘൂകരണ പദ്ധതിയുടെ ഭാഗമായി വനിതാ അയൽക്കൂട്ടങ്ങളും സംഘടനാ സംവിധാനങ്ങളും പരീക്ഷണാടിസ്ഥാനത്തിൽ രൂപവല്ക്കരിക്കപ്പെട്ടു. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് ഈ ചെറുകൂട്ടങ്ങൾ ഫലപ്രദമാണെന്ന തിരിച്ചറിവ് 1997-98ലെ സംസ്ഥാന ബജറ്റിലൂടെ 'കുടുംബശ്രീ' എന്ന ആശയം രൂപപ്പെടുത്താൻ പ്രേരണയായി. കേന്ദ്ര സർക്കാരിന്റേയും നബാർഡിന്റേയും പിന്തുണയോടുകൂടിയാണ് പദ്ധതി നടപ്പിലാക്കപ്പെടുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തമാണ് പദ്ധതിയുടെ സവിശേഷത. 1998 മെയ് 17ന് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന അടൽ ബിഹാരി വാജ്പേയിയാണ് മലപ്പുറത്തുവെച്ച് പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചത്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ സ്ത്രീകളുടെ കൂട്ടായ്മയിലൂടെ അവരെ സ്വയം പര്യാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ (സി.ഡി.എസ്.) കീഴിലാണ് നടക്കുന്നത്. "ദരിദ്ര വനിതകളെ സ്വയം സഹായ ലക്ഷ്യമുള്ള ത്രിതല സമൂഹങ്ങളായി സംഘടിപ്പിച്ച്, ലഭ്യമായ ആശയ-വിഭവ സ്രോതസ്സുകളുടെ ആവശ്യാധിഷ്ഠിത സമന്വയത്തിലൂടെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ കേവല ദാരിദ്ര്യത്തിന്റെ സമസ്ത പ്രകടിത ബഹുമുഖ രൂപഭാവങ്ങളേയും വരുന്ന ഒരു ദശകത്തിനുള്ളിൽ ഉന്മൂലനം ചെയ്യാനുള്ള ഒരു നൂതന, ഏകോപിത സമൂഹാധിഷ്ഠിത സമഗ്ര ദാരിദ്ര്യ നിർമ്മാർജ്ജന സമീപനമാണ് കുടുംബശ്രീ" എന്നതാണ് കുടുംബശ്രീയുടെ പ്രഖ്യാപിത ലക്ഷ്യം. പ്രവർത്തനം



മാനം നേടിയെടുത്ത സ്ത്രീകൾ വിളംബരം ചെയ്തു. അയൽക്കൂട്ടങ്ങൾ വഴി വികസിച്ച സ്ത്രീകൂട്ടായ്മയെ പരദൂഷണത്തിനുള്ള വേദിയെന്ന് ആദ്യകാലത്ത് പുച്ഛിച്ചിരുന്നവർ ഉണ്ട്. എന്നാൽ ചിട്ടയോടെയും അർപ്പണ മനോഭാവത്തോടെയുള്ള ഉള്ള പ്രവർത്തനങ്ങളിലൂടെ നാടിന്റെ വികസനോന്മുഖമായ പദ്ധതികളിൽ ഭാഗഭാക്കാകാൻ

തുടങ്ങി ഇരുപത് വർഷങ്ങൾ പിന്നിടുമ്പോൾ കുടുംബശ്രീ അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ നിന്ന് ഒട്ടേറെ മുന്നോട്ടു പോയിരിക്കുന്നു.

ദാരിദ്ര്യം ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യം സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിലൂടെയാണ് കുടുംബശ്രീ പ്രാവർത്തികമാക്കിയത്. പാർശ്വവല്ക്കരിക്കപ്പെട്ട ദരിദ്ര സ്ത്രീകളുടെ തൊഴിൽപരവും സാമ്പത്തികവുമായ ഉന്നമനത്തിലൂന്നിയാണ് ഈ പദ്ധതി വിഭാവനം ചെയ്യപ്പെട്ടത്.

**സ്ത്രീമുന്നേറ്റം – 'കുടുംബശ്രീ'യിലൂടെ**

സ്ത്രീകളുടെ കൃത്യനിർവ്വഹണശേഷിയും ആസൂത്രണ വൈദഗ്ദ്ധ്യവും കൃത്യമായി പ്രയോജനപ്പെടുത്തിക്കൊണ്ടാണ് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നത്. സ്ത്രീകൂട്ടായ്മയിലൂടെ ചെറുകിടസംരംഭങ്ങളോ കുടിൽവ്യവസായങ്ങളോ വഴി നിശ്ചിതവരുമാനം കണ്ടെത്താനായത് ദരിദ്രകുടുംബങ്ങൾക്ക് ആശ്വാസമായി. ഇത്തരം ചെറിയ പ്രവർത്തനങ്ങളിലൂടെ, അതിൽ നിന്ന് സമ്പാദിക്കുന്ന വരുമാനത്തിലൂടെ സ്ത്രീ സ്വയംപര്യാപ്തത നേടുകയായിരുന്നു. പൊതുയിടത്തിലേക്കുള്ള തങ്ങളുടെ കടന്നുവരവിനെ ആർക്കും പ്രതിരോധിക്കാനാകില്ലെന്ന് ആത്മാഭി

കുടുംബശ്രീ അംഗങ്ങൾക്ക് കഴിഞ്ഞു. ആരോഗ്യപരവും വിദ്യാഭ്യാസപരവുമായ മേഖലകളിലെല്ലാം ശ്രദ്ധ പതിപ്പിക്കാനും സേവനമുറപ്പിക്കാനുമായി. വനിതാ സംരംഭകരുടെ വ്യവസായ ഉദ്യമത്തിന് പ്രോത്സാഹനവും പിന്തുണയും നൽകാനും കുടുംബശ്രീക്ക് സാധിച്ചു.

സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ വായ്പകൾ നൽകുകയും അതിന്റെ തിരിച്ചടവുകൾ സുതാര്യമാക്കുകയും ചെയ്തു. ഏതു പദ്ധതിക്കായാണോ അംഗങ്ങൾ വായ്പയെടുക്കുന്നത് ആ പദ്ധതി നടത്തിപ്പിന് ആവശ്യമായ പരിശീലനവും കുടുംബശ്രീ അംഗങ്ങൾക്ക് നൽകിവരുന്നു. അംഗങ്ങൾ ഉണ്ടാക്കുന്ന ഉല്പന്നങ്ങളുടെ വിപണനവും കുടുംബശ്രീ ഏറ്റെടുക്കാറുണ്ട്. പേപ്പർ ബാഗ്, സോപ്പ്, കുട, വാഷിംഗ് പൗഡറുകൾ, ക്ലീനിംഗ് ലോഷനുകൾ തുടങ്ങിയവയെല്ലാം സ്വയംതൊഴിൽ



പദ്ധതിയുടെ ഭാഗമായി അംഗങ്ങൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നു. ഇതിന് ആവശ്യമായ പരിശീലനവും അസംസ്കൃതവസ്തുക്കളും നൽകുന്നു. വൃത്തിയും പരിശീലനവും ഗുണമേന്മയും ജനങ്ങളെ കുടുംബശ്രീ നടത്തുന്ന സ്റ്റാളുകളിലേക്ക് ആകർഷിക്കുന്നു. കുടിൽ വ്യവസായമെന്ന നിലയിൽ അച്ചാർ, പപ്പടം മുതലായ ഭക്ഷണവസ്തുക്കളും വില്പനയ്ക്കെത്തിക്കുന്നുണ്ട്. കല്യാണവിഭവങ്ങൾ വരെ ഇന്ന് കുടുംബശ്രീ കൂട്ടായ്മ ഒരുക്കി നൽകുന്നു.

**കുടുംബശ്രീ നൽകുന്ന സേവനങ്ങൾ**

കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മുന്നേറ്റത്തിൽ കുടുംബശ്രീകൾ ചെറുതല്ലാത്ത സ്ഥാനം വഹിക്കുന്നുണ്ട്. ആരോഗ്യപരിപാലനം, വ്യക്തിശുചിത്വം, പരിസര ശുചീകരണം, കുടിവെള്ള ശുദ്ധീകരണം, പ്ലാസ്റ്റിക് നിർമ്മാർജ്ജനം തുടങ്ങി ജനജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന രീതിയിലുള്ള സേവനങ്ങളാണ് കുടുംബശ്രീ ഏറ്റെടുത്ത് നടത്തുന്നത്. സ്പെഷ്യൽ സ്കൂളായ 'ബഡ് സ്കൂൾ, പോഷകാഹാര പദ്ധതിയായ 'അമൃതം', ഖരമാലിന്യസംസ്ക്കരണ പദ്ധതിയായ 'തെളിമ', സുരക്ഷിത യാത്രയ്ക്കുള്ള ടാക്സി സർവ്വീസായ 'കുടുംബശ്രീ ട്രാവൽസ്', യുവജനങ്ങൾക്കുള്ള സ്വയം തൊഴിൽ പ്രോത്സാഹനപദ്ധതിയായ 'യുവശ്രീ', അഗതികളായ കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള 'ആശ്രയ', അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളെ സഹായിക്കുന്ന 'സ്നേഹിത' തുടങ്ങിയവയെല്ലാം സമൂഹനന്മ ലക്ഷ്യം വെച്ച് കുടുംബശ്രീ ഏറ്റെടുത്ത് നടത്തുന്ന പദ്ധതികളിൽ ചിലതാണ്.

അടിസ്ഥാന സൗകര്യവികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികളാണ് കുടുംബശ്രീകൾ വഴി ഭരണകൂടം നടപ്പിലാക്കിയത്. ദാരിദ്ര്യത്തിൽ കഴിഞ്ഞിരുന്നവരുടെ ഉയർത്തെഴുന്നേല്പ്പിന് അത് കാരണമായി. ഏറ്റവുമധികം അവഗണന അനുഭവിച്ചിരുന്ന സ്ത്രീകൾ തന്നെ അതിന് കാരണഭൂതരായപ്പോൾ കുടുംബത്തിനകത്തും സമൂഹത്തിലും സ്ത്രീകൾക്ക് അഭിമാനത്തോടെ തലയുയർത്തി നിൽക്കാവുന്ന നില കൈവന്നു.

**കുടുംബശ്രീ: പേരിലെ സ്ത്രീവിരുദ്ധത**

പട്ടിണിയും ദാരിദ്ര്യവും തുടച്ചു നീക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിക്കപ്പെട്ട പദ്ധതിയുടെ പേര് 'കുടുംബശ്രീ' എന്നായതിനു പിന്നിൽ അത്ര നിഷ്ക്കളങ്കമല്ലാത്ത ചില പുരുഷയുക്തികളുണ്ട്. സ്ത്രീ ശാക്തീകരണത്തിലൂടെയാണ് ഈ പദ്ധതിയിൽ സാമൂഹികവികസനം വിഭാവനം ചെയ്യപ്പെടുന്നത്. സ്ത്രീ നന്നായാൽ കുടുംബം നന്നാകുമെന്ന സമൂഹത്തിന്റെ പൊതുബോധ്യമാണ് 'കുടുംബശ്രീ' എന്ന പേരിനു പിന്നിൽ. സ്ത്രീയാണ് കുടുംബത്തിന്റെ ശ്രീ. ഐശ്വര്യവും സ്നേഹവും കരുണയും ആവോളമുള്ളവളെന്ന് ഉദാത്തീകരിച്ച് പെണ്ണിനെ അടിമയാക്കി കുടുംബത്തിനകത്തുതന്നെ തളച്ചിടാനുള്ള നീക്കമാണിത്. കുടുംബമെന്ന എസ്റ്റാബ്ലിഷ്മെന്റിനെ ചുമക്കേണ്ട ബാധ്യത പെണ്ണിൽ നിക്ഷിപ്തമാണ്. എന്തു വില കൊടുത്തും ആ 'പാനപാത്രം' പൊട്ടാതെ സൂക്ഷിക്കാനുള്ള ബാധ്യത സ്ത്രീകൾക്കുണ്ട്. ശാക്തീകരിച്ച് അവളെ പൊതുവിടങ്ങളിലേക്ക് എത്തിക്കുന്നതുപോലും കുടുംബത്തിന് ശ്രീയായിരിക്കാൻ മാത്ര




**കുടുംബശ്രീ ട്രാവൽസ്**



കോഴിക്കോട് കുടുംബശ്രീ മാൾ

മാണ്. സ്ത്രീയെ ശാക്തീകരിക്കുന്നതിലൂടെ കുടുംബത്തെയും സമൂഹത്തെയും വികസനോന്മുഖമാക്കാമെന്ന് കണക്കുകൂട്ടപ്പെടുന്നു. കുടുംബമെന്ന വ്യവസ്ഥാപിത സ്ഥാപനത്തിനകത്തു തന്നെ വട്ടം കറങ്ങുമ്പോഴും തൊഴിലിലൂടെയും വരുമാനത്തിലൂടെയും ലഭിക്കുന്ന സ്വയം പര്യാപ്തത പെണ്ണിന് സാധ്യമാക്കി എന്നത് കുടുംബശ്രീയുടെ വിജയമാണ്.

### സമകാലിക സമൂഹത്തിൽ 'കുടുംബശ്രീ'യുടെ പ്രസക്തി

ദാരിദ്ര്യനിർമ്മാർജ്ജനമെന്ന പ്രഖ്യാപിതലക്ഷ്യങ്ങളിൽ നിന്ന് കുടുംബശ്രീ ഏറെ ദൂരം മുന്നേറിക്കഴിഞ്ഞു. സമൂഹത്തിന് ഗുണപ്രദമായ ഒട്ടേറെ ക്ഷേമ പ്രവർത്തനങ്ങൾ രൂപീകരിച്ച് നടപ്പിൽ വരുത്തുന്ന കുടുംബശ്രീ നാടിന്റെ വികസനപ്രവർത്തനങ്ങളിൽ നിതാന്തജാഗ്രതയുള്ളവരാണ്. പ്രളയത്തിൽ തകർന്ന കേരളത്തിന്റെ പുനർനിർമ്മാണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വലിയൊരു തുക സംഭാവനയായി നൽകിയത് ഉദാഹരണമാണ്. നിരവധിയായ സംരംഭങ്ങൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട്. 2018 നവംബർ 24-ാം തീയതി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത കോഴിക്കോട്ടെ മഹിളാ മാൾ സ്ത്രീ കൂട്ടായ്മയിലൂടെ കുടുംബശ്രീ കൈവരിച്ച വിജയത്തിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ്. 'പെൺകരുത്തിന്റെ കയ്യൊപ്പ്' എന്ന മുദ്രാവാക്യവുമായാണ് മാൾ പ്രവർത്തനം ആരംഭിക്കുന്നത്. സമൂഹം അരികുവല്ക്കരിച്ച് അദൃശ്യമായി നിറുത്തിയിരുന്ന സ്ത്രീ ജീവിതങ്ങളെ ദൃശ്യപ്പെടുത്താനായി കുടുംബശ്രീ നടത്തിയ പ്രവർത്തനങ്ങളുടെ വിജയമാണിത്.

അതിജീവനത്തിന്റെ മുന്നേറ്റങ്ങൾക്ക് കരുത്തുപകരാൻ ഏറ്റവും അനിവാര്യമായ സാമ്പത്തിക പിന്തുണ നൽകി സ്ത്രീകളെ ശാക്തീകരിക്കാൻ കുടുംബശ്രീ പദ്ധതിക്ക് കഴിഞ്ഞു. ഓരത്തേക്ക് മാറ്റി നിർത്തിയ സമൂഹത്തിനു മുന്നിൽ തന്റേടത്തോടെ ജീവിച്ചുകാണിക്കാനും താൻപോരിമയോടെ ഇടപെടാനും അവളെ പ്രാപ്തയാക്കിയത് ജോലിയും അതിൽ നിന്ന് ലഭിക്കുന്ന വരുമാനവുമാണ്. കാലങ്ങളായി അനുഭവിച്ചുവന്ന നീതി നിഷേധത്തിന്റേയും അടിച്ചമർത്തലിന്റേയും കല്പനകളെ ധിക്കരിച്ച്, പൊതു മണ്ഡലത്തിലേക്കിറങ്ങി അദ്ധ്വാനിച്ച് സ്വാഭിമാനം ഉയർത്തിപ്പിടിക്കാൻ ഈ പ്രസ്ഥാനം സ്ത്രീകളെ പ്രാപ്തരാക്കി. പെണ്ണിന്റെ ഒത്തൊരുമയുടെ വിജയമാണ് കുടുംബശ്രീ. ■

**അതിജീവനത്തിന്റെ മുന്നേറ്റങ്ങൾക്ക് കരുത്തുപകരാൻ ഏറ്റവും അനിവാര്യമായ സാമ്പത്തിക പിന്തുണ നൽകി സ്ത്രീകളെ ശാക്തീകരിക്കാൻ കുടുംബശ്രീ പദ്ധതിക്ക് കഴിഞ്ഞു. ഓരത്തേക്ക് മാറ്റി നിർത്തിയ സമൂഹത്തിനു മുന്നിൽ തന്റേടത്തോടെ ജീവിച്ചുകാണിക്കാനും താൻപോരിമയോടെ ഇടപെടാനും അവളെ പ്രാപ്തയാക്കിയത് ജോലിയും അതിൽ നിന്ന് ലഭിക്കുന്ന വരുമാനവുമാണ്. കാലങ്ങളായി അനുഭവിച്ചുവന്ന നീതി നിഷേധത്തിന്റേയും അടിച്ചമർത്തലിന്റേയും കല്പനകളെ ധിക്കരിച്ച്, പൊതു മണ്ഡലത്തിലേക്കിറങ്ങി അദ്ധ്വാനിച്ച് സ്വാഭിമാനം ഉയർത്തിപ്പിടിക്കാൻ ഈ പ്രസ്ഥാനം സ്ത്രീകളെ പ്രാപ്തരാക്കി. പെണ്ണിന്റെ ഒത്തൊരുമയുടെ വിജയമാണ് കുടുംബശ്രീ.**




# പ്രളയഗീതം



മഞ്ജു എം.

ഇത്തിരിപ്പൂവിന്റെ നെറുകയിലൊരു തുള്ളി
നനവുള്ള കാറ്റിന്റെ നനുത്ത സ്പർശം
ഒരുപാട് കാത്തിരിപ്പിന്റെയൊടുവിലായ്
ഇതാ, എന്റെ മഴയുടെ ആദ്യ തുള്ളി
അറിയാതെ താളം ചവിട്ടിയും ചെറു-
കാറ്റിലാടിയും നൃത്തം ചവിട്ടിടുന്നു
ഹാ! സ്നേഹത്തിന്റെ വെള്ളിനൂൽപോലെ
ഭൂമിയും സ്വർഗ്ഗവും ചേർക്കുമാറ് ഈ പുതുമഴ
നനച്ചും കുതിർത്തും പിന്നെയും പെയ്യുന്നു മഴ
മുമ്പൊരിക്കലും ചെയ്യാത്തതുപോലെ
എന്തേ അവളിലിന്നൊരു ഭാവമാറ്റം?
രാത്രികൾ കാളരാത്രികളാക്കി
കയ്യേറിയതെല്ലാം വീണ്ടെടുത്തവൾ സംഹാര നൃത്തമാടി
ജാതി-മത-വർഗ്ഗ-വർണ്ണ ഭേദമില്ലാതെ
അമ്മ തൻ മക്കൾ ഒന്നിച്ച് കൈകോർത്ത് നീങ്ങിടുന്നു
ഓരോ കുഞ്ഞുതുള്ളി മഴയിലും
ജനനി തൻ അശ്രു കണങ്ങളല്ലോ?
ഒത്തിരി ജീവനെത്താങ്ങി നിർത്തുന്ന
ഭൂമിയാം അമ്മയ്ക്ക് പ്രാർത്ഥനാഗീതമായ് കൊച്ചുമക്കൾ
മക്കൾ തൻ രോദനം കേട്ടവൾ ശാന്തയായ്
കണ്ണീർ തുടച്ചവൾ മെല്ലവേ ചൊല്ലി;
"ഓർക്കുകയെൻ മക്കളെ
നനച്ച നിൻ ഉള്ളം കറ പറ്റിയാൽ
വീണ്ടും ഞാൻ ചിറകടിക്കും കരിമേഘത്തോറ്റമായി"



ചർച്ചാവിഷയം

**ബെനിത ബെന്നി**
മലയാള വിഭാഗം വിദ്യാർത്ഥിനി
ശ്രീ ശങ്കരാചാര്യ
സർവ്വകലാശാല, കാലടി

# ട്രാൻസ്ജെൻഡർ കൂട്ടായ്മയുടെ കരുത്തുകൾ

ജന്തുജാലങ്ങളിൽ ആൺ-പെൺ എന്നീ വിഭാഗങ്ങളോടൊപ്പം അവയിൽപ്പെടാത്ത മറ്റൊരു വിഭാഗം കൂടിയുണ്ട്. ഇങ്ങനെയുള്ള സ്ത്രീ-പുരുഷേതര വിഭാഗക്കാരെ പൊതുവെ ട്രാൻസ്ജെൻഡർ എന്നാണ് വിളിച്ചുപോരുന്നത്. പണ്ടുമുതലെ ഹിജഡ എന്ന വാക്കുപയോഗിച്ച് നാം ഇവരെ വിശേഷിപ്പിച്ചിരുന്നു. 'ഹിജറ' എന്ന ഉറുദു വാക്കിന്റെ ഉത്തരേന്ത്യൻ രൂപമായാണ് ഹിജഡ കടന്നുവരുന്നത്. പലായനം ചെയ്യുക, ഇറങ്ങിപോവുക എന്നീ അർത്ഥങ്ങൾ പ്രതിഫലിപ്പിക്കുന്ന ഹിജറിൽ നിന്നും ഉത്ഭവിച്ച 'ഹിജഡ' അക്ഷരാർത്ഥത്തിൽ ഒരു വർഗ്ഗത്തിന്റെ പലായനത്തെ സൂചിപ്പിക്കുന്നു. ആണിനും പെണ്ണിനുമുള്ളതാണ് ഈ ലോകമെന്ന വിശ്വാസത്തിനുമുന്നിൽ ആണോ പെണ്ണോ അല്ലാതെ പിറവിയെടുക്കുന്ന അല്ലെങ്കിൽ വളർച്ചയുടെ ഘട്ടത്തിൽ മറ്റൊന്നായി മാറുന്ന വ്യക്തിത്വങ്ങൾക്ക് നാം എവിടെയാണ് ഇടം നൽകുക. അവരെ എന്തുപേരിട്ടാണ് വിളിക്കുക. ഇവർക്കും സമൂഹത്തിൽ ഒരിടം വേണ്ടതല്ലേ. സ്ത്രീ പുരുഷ ക്രമീകരണ ഘടനയ്ക്ക് വിഭിന്നമായി നിലകൊള്ളുന്ന ഇവരെ ഭിന്നലിംഗം എന്ന പദവി കൽപ്പിച്ചു നൽകി പൊതുസമൂഹത്തിൽ നിന്ന് വേറിട്ടു നിറുത്തുകയാണ്. നമ്മുടെ സമൂഹത്തിൽ നമ്മോടൊപ്പം തന്നെ ഉള്ളവരാണ് ട്രാൻസ്ജെൻഡറുകളും. അവർ ഇടപെടുന്ന മേഖലയിൽ വിഭിന്നതയ്ക്ക് വിധേയരല്ലാത്ത നമ്മൾ ഇടപെടാൻ ആഗ്രഹിക്കുന്നില്ല. ട്രാൻസ്ജെൻഡർ വ്യക്തികളോടൊപ്പം സൗഹൃദമില്ല. അവരുടെ പ്രശ്നങ്ങളിൽ

**സ്ത്രീപുരുഷ സംയോഗത്തിൽ നിന്ന് പുതിയൊരു ശിശു രൂപംകൊള്ളുന്നു. സ്ത്രീയും പുരുഷനും തമ്മിലുള്ള സംയോഗസമയത്ത് സ്ത്രീയുടെ ഗർഭപാത്രത്തിൽ പ്രവേശിക്കുന്ന പുരുഷ ശുക്ലം സ്ത്രീഗർഭപാത്രത്തിലെ രക്തവുമായി കലർന്നാണ് ശിശു രൂപം കൊള്ളുന്നത്. ഗർഭപാത്രത്തിനുള്ളിലെ ശുക്ലരക്തങ്ങളുടെ കലർപ്പിന്റെ തോതാണ് ഒരു ശിശുവിനെ സ്ത്രീലിംഗമായോ പുംലിംഗമായോ നപുംസകലിംഗമായോ ക്രമപ്പെടുത്തുന്നത്. ശുക്ല – രക്തത്തിന്റെ കലർപ്പിൽ രക്തത്തിന്റെ അളവ് കൂടിയാൽ പെൺകുട്ടിയും മറിച്ച് ശുക്ലത്തിന്റെ അളവ് കൂടിയാൽ ആൺകുട്ടിയും ആകുന്നതോടൊപ്പം ശുക്ലവും – രക്തവും സമം നിന്നാൽ അത് നപുംസകമായും ജനിക്കുന്നു.**

ട്രാൻസ്ജെൻഡറുകൾ ഇന്നോ ഇന്നലെയോ ഭൂമിയിൽ പൊട്ടിമുളച്ച ഒരു വിഭാഗമല്ല. അവർക്കൊരു ചരിത്രമുണ്ട്. ഇതിഹാസങ്ങളിൽ അവരെ രേഖപ്പെടുത്തിയിട്ടുണ്ട്. ഭാരതീയ പുരാണങ്ങളിൽ ട്രാൻസ്ജെൻഡറുകളുടെ ആദിരൂപം ശിവശക്തിയാണ്. അർദ്ധനാരീശ്വരരൂപമായ ശിവശക്തി സ്ത്രീ-പുരുഷസമന്വയമാണ്. മഹാഭാരതത്തിൽ മാത്രമല്ല എഴുതപ്പെട്ട മറ്റൊരു ഇതിഹാസമായ രാമായണത്തിലും ട്രാൻസ്ജെൻഡറുകളെ ദർശിക്കാവുന്നതാണ്. രാമായണത്തെക്കാൾ പ്രചാരം ലഭിച്ച മഹാഭാരതത്തിലെ ആണും പെണ്ണും കെട്ടതെന്ന അർത്ഥമുള്ള 'ശിഖണ്ഡി'യാണ് ട്രാൻസ്ജെൻഡറുകളുടെ ആദിരൂപം. ചരിത്രത്തിൽപ്പോലും ഇത്തരം ആളുകളെ അംഗീകരിച്ചിരുന്നു. എന്നിട്ടും സാക്ഷരസമൂഹം 21-ാം നൂറ്റാണ്ടിലും ഈ മനുഷ്യരെ മാറ്റി നിറുത്തുന്നു.

ട്രാൻസ്ജെൻഡറുകളും സാധാരണ മനുഷ്യരെപ്പോലെ വികാരവിചാരങ്ങൾ ഉള്ളവരും സ്ത്രീ-പുരുഷന്മാരെപ്പോലെ തുല്യനീതി ആഗ്രഹിക്കുന്നവരും പൊതുസമൂഹത്തിൽ മാന്യതയോടെ ഇടപെടാൻ ഇഷ്ടപ്പെടുന്നവരുമാണ്. ഭിന്നലിംഗക്കാർ അഥവാ ട്രാൻസ്ജെൻഡറുകളോട് സമകാലിക സമൂഹം മനുഷ്യത്വം ഇല്ലാത്ത പ്രവൃത്തിയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു വശത്ത് ട്രാൻസ്ജെൻഡറുകൾക്ക് തുല്യനീതി വാഗ്ദാനം ചെയ്യുമ്പോൾ മറുവശത്ത് അവരെ ശാരീരികമായും മാനസികമായും വേട്ടയാടുകയാണ്. സമീപകാലത്ത് കോഴിക്കോടും കൊച്ചിയിലും ട്രാൻസ്ജെൻഡറുകൾക്കെതിരെ നടന്ന അക്രമങ്ങൾ അതിനുദാഹരണമാണ്.

ഇടപെടുന്നില്ല. അവരുടെ സേവനങ്ങൾ ആവശ്യമില്ല എന്ന നിലയിലാണ് സമൂഹം ഈ വിഭാഗക്കാരെ നോക്കിക്കാണുന്നത്. അപകടനിലയിൽ കിടക്കുന്ന ഒരു രോഗിക്ക് രക്തദാനം ചെയ്യാനുള്ള മനസ്സ് അവർ കാണിച്ചാലും അത് നിരസിക്കുന്ന സമൂഹമാണിന്നുള്ളത്. എന്തിനാണ് ട്രാൻസ്ജെൻഡറുകളോട് ഇത്രയും അവഗണന. അവരും സമൂഹത്തിൽ നമ്മെപ്പോലെ ഒരിടം അർഹിക്കുന്നവരാണ്.



സ്ത്രീപുരുഷ സംയോഗത്തിൽ നിന്ന് പുതിയൊരു ശിശു രൂപംകൊള്ളുന്നു. സ്ത്രീയും പുരുഷനും തമ്മിലുള്ള സംയോഗസമയത്ത് സ്ത്രീയുടെ ഗർഭപാത്രത്തിൽ പ്രവേശിക്കുന്ന പുരുഷശുക്ലം സ്ത്രീഗർഭപാത്രത്തിലെ രക്തവുമായി കലർന്നാണ് ശിശു രൂപം കൊള്ളുന്നത്. ഗർഭപാത്രത്തിനുള്ളിലെ ശുക്ലരക്തങ്ങളുടെ കലർപ്പിന്റെ തോതാണ് ഒരു ശിശുവിനെ സ്ത്രീലിംഗമായോ പുംലിംഗമായോ നപുംസകലിംഗമായോ ക്രമപ്പെടുത്തുന്നത്. ശുക്ല-രക്തത്തിന്റെ കലർപ്പിൽ രക്തത്തിന്റെ അളവ് കൂടിയാൽ പെൺകുട്ടിയും മറിച്ച് ശുക്ലത്തിന്റെ അളവ് കൂടിയാൽ ആൺകുട്ടിയും ആകുന്നതോടൊപ്പം ശുക്ലവും-രക്തവും സമം നിന്നാൽ അത് നപുംസകമായും ജനിക്കുന്നു. എന്നാൽ ശാസ്ത്രീയമായി ഈ ആൺ-പെൺ വ്യത്യാസം ഇപ്രകാരമാണ് വ്യതിയാനം ഉള്ളവർ. ഒരു ലിംഗവിഭാഗത്തിൽ ജനിക്കുകയും അപരലിംഗവിഭാഗത്തിന്റെ താൽപര്യങ്ങളും ചേഷ്ടകളും പ്രകടിപ്പിക്കുകയും ചെയ്യുന്ന വ്യക്തികളാണ് പൊതുവെ ട്രാൻസ്ജെൻഡർ എന്ന് പറയുന്നത്. പുരുഷ രൂപത്തിലെ സ്ത്രൈണത, സ്ത്രീരൂപത്തിനുള്ളിലെ പൗരുഷം എന്നിവയുടെ പ്രകടനപരതകൾ ട്രാൻസ്ജെൻഡറുകളെ സമൂഹത്തിൽ പെട്ടെന്ന് ശ്രദ്ധിക്കപ്പെടാൻ കാരണമാകുന്നു. ഓരോ രാജ്യത്തും വ്യത്യസ്തമായ പേരുകളിലാണ് ഇവരെ അഭിസംബോധന ചെയ്യുന്നത്. അമേരിക്കയിലെ റെഡ് ഇന്ത്യൻസിനിടയിൽ ബെർ-ഡാഷസ്, ഫിലിപ്പീൻസിൽ ബക്ക് ലസ് - ഒമാനിൽ സതിത്സ്, പാക്കിസ്ഥാനിൽ മൂരത്ത്, സിനനയ്സ്, ഷെയ്ത്താൻ -തെക്കനേഷ്യയിൽ ജോഗപ്പാസ്, ജോഗ്താസ്, ഹിജറാസ് എന്നിങ്ങനെ വിളിക്കപ്പെടുന്ന ട്രാൻസ്ജെൻഡറിന് ഇന്ത്യൻ സമൂഹത്തിൽ പ്രത്യേകിച്ച്






രേഖപ്പെടുത്തുന്നത്. മനുഷ്യനിൽ പ്രത്യുൽപാദന സമയത്ത് x ക്രോമസോമുകൾ അടങ്ങുന്ന അണ്ഡകോശവും x, y എന്നീ ക്രോമസോമുകളിലേതെങ്കിലും പുംബീജവുമാണ് സംയോജിക്കുന്നത്. പുംബീജം y ക്രോമസോം അടങ്ങിയതാണെങ്കിൽ ആൺകുഞ്ഞും x ക്രോമസോമടങ്ങിയതാണെങ്കിൽ പെൺകുഞ്ഞും ജനിക്കുന്നു. ഇതിനർത്ഥം കുഞ്ഞ് ആണോ പെണ്ണോ എന്നത്, ഏത് ക്രോമസോമടങ്ങുന്ന പുംബീജമാണ് ബീജസങ്കലനത്തിലേർപ്പെടുന്നത് എന്നതിനെ ആശ്രയിച്ചിരിക്കുന്നുവെന്നാണ്. ആൺ-പെൺ ജനനം പോലെത്തന്നെ സ്വാഭാവികമായ പ്രക്രിയയാണ് ഇതും. ക്രോമസോം വ്യതിയാനം കൊണ്ട് പുരുഷൻ (xy) അല്ലെങ്കിൽ സ്ത്രീ (xx) ആയി ജനിക്കാതെ പകരം xxy അല്ലെങ്കിൽ xyy അതുമല്ലെങ്കിൽ ഇതുപോലുള്ള മറ്റു ക്രോമസോമുകളുമായി ജനിക്കുന്നവരാണ് ലിംഗ കേരളത്തിൽ ഗാണ്ടു, ചക്ക, കോജ, അറവാണി, ഒമ്പത്, ചാന്ത്പൊട്ട് എന്നിങ്ങനെ വിളിപ്പേരുകൾ നിരവധിയാണ്. സമൂഹം മനുഷ്യനെന്ന പരിഗണന പോലും നൽകാതെ പലപേരുകളിൽ വിളിച്ചധിക്ഷേപിക്കുന്ന ട്രാൻസ്ജെൻഡറുകളുടെ ചരിത്രം ഇതിഹാസങ്ങളിലും തെളിഞ്ഞുനിൽക്കുന്നു.

മഹാഭാരതം, രാമായണം തുടങ്ങിയ ഇതിഹാസകാവ്യങ്ങളിൽ ട്രാൻസ്ജെൻഡറുകളെ പറ്റിയുള്ള പരാമർശങ്ങൾ കാണാം. രാമായണതിനതീതമായി മഹാഭാരതത്തിലെ ശിഖണ്ഡിയാണ് പ്രചാരം നേടിയത്. ശിഖണ്ഡി എന്നാൽ ആണും പെണ്ണും കെട്ടത് എന്നാണ് അർത്ഥം. കാശിരാജാവിന്റെ പുത്രിയായ അംബയുടെ പുനർജന്മമായ ശിഖണ്ഡി ആദ്യജന്മത്തിൽ തന്നെ അപമാനിച്ച ഭീഷ്മരെ വധിക്കുക എന്ന ലക്ഷ്യത്തിലാണ് ജീവിച്ചത്. കുരുക്ഷേത്രയുദ്ധത്തിൽ പാണ്ഡവരെ വിജയ



ത്തിലേക്ക് എത്തിച്ച ഒരു ഘടകം ശിഖണ്ഡിയാണ്. സ്വച്ഛന്ദമൃത്യു വരമായി ലഭിച്ച ഭീഷ്മരെ വധിക്കുവാൻ അർജുനൻ ശിഖണ്ഡിയെ മുൻനിർത്തി യുദ്ധം ചെയ്തു. സ്ത്രീയോടും സ്ത്രൈണ സ്വഭാവമുള്ള പുരുഷനോടും യുദ്ധം ചെയ്യില്ലെന്ന് പ്രതിജ്ഞ ചെയ്ത ഭീഷ്മർ പിന്മാറുമ്പോൾ അർജുനനും ശിഖണ്ഡിയും ഭീഷ്മരെ കീഴ്പ്പെടുത്തുന്നു. പിന്നീട് ശിഖണ്ഡിയുടെ മരണം അശ്വത്ഥാമാവിലൂടെയാണ് സംഭവിക്കുന്നത്. മഹാഭാരതം ശിഖണ്ഡിയെ ഇപ്രകാരം അവതരിപ്പിക്കുമ്പോൾ രാമായണത്തിൽ പിതാവിന്റെ നിർദ്ദേശമനുസരിച്ച് പതിനാലു വർഷത്തെ വനവാസത്തിന് സീതയും ലക്ഷ്മണനുമൊത്ത് രാമൻ പോയപ്പോൾ അയോദ്ധ്യനിവാസികൾ പലരും അവർക്കൊപ്പം ചേർന്നു. കാട്ടിലേക്ക് പ്രവേശിക്കുംമുമ്പ് സ്ത്രീകളും പുരുഷന്മാരും കുട്ടികളും തിരികെ പോവാൻ രാമനാവശ്യപ്പെട്ടപ്പോൾ അവർ തിരികെ പോയി എങ്കിലും ഒരു വിഭാഗം ആളുകൾ അവിടെ തന്നെ നിന്നു. അവർ സ്ത്രീയെന്നോ പുരുഷനെന്നോ വിഭാഗത്തിൽ ഉൾപ്പെടാത്ത ശിഖണ്ഡികളായിരുന്നു. മഹാഭാരതത്തിലും രാമായണത്തിലും കൂടാതെ ഇരവാന്റെ കഥയിലും ട്രാൻസ്ജെൻഡർ കടന്നുവരുന്നുണ്ട്. ഇവ കൂടാതെ പ്രാചീന ഇന്ത്യൻ നിയമഗ്രന്ഥമായ മനുസ്മൃതി, രതിശാസ്ത്രഗ്രന്ഥമായ കാമസൂത്രം തുടങ്ങിയവയിലും ട്രാൻസ്ജെൻഡർ പരാമർശമുണ്ട്. മനുസ്മൃതി മ്ലേച്ഛമായ അർത്ഥത്തിൽ 'ക്ലീബൻ' എന്നും, കാമസൂത്രത്തിൽ വാത്സ്യായന മഹർഷി ഔപരിഷ്ടക അധ്യായത്തിൽ സ്ത്രീ പുരുഷ വിഭാഗത്തിൽ നിന്നും വ്യത്യസ്തമായ 'തൃതീയ പ്രകൃതി' അഥവാ മൂന്നാം പ്രകൃതി ആയി ട്രാൻസ്ജെൻഡറുകളെ പരിഗണിക്കുന്നു. മൂന്നാം പ്രകൃതിയായി കണക്കാക്കിക്കൊണ്ട് വാത്സ്യായനൻ ട്രാൻസ്ജെൻഡറുകളെ അവതരിപ്പിക്കുമ്പോൾ ഇത്തരം വിഭാഗത്തിൽപ്പെട്ട പുരുഷന്മാർ സ്ത്രീകളെ പോലെ വസ്ത്രം ധരിച്ചും, സ്ത്രീകൾ പുരുഷന്മാരെപ്പോലെ വസ്ത്രം ധരിച്ചും അവതരിക്കുന്നു. വർത്തമാന സമൂഹത്തിലെ ട്രാൻസ്ജെൻഡറുകളെ നാം ഇപ്പോൾ ഇപ്രകാരമാണ് കണ്ടുപോരുന്നത്. ഇതിഹാസങ്ങളിലൂടെ പ്രത്യക്ഷപ്പെട്ട ട്രാൻസ്ജെൻഡറുകളുടെ ചരിത്രയാത്ര ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സമൂഹം പുച്ഛത്തോടെയാണ് നോക്കിക്കാണുന്നത്.

വൈവിദ്ധ്യം നിറഞ്ഞ സമൂഹത്തിലെ ജീവിതവൈവിദ്ധ്യങ്ങൾ ആവിഷ്കരിക്കുമ്പോൾ അവയിൽ പൊതുസമൂഹത്തിന് അംഗീകരിക്കാനാവാത്ത ചില യാഥാർത്ഥ്യങ്ങളാണ് ട്രാൻസ്

ജെൻഡർ. തുല്യമായ സംരക്ഷണമോ തുല്യമായ കരുതലോ സമൂഹം നൽകാതെ ശപിക്കപ്പെട്ടവരായി അവർ മാറ്റിനിർത്തപ്പെടുന്നു. അത് അവരുടെ കുഴപ്പമല്ല, മറിച്ച് നമ്മുടെ കുഴപ്പമാണ്. പകൽസമയത്ത് പുറത്തിറങ്ങാനാവാത്തവിധം നാം അവരെ അടിച്ചമർത്തുകയാണ്. ഈ സമൂഹത്തിൽ നമ്മെപ്പോലെ ജീവിക്കാൻ അവരും അർഹരാണ്. ജന്മത്താൽ മുറിവേറ്റ അവരുടെ ജീവിതവും സംസ്കാരവും വ്യത്യസ്തമാണ്.

ഒരു വ്യക്തി വളർന്നുവരുന്ന സാഹചര്യം അവരുടെ വ്യക്തിത്വത്തെ സ്വാധീനിക്കുന്നു. ട്രാൻസ്ജെൻഡറുകളുടെ കഷ്ടതകളുടെ ആരംഭം സ്വകുടുംബങ്ങളിൽ നിന്നു തന്നെയാണ്. ജന്മം നൽകിയ മാതാപിതാക്കളിൽ നിന്നും കൂടപ്പിറപ്പുകളിൽ നിന്നും അവഗണിക്കപ്പെടുകയും ആട്ടിയോടിക്കപ്പെടുകയും ചെയ്യുമ്പോൾ അവർ സ്വഭവനം വിട്ടിറങ്ങി മറ്റിടങ്ങളിലേക്ക് പലായനം ചെയ്യാൻ നിർബന്ധിതരാവുകയും ചെയ്യുന്നു. ചെറുപ്രായത്തിൽ വിദ്യാലയങ്ങളിൽപ്പോലും ഈ അവഗണന രൂക്ഷമാവുമ്പോൾ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട് തെരുവോരങ്ങളെ ആശ്രയിക്കേണ്ടതായി വരുന്നു. ഇങ്ങനെ വീട് വിട്ടിറങ്ങുന്ന ഇവർ ട്രാൻസ്ജെൻഡർമാർ കൂട്ടമായി താമസിക്കുന്ന ബാംഗ്ലൂർ, മുംബൈ, ഡൽഹി പോലുള്ള സിറ്റികളിലേക്ക് ചേക്കേറുന്നു. മറ്റുള്ളവരുടെ സ്വകാര്യതയിൽ എത്തിനോക്കാൻ താല്പര്യപ്പെടാത്ത അവിടത്തെ സാധാരണക്കാർക്കിടയിൽ ട്രാൻജെൻഡറുകൾ പലയിടങ്ങളിലായി കൂട്ടമായോ തനിച്ചോ ജീവിച്ചു പോരുന്നു. എന്നാൽ ഇവിടേയും മാന്യമായ ജീവിതം നയിക്കാൻ അവർക്ക് കഴിയാതെ വരുന്നു. വിദ്യാഭ്യാസംപോലും നിഷേധിക്കപ്പെട്ട ട്രാൻജെൻഡറുകളെ മാന്യമായ തൊഴിൽ നൽകി സംരക്ഷിക്കാൻ പൊതുസമൂഹം താല്പര്യപ്പെടുന്നില്ല. എന്ന് മാത്രമല്ല ഇവരെ നിരന്തരം പരിഹസിച്ചുകൊണ്ട് മുഖ്യധാരയിൽ നിന്ന് മാറ്റി നിർത്തുന്നു. ഈ സാഹചര്യത്തിൽ അവർ ഉപജീവനത്തിനായി പിടിച്ചുപറിയും ഭിക്ഷാടനവും  ലൈംഗികത്തൊഴിലും സ്വീകരിക്കുന്നു. സമൂഹം ഇവരെ മാനസികമായും ശാരീരികവുമായ പീഡനത്തിനിരയാക്കുകയും ചെയ്യുമ്പോൾ അവരുടെ പരമ്പരാഗത തൊഴിലായി കണക്കാക്കപ്പെടുന്നതും ഒപ്പം തന്നെ സമൂഹത്തിൽ എന്തെങ്കിലും ഒരു സ്ഥാനം അവർക്ക് കൽപ്പിച്ചു നൽകുന്നതുമായി അവർ കരുതുന്ന "ബതായ്"* സമ്പ്രദായത്തിലേയ്ക്ക് അവർ ചേക്കേറുന്നു. ബതായ് എന്ന് പറഞ്ഞാൽ "അനുഗ്രഹം നൽകൽ" എന്നാണ്. ഇത്തരക്കാരുടെ അനുഗ്രഹം ഐശ്വര്യം കൊണ്ടുവരും എന്നതാണ് വിശ്വാസം. ചരിത്ര ഇതിഹാസങ്ങളായ രാമായണത്തിലും മഹാഭാരതത്തിലും ഇതിന്റെ സൂചനകൾ ഉണ്ട്. ഹിജഡകൾ എന്ന് വിളിക്കപ്പെടുന്ന ഇവരുടെ സാന്നിധ്യം മംഗളങ്ങൾ കൊണ്ടുവരുമെന്ന രാമന്റെ അനുഗ്രഹമാണ് മംഗളകാര്യങ്ങളിൽ അവർക്ക് സ്ഥാനം നൽകാൻ ഇടയായത്. വിവാഹം, ജനനം, ആഘോഷ പരിപാടികൾ തുടങ്ങിയവയിൽ പങ്കെടുത്ത്  അനുഗ്രഹം നൽകിയാൽ സാമ്പത്തികമായി അവർക്ക് നേട്ടമുണ്ടാവുന്നു എങ്കിലും ഇത്തരം ചടങ്ങുകൾ അപൂർവ്വ



**'ബതായ്' ചടങ്ങ്**

മായതിനാൽ പ്രതിസന്ധി യും പട്ടിണിയും അകറ്റാൻ "കൈതട്ടൽ"* അഥവാ ഭിക്ഷാടനം അവർ ഏറ്റെടു ക്കുന്നു. ഇത് മറ്റുള്ളവർക്ക് മുന്നിൽ പരിഹാസ പാത്ര മാവുക മാത്രമല്ല കൂടുതൽ അവഗണനകൾ സഹിക്കേ ണ്ടതായും വരുന്നു. ഈ സന്ദർഭത്തിലാണ് ലൈംഗികത്തൊഴിൽ (Sex work) ഉപജീവനമാക്കി മാറ്റുന്നത്. ഒരു കൂട്ടർ ആർഭാടപൂർവ്വമായ ജീവി തസാഹചര്യങ്ങൾ നേടു ന്നതിനായി ലൈംഗിക ത്തൊഴിൽ സ്വീകരിക്കുന്ന വരാണെങ്കിൽ മറ്റൊരു കൂട്ടർ പരമ്പരാഗത ഉപജീ വനമാർഗ്ഗമായി ലൈംഗിക ത്തൊഴിൽ കൊണ്ടുനടന്നു. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ ട്രാൻസ്ജെൻഡർമാരുടെ മുഖ്യ മായ ആവശ്യം ലിംഗമാറ്റ ശസ്ത്രക്രിയ ചെയ്യുവാ നുള്ള ഭീമമായ തുക സമ്പാദിക്കുക എന്നതാണ്. ബാഗ്ലൂർ, മുംബൈ പോലുള്ള സിറ്റികളിൽ ഇത്തരം ലൈംഗിക താവളങ്ങൾ നിരവധിയാണ്. "ഹമാമു കൾ"* എന്നാണ് ഈ താവളങ്ങൾ അറിയപ്പെടുന്ന ത്. ലൈംഗികത്തൊഴിലിൽ മുന്തിയ സൗന്ദര്യം, നല്ല ശരീരം തുടങ്ങിയ ഘടകങ്ങൾ ആവശ്യമായി രിക്കെ സൗന്ദര്യം നശിക്കുന്നതുവരെ മാത്രമേ സെക്സ് വർക്കിൽ അവർക്ക് ഏർപ്പെടുവാൻ സാധിക്കൂ. സ്ത്രീ മനസ്സ് മാത്രമായി ലൈംഗിക ത്തൊഴിലിൽ സാധ്യമല്ല. മറിച്ച് സ്ത്രീ ലൈംഗിക അവയവങ്ങളായ മുലയും വെജിനയും പുരുഷനാ വശ്യമാണ്. പുരുഷന്റെ ശ്രദ്ധ ആകർഷിക്കുവാ നായി അവർ പല വേഷങ്ങൾ കെട്ടി നടക്കുന്നു. ആഭരണങ്ങളും മുല്ലപ്പൂക്കളും തിളക്കമുള്ള വസ്ത്രവും അവർ ഉപയോഗിക്കുന്നു. എന്നിരു ന്നാലും ട്രാൻസ്ജെൻഡർ ലൈംഗികത്തൊഴിലാളി കളെ ഇവിടെയും നിരാകരിക്കുന്ന പ്രകിയയാണ് കാണാവുന്നത്. മാത്രമല്ല ട്രാൻസ്ജെൻഡർമാരായ ലൈംഗികത്തൊഴിലാളികൾക്ക് കുറഞ്ഞ വേതന മാണ് നൽകപ്പെടുന്നതും. പലരും ഹിജഡകളായ ട്രാൻസ്ജെൻഡർമാരെ ആവശ്യം കഴിഞ്ഞ് കബളി പ്പിച്ച് കടന്നുകളയുന്ന പതിവും നിത്യമാണ്. വിദ്യാ ഭ്യാസം നൽകേണ്ട സമയത്ത് വിദ്യാഭ്യാസം നൽകു കയും തൊഴിൽ മേഖലകളിൽ അവർക്ക് പരിഗണന നൽകുകയും ചെയ്തിരുന്നുവെങ്കിൽ ഇത്തരം മാന്യതയില്ലാത്ത തൊഴിലുകളിലേക്ക് അവർ വഴി തിരിയുകയില്ലായിരുന്നു. ഇങ്ങനെ ലൈംഗിക ത്തൊഴിൽ ഉപജീവനമായി മാറ്റുന്നവർക്കിടയിൽ



'അർദ്ധനാരി' സിനിമയിൽ മണിയൻപിള്ള രാജു

ലൈംഗിക രോഗങ്ങൾ സർവ്വസാധാരണമായി കാണാറുണ്ട്. ഇത്തരം രോഗങ്ങളെകുറിച്ച് പൊതു വായ ധാരണയില്ലാതെ, കോണ്ടം പോലുള്ള സുര ക്ഷാമാർഗ്ഗങ്ങളില്ലാതെ അവർ രോഗവാഹകരായി മാറുന്നു. മരണത്തിനു വരെ ഇത്തരം രോഗങ്ങൾ കാരണമായിത്തീരുന്നു. 'അർദ്ധനാരി' എന്ന മലയാള സിനിമയിൽ മണിയൻപിള്ള രാജു അവതരിപ്പിക്കുന്ന കഥാപാത്രം ഇത്തരത്തിലൊരു ലൈംഗികരോഗ ത്താൽ മരിക്കുന്നതായി ചിത്രീകരിച്ചിട്ടുണ്ട്. രോഗ ങ്ങൾ ട്രാൻസ്ജെൻഡർമാരുടെ ജീവിതം ഇല്ലാതാ ക്കുന്നതിന് പുറമേ ഇവരെത്തേടി എത്തുന്ന യുവാ ക്കൻമാരുടെ ജീവിതം നശിക്കാനും കാരണമാകു ന്നു. ഇത്തരം തൊഴിലാളികളുടെ വാർദ്ധക്യ ജീവിതം വളരെ ദുസ്സഹമാണ്.

**ജീവിതശ്രേണി**

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ജന്മം കൊടുക്കുന്ന മാതാപിതാക്കൾ പൊതുസമൂഹ ത്തിന്റെ പരിഹാസങ്ങളിൽ അപമാനിതരായി മന്ത്രവാദങ്ങളിലൂടെയും ചികിത്സയിലൂടെയും ആൺശരീരത്തിലെ പെൺമനസിനെ മാറ്റാൻ ശ്രമിക്കുന്നുവെങ്കിലും പരാജിതരാവുന്ന അവർ ജന്മം കൊടുത്ത മക്കളെ ആട്ടിപ്പായിക്കുകയും അവർ അവരെ അംഗീകരിക്കുന്ന ഇടങ്ങളിലേക്ക് ദേശാടനം ചെയ്യുകയും ചെയ്യുന്നു. ഇങ്ങനെ പലയിടങ്ങളിൽ കൂട്ടമായി ജീവിതം നയിക്കുന്ന ഇവർക്കിടയിലേക്ക് മറ്റൊരാളെ കൂട്ടിച്ചേർക്കണമെ ങ്കിൽ ഒരു വ്യക്തി അതായത് (ഗുരു/അമ്മ) അവരെ മകളായി (ചേല) സ്വീകരിക്കണം. "ജമാ അത്ത്"* എന്ന യോഗം വിളിച്ച് ചേർത്താണ് അമ്മ ചേലയെ സ്വീകരിക്കുന്നത്. "നായക്"* എന്നാണ് ഇവരുടെ നേതാവിനെ വിളിക്കുന്നത്. നായക് ന്റെ നിർദ്ദേശ

**പൂർണമായി സ്ത്രീയോ പുരുഷനോ അല്ലാത്ത ജനനസമയത്ത്, നിർണയിക്കപ്പെട്ട ലിംഗവുമായി പൊരുത്തപ്പെടാത്ത, ഭിന്നലിംഗതയുള്ളവർ എന്ന പരാമർശം അവർക്കായി ഒരു മലയാളനാമം കണ്ടെത്തുന്നതിനോ, അവർക്കൊരു നിർവചനം നൽകുവാനോ കഴിയാതെ വരുന്നു. പലവിചാരണകളിൽ മൗനിയായി മാത്രം നിന്നിരുന്ന ട്രാൻസ്ജെൻഡറുകൾ ഇന്ന് മുറിവുകളെ തുടച്ചുനീക്കി പിടഞ്ഞുണർന്ന് അപസ്പാര രോഗികളെക്കാൾ കരുത്തോടെ മുഷ്ടി ചുരുട്ടി തെരുവോരത്തെ ഉടൽ നിലങ്ങളായി ഒതുങ്ങാതെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുകയറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്.**

പ്രകാരമാണ് ചേലയെ (മകൾ) ദത്ത് എടുക്കുന്നത്. ഇവർക്കിടയിൽ ഈ കർമ്മത്തെ "റീത്ത്"* എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇവർക്കിടയിൽ ജാതി മതഭേദങ്ങൾ ഒന്നും തന്നെയില്ല. അമ്മ, മക്കൾ, മക്കളുടെ മക്കൾ എന്ന നിലക്ക് ഈ ശ്രേണി നീണ്ടുപോകുന്നു. പലയിടത്തും പല തരത്തിലാണ് ഈ പേരുകൾ അറിയപ്പെടുന്നത്. ഉദാ: മുംബൈയിൽ മുത്തശിയുടെ ഗുരു-ദാദാഗുരു, ഗുരുവിന്റെ ഗുരു നാനാഗുരു അമ്മ-ഗുരു, മകൾ ചേല, മകളുടെ ചേല - നാട്ടിചേല എന്നിങ്ങനെ നീണ്ടുപോകുന്നു. ഇപ്രകാരം ചേലയായി മാറ്റപ്പെടുന്ന ട്രാൻസ്ജെൻഡർ ഒരു വർഷക്കാലം ഗുരുവിനെ പണം നൽകി സംരക്ഷിക്കേണ്ടതുണ്ട്. ലൈംഗികത്തൊഴിലിന്റെ മറ്റൊരു ആവശ്യം ഇതു കൂടിയായിരുന്നു.

ഈ ഒരു വർഷക്കാലം ചേലയുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച ശേഷം മകളെ നിർവ്വാണത്തിനുവേണ്ടി തിരഞ്ഞെടുക്കുന്നു. പുരുഷശരീരത്തെ സ്ത്രൈണതയിലേക്ക് മാറ്റുന്നതിനുവേണ്ടി പുരുഷലൈംഗിക അവയവത്തെ ഛേദിച്ച് കളഞ്ഞ് സ്ത്രീ ആക്കി മാറ്റുന്ന പ്രക്രിയയാണ് 'നിർവ്വാൺ'* പാരമ്പര്യരീതിയിൽ പ്രാപ്തരായ ട്രാൻസ്ജെൻഡറുകൾ നിർവ്വാൺ നടത്തുന്നതിനെ "തായമ്മ നിർവ്വാൺ"* എന്നു പറയുന്നു. എന്നാൽ ആധുനിക സമൂഹത്തിൽ ഹോസ്പിറ്റലുകളുടെ സഹായത്താൽ സർജറിയിലൂടെയാണ് ഈ പ്രക്രിയ നടത്തുന്നത്. തായമ്മ നിർവ്വാൺ പരമ്പരാഗത രീതിയിലുള്ള ചടങ്ങാണ്. പരിചയസമ്പത്തുള്ള തായമ്മ പാലിൽ മുക്കി തിളപ്പിച്ച കത്തിയെടുത്ത് ലിംഗവൃഷണങ്ങൾ നീക്കം ചെയ്യുന്നു. മുറിവുണങ്ങാൻ പച്ച മരുന്നുകളും നല്ല കരുതലും ജീവിതചര്യയും ആവശ്യമാണ്. എന്നാൽ എത്രത്തോളം വിജയകരമായിരിക്കുമെന്ന് പറയാനാവില്ല. അപകടകരമായ ഈ പാരമ്പര്യത്തെ ഇന്നത്തെ ട്രാൻസ്ജെൻഡർ വിഭാഗം പിന്തുടരാറില്ല. നിർവ്വാണത്തെ തുടർന്ന് സ്ത്രൈണതയുടെ മാറ്റങ്ങൾ ആ വ്യക്തിയിൽ കണ്ടുതുടങ്ങും എന്നതാണ് വിശ്വാസം. ഇതിനുശേഷം ലിംഗമാറ്റം നടത്തിയ വ്യക്തിയെ 'അവൾ' ആക്കി മാറ്റുന്ന ചടങ്ങാണ്. "ഹാൽദി മെഹന്തി"* മൈലാഞ്ചിയിടൽ. നാൽപതുദിനം നീണ്ടു നിൽക്കുന്ന ചടങ്ങാണിത്. ആരോഗ്യപുഷ്ടിക്കായി ആട്ടിറച്ചി, ആട്ടിൻസൂപ്പ് പോലുള്ള ആഹാരങ്ങൾ കഴിക്കുകയും പന്ത്രണ്ടാം നാൾ ഒന്നാം ആചാരകുളിയും ഇരുപതാം നാൾ രണ്ടാം ആചാരകുളിയും നടത്തുകയും ചെയ്യുന്നു. ദേഹമാസകലം മഞ്ഞൾപുരട്ടി മധുരം അവർ ഇതാഘോഷിക്കുന്നു. ഇതിന്റെ അവസാന നാളായ നാൽപതാം നാൾ ട്രാൻസ്ജെൻഡറുകൾക്കിടയിലെ സുപ്രധാന ചടങ്ങാണ് 'ജൽസ'*. വളരെ ആഘോഷകരമായാണ് ജൽസ നടത്തുന്നത്. മറ്റു ട്രാൻസ്ജെൻഡറുകളുടെ സാന്നിധ്യത്തിലാണ് ഈ ചടങ്ങ് നടത്തുക. ചേലയെ മഞ്ഞൾ തേച്ച് കുളിപ്പിച്ച് പച്ച നിറമുള്ള വസ്ത്രങ്ങൾ ധരിപ്പിച്ച്, മുഖം തുണി ഉപയോഗിച്ച് തലയിൽ പാൽക്കുടമേന്തി അത് സമീപത്തെ കിണറ്റിലോ പുഴയിലോ ഉപേക്ഷിച്ച മറച്ച് ശേഷം, നിർവ്വാൺ നടത്തിയ ചേല പച്ചമരത്തിനു മുമ്പിൽ തന്റെ നഗ്നത തുറന്നു കാണിക്കുന്നു. ഇതിനുശേഷം മുഖത്തെ തുണി മാറ്റി ഗുരു കണ്ണാടി കാണിക്കുന്നതോടെ ചേല സ്ത്രീയായി മാറുന്നു. നിർവ്വാണത്തിനുശേഷം നാൽപതുനാൾ ചേല കണ്ണാടി കാണുവാൻ പാടില്ല എന്നാണ് ആചാരം. ഇത്തരത്തിലുള്ള വിശ്വാസങ്ങളിൽ കൂട്ടമായി ജീവിച്ചുപോന്ന ട്രാൻസ്ജെൻഡറുകൾക്കിടയിൽ ഈ ചടങ്ങുകളെല്ലാം സ്വാഭാവിക ജീവിതചര്യയായി മാറുകയായിരുന്നു.

വിവാഹം, കുടുംബജീവിതം എന്നിവ ആഗ്രഹിക്കുന്നവരാണ് ട്രാൻസ്ജെൻഡറുകൾ. അതുകൊണ്ട് തന്നെ ട്രാൻസ്ജെൻഡറുകൾക്കിടയിൽ ഇത്തരത്തിലുള്ള ബന്ധങ്ങൾ നിലനിൽക്കുന്നുണ്ട്. മുഖ്യധാരസൃഷ്ടിയിൽ വിവാഹബന്ധങ്ങൾ അനന്തര തലമുറയെ സൃഷ്ടിക്കുന്നതിനും ലൈംഗീക അരാജകത്വം ഒഴിവാക്കുന്നതിനും ആണ്. എന്നാൽ ഹിജഡ-കോത്തി വിവാഹങ്ങൾ സ്നേഹമസൃണമായ കൂട്ടിന് വേണ്ടിയാ

കുന്നു എന്നതാണ് പൊതുവെയുള്ള അഭിപ്രായ മെങ്കിലും ശാരീരികമായ പങ്കിടലുകളാണ് അവിടെയും ലക്ഷ്യം. വിവാഹങ്ങൾക്ക് തടസ്സ മായി വരുന്ന രക്തബന്ധം ട്രാൻസ്ജെൻഡറു കൾക്കിടയിലുമുണ്ട്. അവർക്കിടയിൽ ഒരു ഗുരു വിന്റെ ചേലകൾ തമ്മിൽ വിവാഹം പാടുള്ളതല്ല. ഗുരുവും ചേലയും ദാമ്പത്യബന്ധം നിഷിദ്ധമാണ്. എന്നാൽ എസ്.ആർ.എസ് ലിംഗമാറ്റ സർജറിയി ലൂടെ പെണ്ണായി മാറിയ ട്രാൻസ്ജെൻഡറുകൾ ഒന്നാം ലിംഗമെന്ന് പൊതുവെ അറിയപ്പെടുന്ന പുരുഷന്മാർക്കൊപ്പം വിവാഹജീവിതം നയിക്കാൻ ഇഷ്ടപ്പെടുന്നവരാണ്.

പലരും കരുതുംപോലെ ട്രാൻസ്ജെൻ ഡറോ ഇന്റർസെക്സോ ആവുക എന്നത് ഒരു ചോയ്സ് അല്ല. അതൊരിക്കലും തല്ല് കൊള്ളേണ്ട സൂക്കേടുമല്ല. ഞാൻ സ്ത്രീയോ/പുരുഷനോ ആയി ജനിച്ചത് എന്റെ തീരുമാനമല്ല.

അതുപോലെ ട്രാൻസ്ജെൻഡർ ആയി മാറുന്നത് അവരുടെയോ നിങ്ങളുടെയോ തീരുമാ നമല്ല. ജോലിസ്ഥലത്തും പൊതുഗതാഗതം ഉപ യോഗിക്കുന്നിടത്തും ചടങ്ങുകളിലും എന്നു വേണ്ട സകലയിടത്തും ഇവർക്ക് വിവേചനം അനുഭവിക്കേണ്ടിവരുന്നു. അവർ പെണ്ണാകുന്നതോ ആണാകുന്നതോ അനാശാസ്യത്തിനു വേണ്ടി




**കൊച്ചി മെട്രോയിൽ ജോലി ചെയ്യുന്ന ട്രാൻസ്ജെൻഡേഴ്സ്**

യുള്ള മറയാണെന്ന് ആരോപിക്കുന്നു. അവരെ ആക്രമിക്കുന്നു. ആണോ പെണ്ണോ ആകുന്നത് യോഗ്യതയല്ല. ട്രാൻസ്ജെൻഡർ ആകുന്നത് അയോഗ്യതയും അല്ല. വിശപ്പും ദാഹവുമുള്ള പച്ച മനുഷ്യരെപ്പോലെ അവരെ പരിഗണിക്കാൻ ഇന്നത്തെ സമൂഹം തയ്യാറാവുന്നില്ല. അവരെ ഒറ്റ പ്പെടുത്തുന്നതിന് ഒരേയൊരു പേരേയുള്ളൂ, മനു ഷ്യാവകാശലംഘനം, ഭിന്നലിംഗക്കാരും നാഷണൽ ലീഗൽ സർവീസ് അതോറിറ്റിയും (NLSA) ചേർന്ന് നടത്തിയ നിരന്തരമായ ഇടപ്പെടലുകളുടെ ഫലമാ യാണ് 2014 ഏപ്രിലിൽ സുപ്രീം കോടതിയിൽ നിന്നും ചരിത്രപരമായ വിധിയുണ്ടായത്. സ്വന്തം ലിംഗം നിർണയിക്കാനുള്ള അവകാശം ഈ വിധി

പൂർണമായി സ്ത്രീയോ പുരുഷനോ അല്ലാത്ത, ജനനസമയത്ത്, നിർണയിക്കപ്പെട്ട ലിംഗവുമായി പൊരുത്തപ്പെടാത്ത, ഭിന്നലിംഗത യുള്ളവർ എന്ന പരാമർശം അവർക്കായി ഒരു മല യാളനാമം കണ്ടെത്തുന്നതിനോ, അവർക്കൊരു നിർവചനം നൽകുവാനോ കഴിയാതെ വരുന്നു. പലവിചാരണകളിൽ മൗനിയായി മാത്രം നിന്നി രുന്ന ട്രാൻസ്ജെൻഡറുകൾ ഇന്ന് മുറിവുകളെ തുടച്ചുനീക്കി പിടഞ്ഞുണർന്ന് അപസ്പാര രോഗി കളെക്കാൾ കരുത്തോടെ മുഷ്ടി ചുരുട്ടി തെരു വോരത്തെ ഉടൽ നിലങ്ങളായി ഒതുങ്ങാതെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുകയറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്.



സൂര്യ-ഇഷാൻ വിവാഹം

യിലൂടെ അവർക്ക് ലഭിച്ചു. നൂറ്റാണ്ടുകളായി ട്രാൻസ്ജെൻഡറുകൾ അനുഭവിക്കുന്ന സാമൂഹികമായ അടിച്ചമർത്തലിൽ ഉൽകണ്ഠ കാണിച്ച കോടതി ഭിന്നലിംഗക്കാരായവരെ സാമൂഹികമായും സാമ്പത്തികമായും മുൻനിരയിലെത്താൻ അവസരം നൽകി. വിദ്യാഭ്യാസം – തൊഴിൽ മേഖലയിൽ സംവരണം നൽകാൻ കോടതി തീരുമാനിച്ചു. ഇതുപ്രകാരം പല ട്രാൻസ്ജെൻഡറുകളും ഇന്ന് സാക്ഷരതാമിഷന്റെ കീഴിൽ വിദ്യാഭ്യാസം പുനരാരംഭിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അവകാശങ്ങൾ സർക്കാർ അനുവദിച്ചുവെങ്കിലും ഇന്നും ട്രാൻസ്ജെൻഡറുകൾക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരികയാണ്. ട്രാൻസ്ജെൻഡർ നയം പ്രഖ്യാപിക്കുകയും ട്രാൻസ്ജെൻഡർ ജസ്റ്റീസ് ബോർഡ് രൂപീകരിക്കുകയും ചെയ്ത കേരളം ട്രാൻസ്ജെൻഡറുകളെ കാണുമ്പോൾ വെറുതെ വിടുന്നതുമില്ല. വാദിയെ പ്രതിയാക്കുന്ന പല സന്ദർഭങ്ങളും ട്രാൻസ്ജെൻഡർ പ്രശ്നങ്ങൾക്കിടയിൽ കണ്ടുവരുന്നു. പീഡനം അനുഭവിക്കുന്ന ഇര ശിക്ഷ ഏറ്റുവാങ്ങേണ്ട ഗതി കണ്ടു വരുന്നു. സമൂഹം അവരെ അനാശാസ്യക്കാരെന്നും പിടിച്ചു പറിക്കാരെന്നും പോക്കറ്റടിക്കാരെന്നും കുട്ടികളെ പിടുത്തക്കാരെന്നും മുദ്രകുത്തി മൃഗങ്ങളെപ്പോലെ ആട്ടിപ്പായിക്കുന്നു.

2017–ൽ കോഴിക്കോട് ട്രാൻസ്ജെൻഡറുകൾക്ക് നേരെ പോലീസ് നടത്തിയ ക്രൂരമർദ്ദനം മാധ്യമങ്ങളും സോഷ്യൽ മീഡിയകളും വൻചർച്ചയാക്കി മാറ്റിയതാണ്. കൊച്ചിയിലും സമാനമായ അവസ്ഥ സമീപകാലത്തുണ്ടായിരുന്നു. കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നവരെന്ന് തെറ്റിദ്ധരിച്ച് ട്രാൻസ്ജെൻഡറായ ചന്ദന എന്ന വ്യക്തിയെ ഒരു കൂട്ടം യുവാക്കൾ രാത്രി റോഡരികിലിട്ട് മർദ്ദിക്കുന്ന വീഡിയോ സോഷ്യൽ മീഡിയയിൽ സജീവമായിരുന്നു. ഇത്തരത്തിൽ തെളിയിക്കാനാവാത്ത കുറ്റങ്ങൾ ചുമത്തി ഇവരെ ബലിയാടാക്കുകയാണ് ഉന്നതന്മാർ. ഇപ്രകാരം ഒളിഞ്ഞും തെളിഞ്ഞും നിരവധി അതിക്രമങ്ങൾ നമ്മുടെ നാട്ടിൽ ട്രാൻസ്ജെൻഡറുകൾക്ക് നേരെ നടക്കുന്നുണ്ട്. എറണാകുളത്ത് കള്ളക്കേസിൽപ്പെടുത്തി ട്രാൻജെൻഡർമാരെ അറസ്റ്റു ചെയ്തതിനെതിരെ നടത്തിയ പ്രതിഷേധത്തെ തുടർന്നുണ്ടായ ഒത്തു തീർപ്പിന്റെ ഫലമായാണ് കൊച്ചി മെട്രോയിൽ കുടുംബശ്രീ വഴി ദിവസവേതനത്തിൽ അവർക്ക് ജോലി നൽകിയത്. സിറ്റിപോലീസ് കമ്മീഷണറുമായുള്ള യോഗത്തിലാണ് ഈ തീരുമാനം ഉണ്ടായത്. അതുപ്രകാരം കൊച്ചി മെട്രോയിൽ ട്രാൻസ്ജെൻഡറുകൾക്ക് ജോലി ലഭിച്ചു. 10 പാസ്സായവർക്ക് ഹൗസ്കീപ്പിങ്ങ് വിഭാഗത്തിലും, പ്ലസ്സ് ടു പാസ്സായവർക്ക് ടിക്കറ്റ് കൗണ്ടറിലും ജോലി നൽകി. എന്നാൽ കൃത്യമായി വരുമാനം നൽകിയില്ല എന്നു മാത്രമല്ല അർഹതപ്പെട്ട വരുമാനംപോലും നിഷേധിക്കപ്പെട്ടു. ഇരുപത്തിരണ്ട് ട്രാൻജെൻഡറുകളാണ് കൊച്ചി മെട്രോയിൽ ജോലിക്കായി കയറിയത്. സർക്കാർ ജോലിയുടെ സുരക്ഷിതത്വം ഇല്ലെന്നറിഞ്ഞതോടെ ഭൂരിഭാഗമാളുകൾക്കും ഈ ജോലി ഉപേക്ഷിക്കേണ്ടതായി വന്നു. കൊച്ചി മെട്രോയിൽ ജോലി നൽകി സമൂഹത്തിൽ ട്രാൻസ്ജെൻഡർമാരെ പരിഗണിക്കുന്നുവെന്നു വരുത്തിത്തീർക്കുകയാണ് യാഥാർത്ഥത്തിൽ ഉണ്ടായത്.

ട്രാൻസ്ജെൻഡർ എന്നതിന്റെ പര്യായം കുഴപ്പക്കാർ ആണെന്ന തെറ്റിദ്ധാരണയാണ് സമൂഹം വെച്ചു പുലർത്തുന്നത്. ആ തെറ്റിദ്ധാ

രണയുടെ പുറത്താണ് എല്ലാ ട്രാൻസ്ജെൻഡർ മാരെയും നോക്കിക്കാണുന്നത്. സമൂഹത്തിൽ മാന്യമായ ജീവിതം നയിക്കുന്ന ഒരുപാട് വ്യക്തികൾ ഇവർക്കിടയിലുണ്ട്. സാധാരണക്കാരിയായ ഒരു സ്ത്രീയുടെ വസ്ത്രം നടുറോഡിൽ വലിച്ചു കീറിയാൽ ആ ഇരയ്ക്കു പുറകെ സംഘടനകളും നാട്ടുകാരും അണിനിരക്കും. എന്നാൽ എസ്.ആർ. എസ്. (S.R.S.) ശസ്ത്രക്രിയയിലൂടെ സ്ത്രീയായി ജീവിക്കുന്ന ട്രാൻസ് വുമണിന്റെ വസ്ത്രം വലിച്ചു കീറി പൊതുജനസമൂഹത്തിൽ അവരെ അപമാനിക്കുന്ന പ്രവണത ന്യൂജെനറേഷൻ വ്യക്തികളിൽ കൂടിവരുന്നു. ഇത്തരത്തിലുള്ള അപമാനങ്ങളും പീഡനങ്ങളും കാരണം വിവാഹാഘോഷങ്ങളിലോ മറ്റ് പരിപാടികളിലോ ട്രാൻസ്ജെൻഡർമാർക്ക് പങ്കെടുക്കാനാവാത്ത സാഹചര്യമാണ് ഇന്നുള്ളത്. വേഷം മാറി ഉപദ്രവിക്കാനെത്തുന്നവരാണ് ട്രാൻസ്ജെൻഡറുകൾ എന്ന മിഥ്യധാരാണയാണ് ആക്രമണങ്ങൾക്ക് വഴിയൊരുക്കുന്നത്. കൊച്ചിയിൽ തന്നെ ട്രാൻസ്ജെൻഡർ മാർക്കെതിരെയുള്ള പീഡനങ്ങളുടെ ഒരു പരമ്പര നമുക്ക് കാണാവുന്നതാണ്. ഇത്തരം കേസുകളിലും മറ്റും ഉൾപ്പെടുത്തി നിരപരാധികളായ ഇവരെ ക്രൂശിക്കുന്നത്, ട്രാൻസ്ജെൻഡർ സമൂഹത്തെ പാടെ തുടച്ചു നീക്കാനുള്ള പോലീസിന്റെ തന്ത്രമാണോ എന്ന് നാം സംശയിക്കുന്നതിൽ തെറ്റില്ല. ഇത്രകാലം പരസ്യമായി ഇറങ്ങി ജീവിക്കാതിരുന്ന ഇവർ പെട്ടന്ന് സമൂഹത്തിന്റെ ഭാഗമായി മാറാൻ ശ്രമിക്കുന്നത് ഉൾക്കൊള്ളാൻ പലർക്കും കഴിയുന്നില്ല. അതിന്റെ ഫലമാണ് ഈ അക്രമണങ്ങൾ.

അതുപോലെ ട്രാൻസ്ജെൻഡർ സമൂഹം നേരിടുന്ന മറ്റൊരു പ്രശ്നം ലൈംഗികത്തൊഴിലാണ്. എല്ലാ ട്രാൻസ്ജെൻഡറുകളും ലൈംഗികത്തൊഴിലാളികൾ അല്ല എന്ന വാസ്തവം പൊതുസമൂഹം തിരിച്ചറിഞ്ഞാൽ ഏതു സമയത്തും മാന്യമായി പൊതുനിരത്തിൽ ഇറങ്ങിനടക്കാൻ ട്രാൻസ്ജെൻ ഡറുകൾക്ക് സാധിക്കും. പൂർവ്വികർ ചെയ്തിരുന്ന തൊഴിൽ പിൻതുടരണമെന്ന് നിർബന്ധമില്ല. പിന്നെ സാഹചര്യങ്ങൾ കൊണ്ട് പലരും ലൈംഗികത്തൊഴിലാളി ആയി മാറുകയാണ്. വേണ്ട എന്ന വാക്ക് പറഞ്ഞാൽ മാന്യമായി ജീവിക്കാൻ കഴിയുമെന്ന സത്യം ഇവിടെ വ്യക്തമാണ്.

ഇന്ന് ഇവർക്കിടയിൽ ഇവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പല സംഘടനകളും രൂപീകൃതമായിട്ടുണ്ട്. ബാംഗ്ലൂരിലെ ട്രാൻസ്ജെൻഡർ സംഘടനയാണ് 'സംഗമ'. ഇതിന്റെ കീഴിൽ നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇതിനുപുറമെ കേരളത്തിലെ പല ജില്ലകളിലായി മലബാർ കൾച്ചറൽ ഫോറം, സ്നേഹതീരം, വോയ്സ്, മാർവെൽ, സാന്ത്വനം, ഒയാസിസ്, ദ്വയ തുടങ്ങിയ കമ്മ്യൂണിറ്റികൾ പ്രവർത്തിച്ചുവരുന്നുണ്ട്. മറ്റൊരു ട്രാൻസ് കമ്മ്യൂണിറ്റിയായ ദ്വയയുടെ നേതൃത്വത്തിൽ 2018 ജൂൺ മാസം ക്വീൻ ഓഫ് ദ്വയ എന്ന സൗന്ദര്യമത്സരം നടത്തപ്പെട്ടു. കലാസാംസ്ക്കാരിക രംഗത്തെ ഇത്തരം പ്രവർത്തനങ്ങൾ സമകാലിക സമൂഹം ട്രാൻസ്ജെൻഡറുകളെ അംഗീകരിച്ച് തുടങ്ങി എന്നതിനുള്ള സൂചനയാണ്.

ട്രാൻസ്ജെന്റർ മുന്നേറ്റത്തിന്റെ തിരശീലയായി മാറിയിരിക്കുന്നത് നിയമവിധേനയുള്ള ട്രാൻസ്ജെന്റർ വിവാഹമാണ്. ഇതുപ്രകാരം സൂര്യയും ഇഷാനും തമ്മിലുള്ള 2018 മെയ്മാസം പതിനൊന്നാം തിയ്യതി നടന്ന നിയമപരമായ ആദ്യ ട്രാൻസ്ജെന്റർ വിവാഹത്തിന് ചരിത്രം സാക്ഷ്യം വഹിച്ചു. എസ്.ആർ.എസ്. ചികിത്സയിലൂടെ പുരുഷനായ സൂര്യ സ്ത്രീ ആയി മാറുകയും സ്ത്രീ ആയ ഇഷാൻ പുരുഷനായി മാറുകയും ചെയ്തിരുന്നു. ഇതേ തുടർന്ന് ഇരുവർക്കും അവരുടെ മേൽവിലാസം തെളിയിക്കുന്ന ഐ.ഡി. കാർഡുകൾ ലഭിക്കുകയും ചെയ്തു. നിയമപരമായി പുരുഷനും സ്ത്രീയുമായി മാറുന്ന ട്രാൻസ്ജെന്ററുകൾക്ക് അനുകൂലമായ നിയമഭേദഗതി അനിവാര്യമാണ്. ഇരു കുടുംബക്കാരുടെയും സമ്മതപ്രകാരം ഒയാസിസ് സംഘടനയുടെ പിൻബലത്തോടെ ഈ വിവാഹം ആഘോഷിച്ചു. ഇത്തരത്തിലുള്ള മുന്നേറ്റങ്ങൾ ഇനിയും ട്രാൻസ്ജെന്റർ വിഭാഗത്തിന് ലഭിക്കേണ്ടതുണ്ട്. അതിനുള്ള സമയം ആയിക്കഴിഞ്ഞിരിക്കുന്നു. തുല്യനീതി വാചകങ്ങളിൽ മാത്രം ഒതുക്കാതെ പ്രവൃത്തിയിൽ കൊണ്ടുവരേണ്ടതാണ്. മജ്ജയും മാംസവുമുള്ള ഈ മനുഷ്യരെ നമ്മളിലൊരാളായി പരിഗണിക്കുക എന്നത് നമ്മുടെ ആവശ്യമായി മാറണം.

മുഖ്യധാരാ സമൂഹത്തിനു അസ്വീകാര്യരായ ട്രാൻസ്ജെൻഡറുകളെ അടുത്തറിയുവാനും അവരെക്കുറിച്ച് പഠിക്കുവാനും ഒരു ന്യൂനപക്ഷം ആളുകളെ തയ്യാറാവുന്നുള്ളൂ എന്നത് പൊതുസമൂഹത്തിന്റെ സങ്കുചിത മനോഭാവത്തെ വെളിപ്പെടുത്തുന്നു. ആണിനെയും പെണ്ണിനെയും മാത്രം സ്വീകരിക്കുന്ന ലോകത്ത് അവരിൽ നിന്നും വ്യത്യസ്തരായവരെ പിന്തുണക്കുന്നവരെപ്പോലും സമൂഹം അധിക്ഷേപിക്കുന്ന സമീപനമാണ് കണ്ടുവരുന്നത്. മനസിന് ചേരാത്ത ശരീരങ്ങളെ കൊണ്ടു നടക്കുന്ന ട്രാൻസ്ജെൻഡറുകൾ പുതിയ ഒരു ജീവിതത്തിലേക്കുള്ള വഴി തുറക്കുന്നതിന്റെ കാഴ്ച്ചയാണ് കാണുന്നത്. ഒട്ടും അനുകൂലമല്ലാത്ത നമ്മുടെ സാമൂഹിക അന്തരീക്ഷത്തിൽ ജീവനൊടുക്കിയും നാടുവിട്ടും രഹസ്യജീവിതത്തിലൊളിച്ചും ട്രാൻസ്ജെൻഡറുകളുടെ പൂർവ്വികർ കാലം കഴിച്ചുകൂട്ടിയപ്പോൾ സമകാലിക സാഹചര്യത്തിൽ മുഖ്യധാരാ സമൂഹത്തോട് പൊരുതി നിൽക്കാനുള്ള ഊർജ്ജം ഇന്നത്തെ ട്രാൻസ്ജെൻഡേർസ് നേടി

ക്കഴിഞ്ഞു. ട്രാൻസ്ജെൻഡർ എന്ന ഇംഗ്ലീഷ് വാക്കിന് മലയാളം കണ്ടെത്താൻ ശ്രമിക്കുമ്പോൾ സ്വന്തം സ്വത്വം നിഷേധിക്കപ്പെടുന്ന സാഹചര്യമാണ് അവർ അഭിമുഖീകരിക്കേണ്ടിവരുന്നത്. "സഹജർ" എന്ന വാക്കിൽ അറിയപ്പെടാനാണ് അവർ ആഗ്രഹിക്കുന്നത്. സഹജർ ഒപ്പം ഉള്ളവർ എന്ന മനോഭാവം പൊതുസമൂഹത്തിൽ ആഴപ്പെടുത്തിയെടുക്കുമ്പോൾ അപമാനിച്ചും, അപഹസിച്ചും മർദ്ദിച്ചും അവരെ ഒതുക്കിത്തീർക്കുവാനാണ് ശ്രമിക്കുന്നത്. ഇന്ത്യൻ സമൂഹമെപ്പോഴും കാപട്യത്തിന്റെ പ്രകടനപരതയിൽ നില നിൽക്കുന്നവരാണ്. ഒരു ഭാഗത്ത് ട്രാൻസ്ജെൻഡറുകളെ ആട്ടിയകറ്റുമ്പോൾ മറുഭാഗത്ത് അവരെ സ്വീകരിക്കുന്നു എന്ന് വരുത്തിത്തീർക്കുന്നത് വിചിത്രമായ

ഉതകുന്നതല്ല എന്നതാണ്. ഇതിനൊരു നേർക്കാഴ്ച എന്നോണമാണ് രഞ്ജിത് ശങ്കർ എന്ന സംവിധായകന്റെ "ഞാൻ മേരിക്കുട്ടി" എന്ന സിനിമ. ജയസൂര്യയിലൂടെ മേരിക്കുട്ടിയെ ആവിഷ്ക്കരിച്ച സംവിധായകൻ ട്രാൻജെൻഡർ ആയി ജീവിക്കേണ്ടിവരുന്ന ഒരു വ്യക്തി അനുഭവിക്കുന്ന പച്ചയായ ജീവിതത്തിന്റെ കറകളഞ്ഞ ആവിഷ്ക്കാരമാണ് നടത്തിയിരിക്കുന്നത്. മൂന്ന് അദ്ധ്യായങ്ങളിലായി അവതരിപ്പിച്ച സമകാലിക സമൂഹം ട്രാൻസ്ജെൻഡർമാരോട് വെച്ചു പുലർത്തുന്ന മനോഭാവവും, കുടുംബങ്ങളിൽ നിന്നും അവർ നേരിടുന്ന അവഗണനയും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ ട്രാൻസ്ജെൻഡറുകൾക്കായി ഒരിടമില്ലാത്തതും എല്ലാത്തിനുമുപരി നിയമം പാലിക്കേണ്ട ഉദ്യോഗസ്ഥ




കാഴ്ച്ചയാണ്. പുരുഷ ശരീരത്തിനുള്ളിൽ സ്ത്രീ ആയി ജീവിക്കുക എന്നത് വളരെ ബുദ്ധിമുട്ടുള്ള വസ്തുതയാണ്. അവരെ പങ്കുവെച്ച മറ്റൊരു സ്ത്രീ എന്ന നിലയിൽ അവർക്കുള്ളിലെ പ്രശ്നങ്ങളെ കൂടുതലറിയുവാൻ ശ്രമിച്ചപ്പോൾ വ്യത്യസ്തമായ അഭിപ്രായങ്ങളാണ് പലരിൽ നിന്നും ലഭിച്ചത്. പുരുഷന്മാർ ട്രാൻസ്ജെൻഡറുകളെ കാമപരമായ കണ്ണുകളോടെ നോക്കിക്കാണുമ്പോൾ സ്ത്രീകൾ അവരെ മ്ലേച്ഛമായ രീതിയിലാണ് നോക്കുന്നത്. പ്രതിസന്ധികളെ മറന്നുകൊണ്ട് അതിജീവനത്തിന്റെ ചരിത്രപാഠ നിർമ്മിതിക്കൊരുങ്ങുന്ന ട്രാൻസ്ജെൻഡറുകളുടെ യാഥാർത്ഥ്യങ്ങളെ വസ്തുനിഷ്ഠമായി അവതരിപ്പിക്കുമ്പോൾ മനസിലാകുന്ന മറ്റൊരു യാഥാർത്ഥ്യം കേരളത്തിന്റെ സാമൂഹ്യസ്ഥിതി ട്രാൻസ്ജെൻഡറുകൾക്കെന്നല്ല വ്യത്യസ്തമായി ചിന്തിക്കുന്ന ആർക്കും ജീവിക്കാൻ

രിൽ നിന്നും നേരിടേണ്ടിവരുന്ന ആക്രമണങ്ങൾ എന്നുതുടങ്ങി ഇന്ന് ട്രാൻസ്ജെൻഡറുകൾ അനുഭവിക്കുന്ന യാഥാർത്ഥ്യ ജീവിതമാണ് "ഞാൻ മേരിക്കുട്ടി" ആവിഷ്ക്കരിക്കുന്നത്. ആണിന്റെയോ പെണ്ണിന്റെയോ ലോകമല്ല മറിച്ച് കഴിവിന്റെ ലോകമാണിതെന്ന് തെളിയിച്ച ഈ സിനിമ ഇരുപത്തി ഒന്നാം നൂറ്റാണ്ടിൽ അനിവാര്യമായ ഒന്നായിരുന്നു. ഇനി ഓരോ ട്രാൻസ്ജെൻഡറുകളും മേരിക്കുട്ടിയായി അറിയപ്പെടട്ടെ. അല്ലെങ്കിൽ ഷീറോ (SHERO) ആയി അംഗീകരിക്കപ്പെടട്ടെ.

മനുഷ്യവർഗത്തിലെ വൈവിദ്ധ്യങ്ങളെ സങ്കുചിത ചിന്താഗതികൾ മാറ്റിവെച്ചുകൊണ്ട് തുറന്ന മനസ്സോടു കൂടി അംഗീകരിക്കുവാൻ പൊതുസമൂഹത്തിന് കഴിഞ്ഞാൽ നിലവിലുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാവും. ■





ധന്യ
ആരോഗ്യമേഖലയിൽ ഭിഷഗ്വരയായി ജോലി ചെയ്യുന്നു

# ലിംഗവിവേചനം: മെഡിക്കൽവിദ്യാഭ്യാസമേഖല അതീതമോ?

**മൂ**ന്നുവർഷങ്ങൾക്കു മുൻപ് ഉത്തരേന്ത്യയിലെ പ്രശസ്തമായ ഒരു മെഡിക്കൽ കോളേജിൽ, സീനിയർ റെസിഡന്റായി ജോലി ചെയ്യവേ, തിരക്കുള്ള ഒ.പിയിൽ ഞാൻ, വളരെ ഗൗരവമുള്ള ഒരു അസുഖത്തെക്കുറിച്ച്, ഒരു കുടുംബത്തോട് സംസാരിക്കുകയായിരുന്നു. അസുഖത്തിന്റെ തീവ്രത, ലഭ്യമായ മരുന്നുകൾ, മുന്നോട്ടുള്ള ചികിത്സാവിധികൾ എന്നിവയെക്കുറിച്ച് അവരെ ബോധ്യപ്പെടുത്തിയശേഷം അവർക്ക് സംശയം എന്തെങ്കിലും ഉണ്ടോ എന്ന് ഞാൻ ചോദിച്ചു. കൂട്ടത്തിലുള്ള പുരുഷൻ (രോഗിയായ കുഞ്ഞിന്റെ അച്ഛൻ), 'ഹംകോ, ഡോക്ടർ സാബ് സെ മിൽ നാഹെ,' എന്നാണ് എന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞത്. 'ഞാൻ തന്നെയാണ് ഇവിടുത്തെ സീനിയർ റെസിഡന്റ് ഡോക്ടർ', എന്ന എന്റെ അമ്പരന്ന പ്രതികരണത്തിന്, 'ഞങ്ങൾക്ക് ഡോ. ഉപേന്ദ്രയെയാണ് കാണേണ്ടത്', എന്നായിരുന്നു അയാളുടെ മറുപടി. ഉപേന്ദ്ര, ഞങ്ങളുടെ ഒ.പിയിലെ സോഷ്യൽ വർക്കർ ആയിരുന്നു. അദ്ദേഹം പരോപകാരിയായ ഒരു മനുഷ്യനായിരുന്നെങ്കിലും, 'ഡോക്ടർ' അല്ലായിരുന്നു. ഒരു 'ഡോക്ടർ' എന്നാൽ ഒരു 'പുരുഷൻ' ആയിരിക്കും എന്ന മിഥ്യാധാരണയായിരുന്നു, രോഗിയായ കുഞ്ഞിന്റെ അച്ഛനെ, ആശയക്കുഴപ്പത്തിലാക്കിയത്.

മീടൂ ക്യാമ്പയിൻ ആരംഭിച്ചതിനു ശേഷം, വിവിധ മേഖലകളിൽ സ്ത്രീകൾ നേരിടുന്ന പല തരത്തിലുള്ള ലൈംഗികാതിക്രമണങ്ങളെക്കുറിച്ച് നമ്മൾ വായിക്കുകയുണ്ടായി. മെഡിക്കൽ രംഗവും മെഡിക്കൽ വിദ്യാഭ്യാസരംഗവും ഈ കാര്യത്തിൽ മറ്റു മേഖലകളിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല. തൊഴിൽമേഖലയിലെ ലിംഗവിവേചനം, ലൈംഗികാതിക്രമണങ്ങളുടെ ഒരു മുന്നോടിയാണ്. ലൈംഗികാതിക്രമണം അനുഭവിച്ചവർ താരതമ്യേന കുറവാണെങ്കിലും, ഒരിക്കൽപോലും ലിംഗവിവേചനത്തിന്റെ പ്രത്യാഘാതങ്ങൾ അനുഭവിക്കാത്ത സ്ത്രീ സഹപ്രവർത്തകർ എന്റെ അറിവിലില്ല.


കഴിഞ്ഞ വർഷം, പ്രശസ്തമായ JAMA-യിൽ (Journal of American Medical Association) രണ്ടു പ്രധാന ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ഒന്നാമത്തേത്, വനിതാഡോക്ടർമാർ ചികിത്സിക്കുന്ന രോഗികൾ കൂടുതൽ വേഗത്തിൽ സുഖം പ്രാപിച്ചു എന്ന കണ്ടെത്തലായിരുന്നു. രണ്ടാമത്തേത്, അമേരിക്കയിലെ വനിതാഡോക്ടർമാർ ലിംഗവിവേചനത്തിന് ഇരകളായതുകൊണ്ട് പുരുഷന്മാരെക്കാൾ കൂടുതൽ വിഷാദരോഗത്തിന് അടിമപ്പെട്ടു എന്നുള്ളതുമാണ്. ഈ തരത്തിലുള്ള ഗവേഷണ പ്രബന്ധങ്ങളൊക്കെ പ്രസിദ്ധീകരിക്കപ്പെടുന്നുണ്ടെങ്കിലും, അമേരിക്കൻ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ ഉന്നതസ്ഥാനങ്ങളിൽ ഇന്നും സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. ഇന്ത്യയിലെ സ്ഥിതിയും മറ്റൊന്നല്ല. MBBS (ബിരുദം) വിദ്യാർത്ഥികളിൽ സ്ത്രീകളുടെ പ്രാതിനിധ്യം വർദ്ധിച്ചിട്ടുണ്ടെങ്കിലും, ബിരുദാനന്തര ബിരുദ കോഴ്സുകളിലും സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സു

**ഏറ്റവും നല്ല രീതിയിൽ പഠിപ്പി ക്കുകയും, ആധുനിക ശാസ്ത്രം പ്രാക്ടീസ് ചെയ്യുകയും ചെയ്യുന്ന കുറേ പുരുഷഡോക്ടർമാരെ എനിക്ക് നേരിട്ട് പരിചയമുണ്ട്. എന്നിരുന്നാലും അവരുടെ എണ്ണം ഇനിയും വർദ്ധിക്കേണ്ടിയിരിക്കു ന്നു. വനിതാഡോക്ടർമാർ നേരിടുന്ന ലിംഗവിവേചനം, അവരുടെ മാത്രം പ്രശ്നമായി ചിത്രീകരിക്കപ്പെ ടാതെ, മെഡിക്കൽ മേഖലയിലെ ഓരോ ഡോക്ടറുടെയും പ്രശ്ന മായി മാറുമ്പോൾ മാത്രമാണ്, ഡോ. എലിസബെത്ത് ബ്ലാക്ബെൽ, ഡോ. ജെയിംസ് ബാരി എന്നിവർ തുടക്കം കുറിച്ച മഹത്തരമായ ഉദ്യമത്തി നോട് നമുക്ക് നീതി പുലർത്താ നാകുന്നത്.**

കളിലും, ഇപ്പോഴും സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കുറവാണ്. ഇത് കഴിവില്ലായ്മയെ അല്ല സൂചിപ്പിക്കുന്നത്. മറിച്ച് കഴിവുള്ള സ്ത്രീകൾ, സമൂഹം ഒരു സ്ത്രീക്കു അനുശാസിക്കുന്ന ചട്ടക്കൂ ടിനുള്ളിൽ, ഒതുങ്ങി കൂടുന്നതാണ്. ഉത്തമസ്ത്രീ യുടെ കടമ നിറവേറ്റാനായി സ്വന്തം കഴിവുകളും, ആഗ്രഹങ്ങളും ബലി കൊടുക്കേണ്ടിവരുന്നതുകൊ ണ്ടാണ്. പുരുഷന്മാരായ ഡോക്ടർമാർ, അവരുടെ ഭാര്യയുടെയോ, അമ്മയുടെയോ സഹായത്തോടെ ഉന്നതവിദ്യാഭ്യാസം അനായാസേന പൂർത്തിയാക്കു ന്നു. എന്റെ പരിചയ വലയത്തിലുള്ള പല വനിതാ ഡോക്ടർമാരും, ബിരുദാനന്തര ബിരുദത്തിനുള്ള വിഷയം തിരഞ്ഞെടുത്തത് സ്വന്തം താൽപര്യാർ ത്ഥമല്ല. മറിച്ച് ഭർത്താവിന്റെ ജോലി സ്ഥലം, ഭർത്താവിന്റെയും വീട്ടുകാരുടെയും ഇഷ്ടം, കുട്ടി കളുടെ വിദ്യാഭ്യാസം എന്നിവ കണക്കിലെടുത്തി ട്ടാണ്. കുടുംബം, വിദ്യാഭ്യാസം ഇതിൽ ഏതെങ്കി ലുമൊന്ന് തിരഞ്ഞെടുക്കേണ്ടി വരുമ്പോൾ, വനിതാ ഡോക്ടർമാർ അനുഭവിക്കുന്ന മാനസികവ്യഥ ഞാൻ നേരിട്ടു കണ്ടിട്ടുള്ളതാണ്.

മെഡിക്കൽ വിദ്യാഭ്യാസരംഗത്തെ ലിംഗ വിവേചനം ആരംഭിച്ചത്, ഇന്നോ ഇന്നലെയോ അല്ല. മെഡിക്കൽ രംഗത്തെ, അമേരിക്കൻ സ്ത്രീകളുടെ ചരിത്രം രേഖപ്പെടുത്തിയ Sympathy and Science എന്ന തന്റെ പുസ്തകത്തിൽ റെജീന മാർക്കെൽ മൊറാന്റ്സ്സ് - സാഞ്ചസ്സ്, മേരി റിറ്റർ എന്ന ഒരു മെഡിക്കൽ വിദ്യാർത്ഥിയുടെ അനുഭവം രേഖപ്പെടുത്തുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്ക ത്തിലാണ് ഈ സംഭവം നടക്കുന്നത്. മേരി റിറ്ററും, മറ്റൊരു സീനിയർ വിദ്യാർത്ഥിയും ഒരു ശസ്ത്രക്രി യാമുറിയിൽ, പുരുഷന്മാരുടെ ഇടയിൽ, പരസ്പരം ധൈര്യം നൽകി, തല കറങ്ങി വീണുപോകാതെ പിടിച്ചു നിൽക്കുന്ന രംഗമാണ് റെജീന രേഖപ്പെടു ത്തിയിട്ടുള്ളത്. ആ കാലം മുതൽ തന്നെ, പൊതുവെ മനോധൈര്യം കുറവുള്ളവരാണ് സ്ത്രീകളെന്നും, സർജറി പോലുള്ള, പുരുഷ കേന്ദ്രീകൃത മേഖലകളിൽ ശോഭിക്കുകയില്ലെന്നു മുള്ള ധാരണ പലരുടെയും മനസ്സിലുണ്ട്. 1847- ലാണ് അമേരിക്കയിലെ പ്രശസ്തമായ ഹാർവാർഡ് മെഡിക്കൽ സ്കൂളിൽ പ്രവേശനത്തിനായി, ആദ്യ മായി ഒരു സ്ത്രീ അപേക്ഷിച്ചത്. അതേ വർഷം ഡോ. എലിസബെത്ത് ബ്ലാക്ബർൺ അമേരിക്ക യിലെ ആദ്യത്തെ വനിതാ മെഡിക്കൽ വിദ്യാർത്ഥി യായി. ഏകദേശം തൊണ്ണൂറ്റിയെട്ട് വർഷങ്ങൾക്കു ശേഷം, 1945-ലാണ് പുരുഷന്മാരോടൊപ്പം, സ്ത്രീകൾക്കും ഹാർവാർഡ് മെഡിക്കൽ സ്കൂ ളിൽ പ്രവേശനം അനുവദിക്കപ്പെട്ടത്. മാർഗരറ്റ് ആൻ ബൾക്‌ലി എന്ന പേരോടെ സ്ത്രീയായി ജനിച്ച്, മെഡിക്കൽ വിദ്യാഭ്യാസത്തിനുവേണ്ടി മാത്രം പുരുഷനമായി ജീവിച്ച ഡോ. ജെയിംസ്






ബാരിയാണ് ഇംഗ്ലണ്ടിലെ ആദ്യത്തെ വനിതാ ഡോക്ടർ.

വനിതാഡോക്ടർമാരെക്കൂടാതെ പുരുഷ ഡോക്ടർമാരെയും ലിംഗവിവേചനത്തെക്കുറിച്ച് ബോധവാന്മാരാക്കേണ്ടതുണ്ട്. അറിഞ്ഞോ, അറിയാതെയോ, ഓരോ മനുഷ്യന്റെയും ഉള്ളിൽ ആഴത്തിൽ വേരൂന്നിയ വിശ്വാസപ്രമാണങ്ങളാണ് ആ മനുഷ്യന്റെ കാഴ്പ്പാടുകളെയും സമീപനങ്ങളെയും സ്വാധീനിക്കുന്നത്. പലപ്പോഴും ഇത്തരത്തിലുള്ള അന്തർലീനമായ പക്ഷപാതം .... മനഃപൂർവ്വമല്ല രൂപപ്പെടുന്നത്; ഇത്തരത്തിലുള്ള പക്ഷപാതം കൊണ്ട് ഉണ്ടാകാൻ സാധ്യതയുള്ള അനന്തരഫലങ്ങളെക്കുറിച്ചുള്ള അവബോധമാണ് പ്രധാനം. ഈ പക്ഷപാതം മെഡിക്കൽ ഗവേഷണരംഗത്തെയും, അതുവഴി സ്ത്രീകളുടെ ആരോഗ്യത്തെയും ഹാനികരമായി ബാധിച്ചിട്ടുണ്ടെന്ന് തെളിയിക്കുന്ന ഒട്ടേറെ ഗവേഷണ പ്രബന്ധങ്ങൾ ഇപ്പോൾ ലഭ്യമാണ്.

അമേരിക്കയിൽ ജോൺസ് ഹോപ്കിൻസ് ആശുപത്രിയിൽ വാഹനാപകടം സംഭവിച്ച് ഐ.സി.യുവിൽ ചികിൽസയിൽ കഴിയുന്ന സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതൽ രക്തം കട്ടപിടിച്ച് മരണപ്പെടുന്നതായി കണ്ടെത്തിയപ്പോൾ, ചികിത്സയിൽ ലിംഗവിവേചനം ഒരു കാരണമായേക്കാം എന്ന് സംശയിക്കുകയും, ഉടൻ തന്നെ അധികൃതർ, കമ്പ്യൂട്ടർവൽക്കരിച്ച ഒരു ചികിത്സാചെക്ക്ലിസ്റ്റ് രൂപപ്പെടുത്തുകയും ചെയ്തു. ഇതു പ്രാവർത്തികമാക്കിയതോടെ, സ്ത്രീകളിലുള്ള മരണനിരക്ക് കുറയുന്നതായും കണ്ടെത്തി. ഇത്തരത്തിലുള്ള പുതിയ ഇടപെടലുകൾ മെഡിക്കൽ രംഗത്ത് ലിംഗവിവേചനം നിലനിൽക്കുന്ന ഓരോ മേഖലയിലും കണ്ടെത്തേണ്ടത് ആവശ്യമാണ്.

ഏറ്റവും നല്ല രീതിയിൽ പഠിപ്പിക്കുകയും, ആധുനിക ശാസ്ത്രം പ്രാക്ടീസ് ചെയ്യുകയും ചെയ്യുന്ന കുറേ പുരുഷഡോക്ടർമാരെ എനിക്ക് നേരിട്ട് പരിചയമുണ്ട്. എന്നിരുന്നാലും അവരുടെ എണ്ണം ഇനിയും വർദ്ധിക്കേണ്ടിയിരിക്കുന്നു. വനിതാഡോക്ടർമാർ നേരിടുന്ന ലിംഗവിവേചനം, അവരുടെ മാത്രം പ്രശ്നമായി ചിത്രീകരിക്കപ്പെടാതെ, മെഡിക്കൽ മേഖലയിലെ ഓരോ ഡോക്ടറുടെയും പ്രശ്നമായി മാറുമ്പോൾ മാത്രമാണ്, ഡോ. എലിസബെത്ത് ബ്ലാക്ബെൽ, ഡോ. ജെയിംസ് ബാരി എന്നിവർ തുടക്കം കുറിച്ച മഹത്തരമായ ഉദ്യമത്തിനോട് നമുക്ക് നീതി പുലർത്താനാകുന്നത്.

■



**സൗമ്യ കെ.എം.**
മലയാളം അദ്ധ്യാപിക
എസ്.എൻ.എം. കോളേജ്,
മാല്യങ്കര



# ഒറ്റയാൾ പോര

**സ്വാ**തന്ത്ര്യം കിട്ടി ദശവത്സരങ്ങൾ കഴിഞ്ഞിട്ടും സ്വതന്ത്രയാകാത്ത ജന്മമാണ് സ്ത്രീയുടേത്. ഇങ്ങിനെ പറയുമ്പോൾ സദാചാര സമൂഹം ഉന്നയിക്കുന്ന ചില ചോദ്യങ്ങളുണ്ട്.

1. എന്തിൽ നിന്നുമാണ് സ്ത്രീയ്ക്ക് സ്വതന്ത്രയാകേണ്ടത്?

2. എന്തിനുള്ള സ്വാതന്ത്ര്യമാണ് അവൾ കാംക്ഷിക്കുന്നത്?

ശബരിമലയിൽ കയറുന്നതു കൊണ്ടോ പുരുഷനൊപ്പം തൊഴിലിൽ മിടുക്കു തെളിയിക്കുന്നതു കൊണ്ടോ പങ്കാളിയിൽ നിന്നു മോചനം നേടി ഇഷ്ടപ്രകാരം ജീവിക്കുമ്പോഴോ സ്ത്രീ സ്വതന്ത്രയാകുന്നുണ്ടോ? ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരികളായ സ്ത്രീകൾ എവിടെയാണ് ബന്ധിക്കപ്പെട്ടിരിക്കുന്നത്?

സത്യമായും ആ ഇടം അടുക്കളയാണ് വീടിന്റെ അഗ്നിമൂലയിൽ വാസ്തുനോക്കി കെട്ടിപ്പൊക്കിയ ആ നാലു ചുവരുകളാണ് സ്ത്രീയുടെ തടവറ. അവളുടെ സ്വപ്നങ്ങൾക്ക് കടിഞ്ഞാണിടുന്നതും സന്തോഷങ്ങൾ ഉരുകിയൊലിക്കുന്നതും പണിയെടുക്കുന്ന വെറുമൊരു യന്ത്രമായി അവൾ പരിണമിക്കുന്നതും അവിടെയാണ്. യുഗയുഗാന്തരങ്ങളായി സ്ത്രീ തന്റെ ജീവിതം ഹോമിക്കുന്നിടം അടുക്കളയാണ്.

ഇന്ത്യക്കാർ, പ്രത്യേകിച്ച് നാം മലയാളികൾ നല്ല ഭക്ഷണപ്രിയരാണ്. കുട്ടികൾക്കും കുടുംബത്തിനും മൂന്നു നേരം വെച്ചുവിളമ്പി തേഞ്ഞു തീരുന്നൊരു പണിയായുധമാണ് നാമോരോ സ്ത്രീകളും. എല്ലാ നിലയിലും സ്ത്രീകൾ പുരോഗതിയിലേക്കെത്തിയിട്ടും എന്തുകൊണ്ടാണ് അടുക്കള സ്ത്രീയുടെ മാത്രമിടമായി മാറുന്നത്? സ്വീകരണമുറിക്കിപ്പുറത്തേക്ക് പുരുഷൻ പ്രവേശിക്കാനാഗ്രഹിക്കാത്തതെന്താണ്?

ഇതിനുത്തരമല്ല പ്രതിവിധിയാണാവശ്യം. കൃത്യമായ ബോധവത്ക്കരണത്തിലൂടെ നമ്മുടെ കുഞ്ഞുങ്ങളെയെങ്കിലും വളർത്തി വലുതാക്കാനുള്ള മനോധൈര്യം സ്ത്രീകളായ നാം തന്നെ കാണിക്കേണ്ടിയിരിക്കുന്നു. സ്വന്തം ആവശ്യങ്ങൾ



# പാരാട്ടം

സ്വയം നിറവേറ്റാനുള്ള പരിശീലനം ആൺകുട്ടികൾക്ക് ചെറുപ്രായത്തിലെ അമ്മമാർ നൽകണം. മകളെ മാത്രമല്ല മകനെക്കൂടി ചായയിടാനും അലക്കാനും കറിവെക്കാനും തേങ്ങ ചിരകാനും കൂടെക്കൂട്ടണം. ഘട്ടം ഘട്ടമായി ഒരു പുരുഷനോട് സമരസപ്പെടേണ്ടതെങ്ങിനെയെന്ന് മകളെ പറഞ്ഞു മനസ്സിലാക്കുന്നതിനോടൊപ്പം നിറയെ പ്രതീക്ഷയുമായി വരുന്ന പെൺകുട്ടിയെ പതിയെ തന്റെ വീടിന്റെ ഭാഗമാക്കാൻ മകനു കൂടി ഉപദേശങ്ങൾ നൽകണം.

ഒറ്റപ്പെട്ട്, ഒരു തടവുപുള്ളിയെ പോലെ പണിയെടുത്ത് വെറുപ്പും വിദ്വേഷവും മനസ്സിലൊതുക്കി പണിഞ്ഞു തീർക്കുന്ന ഒന്നായി നമ്മുടെ ഭക്ഷണത്തെ മാറ്റാതെ അവൾക്കൊപ്പം ചിരിയായി കളിയായി താങ്ങായി വീട്ടിലുള്ളവർ എല്ലാവരും ചേർന്ന് കുറഞ്ഞ സമയം കൊണ്ട് ആഘോഷപൂർവ്വം അണിയിച്ചൊരുക്കുന്ന ഒന്നായി ഭക്ഷണത്തെ മാറ്റാം. അതോടൊപ്പം സ്ത്രീയുടെ അധ്വാനം ലഘൂകരിക്കപ്പെടുകയും ചെയ്യും.

പണ്ടു മുതലേ അടുക്കള സ്ത്രീയുടെ പണിശാലയാണ്. വിശേഷ ദിവസങ്ങളിലെ പുരുഷ സാന്നിധ്യമൊഴിച്ചാൽ തികച്ചും ഒരു പെണ്ണിടം. കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ സ്ത്രീക്കത് ഭാരമായിരുന്നില്ല. ഒരുപാടു സ്ത്രീകൾ ഒത്തു ചേരുന്ന

അവരുടേതായ ഒരു സ്വകാര്യലോകമാണ് അന്നവർ അവിടെ പടുത്തുയർത്തിയത്.

എന്നാൽ ഇന്ന് കഥ മാറി. കൂട്ടുകുടുംബങ്ങൾക്ക് പകരം അണുകുടുംബങ്ങളായി. അടുക്കളയ്ക്കപ്പുറമുള്ള ലോകത്തേക്ക് സ്ത്രീ കടന്നു വന്നു. വിദ്യാഭ്യാസവും തൊഴിലും കരഗതമായി എങ്കിലും വീടിന്റെ ഉത്തരവാദിത്വം സ്ത്രീയുടേത് മാത്രമായി തുടരുന്നു. സമ്പാദിക്കുക, കുടുംബത്തെ നോക്കുക എന്നീ ഉത്തരവാദിത്വങ്ങൾ പുരുഷനോടൊപ്പം ഒരുപക്ഷേ അതിനേക്കാൾ മെച്ചമായി സ്ത്രീ നടത്തുമ്പോഴും അടുക്കള ഭരണത്തിൽ കൈത്താങ്ങാവാൻ അവൻ ഒരുങ്ങുന്നില്ല. ഇനി അഥവാ അവൻ ഒരുങ്ങിയിറങ്ങിയാലും സമൂഹം അവനെ വിലക്കുന്നു.

ഒരേ ജോലി ചെയ്യുന്ന സ്ത്രീ പുരുഷന്മാരിൽ തന്റെ ഔദ്യോഗികഭാരത്തിന് മുൻപും പിൻപും വീട്ടുഭാരം കൂടി പേറേണ്ടവളാണ് സ്ത്രീ. കുട്ടികൾ, അവരുടെ പഠനം, ഭക്ഷണം, തൂപ്പ്, തുടയ്ക്കൽ ഇങ്ങനെ പോകുന്ന ജോലികൾക്കിടയിൽ ആരോഗ്യസംരക്ഷണം പോലും നടത്താനവൾക്കാകുന്നില്ല. എന്നാൽ പുരുഷനോ? രാത്രിയിലെ നീണ്ട ഉറക്കത്തിനുശേഷം ബെഡ് കോഫി മുതൽ അവനാശ്യമുള്ള എല്ലാ പരിചരണവും അവളിൽ നിന്നവൻ ഏറ്റു വാങ്ങുന്നു. 'പൂമുഖവാതിലിലെ സ്നേഹം വിടർത്തുന്ന പൂന്തിങ്കളാ' കേണ്ട ബാധ്യതയും സ്ത്രീയുടേതാണ്.

**ഒരേ തൊഴിൽ ചെയ്യുന്ന സ്ത്രീ പുരുഷജീവിതങ്ങൾ തമ്മിൽ ഒരുപാട് വ്യത്യാസങ്ങൾ നിലനിൽക്കുന്നു. പുരുഷന് തന്റെ ജോലി സമയത്തെ സംഘർഷങ്ങൾ കുറയ്ക്കാൻ സുഹൃദ് സല്ലാപങ്ങളും 'മിനുക്കുകളും' സൊറ പറച്ചിലുകളുമായി വൈകുന്നേരങ്ങൾ ആനന്ദമയമാക്കാം. എന്നാൽ സ്ത്രീയോ? തിരക്കിൽ നിന്ന് തിരക്കിലേക്കോടുന്നു. തൊഴിലിടങ്ങളിൽ നിന്ന് വീട്ടിലേക്കുള്ള മടക്കയാത്ര പോലും അവൾക്ക് സ്വസ്ഥത നൽകുന്നതാവില്ല. ചിലപ്പോൾ, കണ്ണുകളാൽ കൊത്തിവലിക്കപ്പെടുന്ന, തരം കിട്ടിയാൽ കൈയെത്തിപ്പിടിക്കാവുന്ന, തട്ടിയും മുട്ടിയും രസിക്കാവുന്ന ഭോഗവസ്തുവുമാണവൾ.**

കുടുംബത്തിലെ അംഗങ്ങളെയെല്ലാം കോർത്തിണക്കുന്ന നല്ലൊരു സംഘാടകയും കൂടിയാണ് ഓരോ സ്ത്രീയും. ഭർത്താവും മക്കളും തമ്മിലും മക്കളും വൃദ്ധരായ മാതാപിതാക്കൾ തമ്മിലുമുള്ള ബന്ധത്തെ ആരോഗ്യകരമായി നിലനിർത്തുന്നതിൽ അവൾക്കു പങ്കുണ്ട്. കുടുംബവും സമൂഹവും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നതിലും സ്ത്രീയുടെ ഗുണപരമായ ഇടപെടലുകളുണ്ട്. കുടുംബത്തിലെ ചെറിയ അസ്വാരസ്യങ്ങൾ പോലും അവരുടെ മനോനിലയിൽ വ്യാപകമായ മാറ്റങ്ങൾ വരുത്തുന്നുണ്ട്. ഒന്നോ രണ്ടോ കുഞ്ഞുങ്ങൾക്കു ജന്മം നൽകുന്നതോടെ 75% സ്ത്രീകളുടെയും ആരോഗ്യം മോശമാകുന്നു. വീട്ടിലെ തിരക്കുപിടിച്ച പണികളും തൊഴിലിടങ്ങളിലെ അധ്വാനവും കൂടിയാകുമ്പോൾ ശാരീരികമായി ഏറെ അവശത അനുഭവിക്കേണ്ടി വരുന്നവരാണ് മിക്ക സ്ത്രീകളും. മാനസികമായ സംഘർഷങ്ങൾ കൂടിച്ചേരുന്നതോടെ സ്ത്രീ ജീവിതം നരകപൂർണ്ണമായിത്തീരുന്നു.

ഒരേ തൊഴിൽ ചെയ്യുന്ന സ്ത്രീ പുരുഷ ജീവിതങ്ങൾ തമ്മിൽ ഒരുപാട് വ്യത്യാസങ്ങൾ നിലനിൽക്കുന്നു. പുരുഷന് തന്റെ ജോലി സമയത്തെ സംഘർഷങ്ങൾ കുറയ്ക്കാൻ സുഹൃദ് സല്ലാപങ്ങളും 'മിനുക്കുകളും' സൊറ പറച്ചിലുകളുമായി വൈകുന്നേരങ്ങൾ ആനന്ദമയമാക്കാം. എന്നാൽ സ്ത്രീയോ? തിരക്കിൽ നിന്ന് തിരക്കിലേക്കോടുന്നു. തൊഴിലിടങ്ങളിൽ നിന്ന് വീട്ടിലേക്കുള്ള മടക്കയാത്ര പോലും അവൾക്ക് സ്വസ്ഥത നൽകുന്നതാവില്ല. ചിലപ്പോൾ, കണ്ണുകളാൽ കൊത്തിവലിക്കപ്പെടുന്ന, തരം കിട്ടിയാൽ കൈയെത്തിപ്പിടിക്കാവുന്ന, തട്ടിയും മുട്ടിയും രസിക്കാവുന്ന ഭോഗവസ്തുവുമാണവൾ.

സ്ത്രീയെ സഹജീവിയായി പരിഗണിക്കാവുന്ന, പീഡനങ്ങളെ ഭയക്കാതെ – ഇരയാകാതെ സ്വന്തം കാര്യങ്ങൾക്കെങ്കിലും ഇറങ്ങി നടക്കാനവൾക്ക് അവസരം ലഭിക്കുന്ന കാലത്തു മാത്രമേ സ്ത്രീ സ്വതന്ത്രയാകൂ. അടുക്കളയ്ക്ക് വീട്ടിലെ മറ്റേതുമുറി പോലെയും സ്വീകാര്യത ലഭിക്കുമ്പോഴേ (കുടുംബം അടുക്കള കൂടി പങ്കിടുമ്പോഴേ) സ്ത്രീ സ്വതന്ത്രയാകൂ. ഉത്തരവാദിത്വങ്ങളും വിലക്കുകളും അവളുടേതെന്ന ചിന്ത മാറി നമ്മുടേതായി കാണുമ്പോഴേ സ്ത്രീ സ്വതന്ത്രയാകൂ.

■

കവിത



# അവൾ



ഐശ്വര്യ

കാർന്നു തിന്നുന്ന കണ്ണുനീരല്ല
കാത്തിരിക്കുന്ന കാവ്യവുമല്ല
കാലമിനിയും ഊറ്റിക്കുടിക്കാത്ത
നീറുന്ന നീരുറവയാണെന്നും അവൾ
കൈകൊണ്ട് കണ്ണുപൊത്തികളിച്ചും, കരഞ്ഞും
കലയായി കളിയായി കാവ്യമായി
മാറുന്ന മഞ്ഞുകണമല്ല
ഗർഭപാത്രത്തിന്റെ വേലിയേറ്റങ്ങൾക്കിനിയും
പിടികൊടുക്കാത്ത കനലാണ്, കവിതയാണെന്നും അവൾ
ഓടി ഓടി തളർന്നവളുടെ മടിയിലാണെന്നും
ഞാൻ ഉറങ്ങുന്നതും ഉണരുന്നതും
ഇരുളിന്റെ മറവിലവളിലേക്കടുക്കുന്ന
മിന്നൽപിണരുകളെ കീറിമുറിക്കുന്ന
മഴയാണ് മാരിവില്ലാണ് എന്നും അവൾ
ക്യാമറക്കണ്ണുകളുമായി അവളെ
കീറിമുറിക്കുന്ന ഏതോ ഒരുവന്റെ
കണ്ണിലവൾക്ക് കാടിന്റെ നീതിയാണ്,
അതെ അവളൊരു കാട്ടുമൃഗമാണ്,
തന്റെ പ്രിയർക്ക് അവളെന്നുമൊരു
മാൻപേടയാണ്,
ഇരുട്ടിന്റെ ക്രൂരതകളോടിന്നും തലയകത്താക്കി
മൂകനാകുമ്പോൾ ഒരു ആമയാണ്.
കാലത്തോട് കണ്ണടച്ചുകൊണ്ട് ചിരിക്കുമ്പോൾ
അവളൊരു കാട്ടുപൂച്ചയാണ്.
അടുക്കളച്ചുമരുകൾക്കിന്നും അർത്ഥമറിയാത്തൊരു
പുകച്ചുരുളാണ്.

തന്റെ കുഞ്ഞിനെ മാറോടടുക്കുമ്പോൾ
ഇന്നുമെന്നും അവളൊരു ഊറ്റപ്പുലിയാണ്.
കണ്ണിൽ വന്യതയും വാത്സല്യവും
നേരിട്ടൊഴുകുമ്പോൾ കണ്ണുനീരിനും
കനലിന്റെ തിളക്കമാണ്.
ആർത്തവത്തിന്റെ അർത്ഥമിനിയും
ആഴ്ന്നിറങ്ങാത്ത പതിനെട്ടുപടികളിൽ
അവളിന്നും ഒരു ചോദ്യചിഹ്നമാണ്.
അവളാണവളുടെ നീതിയാണവളുടെ
ബോധമാണവളുടെ മാനമാണെന്നും
വലിച്ചിഴക്കുന്നതും കടിച്ചുകീറുന്നതും.
അല്ലയോ സ്ത്രീയെ, നീയൊരു പുഴുവാണ്.
അതിനാൽ ആയിരമായിരം കഷ്ണങ്ങളാക്കിയാലും
വീണ്ടും കൂടിച്ചേരുക,
ഭൂമിയിലുരഞ്ഞുരഞ്ഞ് നിന്റെ ത്വക്കിനെ
വലിച്ചുകീറി വരുന്ന ചിറകിനായി കാക്കുക,
ശലഭമായി പറക്കുക, വീണ്ടും വീണ്ടുമൊരു
പുഴുവായി മാറുക, ഇഴയുക, ഉണരുക,
വീണ്ടും പറക്കുക...



ചർച്ചാവിഷയം



**കെ.എസ്.ഇന്ദുലേഖ**
മലയാളം ഗവേഷക
ശ്രീ ശങ്കരാചാര്യ സംസ്കൃത
സർവകലാശാല, കാലടി

# വിമൺ ഇൻ സിനിമാ കലക്ടീവ് : തുല്യനീതിയുടെ പുതിയ പാഠങ്ങൾ

ഇന്ത്യൻ സിനിമാചരിത്രത്തിൽ മാത്രമല്ല സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രത്തിലും പ്രധാനപ്പെട്ട ഇടപെടലുകളിലൊന്നായിരുന്നു Women in Cinema Collective അഥവാ WCC. അസംഘടിതമായ തൊഴിൽ മേഖലയെന്ന നിലയിൽ സിനിമയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ അനുഭവിക്കുന്ന നിരവധിയായ പ്രശ്നങ്ങളെ - സുരക്ഷിതമല്ലാത്ത തൊഴിൽ സാഹചര്യങ്ങൾ മുതൽ കാസ്റ്റിങ്ങ് കൗച്ച് വരെ - അഭിസംബോധന ചെയ്തുകൊണ്ടാണ് ഡബ്ല്യൂ സി സി രൂപീകൃതമായത്. പുരുഷാധിപത്യ പിതൃമേധാവിത്വ സാമൂഹ്യഘടനയെ ഉറപ്പിക്കുകയും ചെയ്യുന്നതിൽ പ്രധാന പങ്കുവഹിച്ച മാധ്യമാണ് സിനിമ എന്നതുകൊണ്ടു തന്നെ ചലച്ചിത്ര മേഖലയിൽ നിന്നും ഉയർന്നു വരുന്ന തുല്യനീതിക്കുവേണ്ടിയുള്ള ശബ്ദങ്ങൾ ഫെമിനിസ്റ്റ് മൂവ്മെന്റുകളുടെ ചരിത്രത്തിലെ നിർണ്ണായകമായ വഴിതിരിയലായി പരിഗണിക്കേണ്ടതുണ്ട്.

**അവൾക്കൊപ്പം**

സിനിമാ ചിത്രീകരണത്തിനുവേണ്ടിയുള്ള യാത്രക്കിടയിൽ 2017 ഫെബ്രുവരി 19ന് കൊച്ചിയിൽ വച്ചാണ് യുവനടി ക്രൂരമായ ആക്രമണത്തിനിരയായത്. ഇന്ത്യയിൽ ക്രിമിനൽ കേസുകളുടെ ചരിത്രത്തിലെ ആദ്യത്തെ റേപ്പ് ക്വട്ടേഷൻ എന്ന് നിയമജ്ഞർ പോലും വിശേഷിപ്പിച്ച ഈ സംഭവത്തെ തുടർന്നാണ് ആവിർഭാവകാലം മുതൽ തന്നെ നിലനിന്നിരുന്ന സ്ത്രീവിരുദ്ധ മനോഭാവങ്ങൾക്കും ചൂഷണങ്ങൾക്കുമെതിരെ 2017 മെയിൽ WCC രൂപം കൊള്ളുന്നത്. ബീന പോൾ, ദീദി ദാമോദരൻ, വിധു വിൻസെന്റ്, സജിത മഠത്തിൽ, റിമ കല്ലിങ്കൽ, പാർവ്വതി തിരുവോത്ത്, മഞ്ജു വാര്യർ, രമ്യാനമ്പീശൻ തുടങ്ങി വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന ചലച്ചിത്ര പ്രവർത്തകരുടെ സംഘമെന്ന നിലയിൽ പൊതുജന ശ്രദ്ധ നേടാൻ WCCക്ക് കഴിഞ്ഞു. ഒരു പ്രത്യേക സന്ദർഭത്തോടുള്ള വൈകാരിക പ്രതികരണത്തിനപ്പുറത്ത്

തുല്യനീതിയിലും ജനാധിപത്യത്തിലുമധിഷ്ഠിതമായ പുതിയൊരു തൊഴിൽ സാഹചര്യത്തിനുവേണ്ടിയുള്ള പോരാട്ടമാണ് തങ്ങളുടേതെന്ന് തെളിയിക്കുന്നതായിരുന്നു മെയ് 17ന് WCC അംഗങ്ങൾ മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനം. തൊഴിലിടങ്ങളിലെ ലൈംഗിക പീഡനം കുറക്കുന്നതിനായി സെൽ രൂപീകരിക്കുക, തുല്യവേതനം ഉറപ്പാക്കുക, സാങ്കേതിക മേഖലയിൽ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ സംവരണം ഏർപ്പെടുത്തുക, ലിംഗനീതി പ്രോത്സാഹിപ്പിക്കുന്ന സിനിമകൾക്ക് പ്രത്യേക പുരസ്കാരം നൽകുക, സ്ത്രീ ചർച്ചകളിൽ സ്ത്രീ പ്രാതിനിധ്യം ഉറപ്പുവരുത്തുക തുടങ്ങിയ ഒമ്പത് ആവശ്യങ്ങളാണ് ആദ്യഘട്ടത്തിൽ സംഘടന മുന്നോട്ടുവച്ചത്. തൊഴിലിടങ്ങളിലെ സ്ത്രീ പ്രശ്നങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന വിശാഖ ഗൈഡ്ലൈനിലെ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടിയാണ് ഡബ്ല്യൂ സി സി തങ്ങളുടെ ആവശ്യങ്ങളെ മുഖ്യമന്ത്രിക്ക് മുന്നിൽ അവതരിപ്പിച്ചത്.

സിനിമാതാരങ്ങൾ എന്ന നിലയിലുള്ള പദവിമൂല്യത്തെ ഉപയോഗിച്ചുകൊണ്ട് തങ്ങളുടെ രാഷ്ട്രീയ നിലപാടുകളെ ഉറപ്പിച്ചെടുക്കുന്നതിനും ഭരണതലത്തിൽ ഇടപെടുന്നതിനും WCCക്ക് സാധിച്ചു. താരമൂല്യം തന്നെയാണ് സംഘടനയുടെ തുടർന്നുള്ള പ്രവർത്തനത്തിന് മൂലധനമായി മാറിയത്. നടി ആക്രമിക്കപ്പെട്ട സംഭവം സജീവമായ ചർച്ചാ വിഷയമായി നിലനിർത്തുന്നതിനും അന്വേഷണം വഴിമാറി പോകാതെ ഗൂഢാലോചനകൾക്ക് നേതൃത്വം നൽകിയ പ്രമുഖ നടനിൽ എത്തിക്കുന്നതിനും ഈ കൂട്ടായ്മയുടെ സാന്നിധ്യം നിർണ്ണായക പങ്കുവഹിച്ചു. ആക്രമണത്തെ അതിജീവിച്ച നടിയെ അഭിനേതാക്കളുടെ സംഘടനയായ A.M.M.A. (Association of Malayalam Movie Artists) കൈയ്യൊഴിഞ്ഞപ്പോഴും, അവരുടെ മുഖവും ശബ്ദവുമായി നിന്ന് പോരാട്ടം നയിച്ചത് WCC യാണ്. അതിജീവിച്ചവളുടെ പ്രസ്താവനകളും നിലപാടുകളും WCC അംഗങ്ങളിലൂടെ സമൂഹം നിരന്തരമായി കേട്ടുകൊണ്ടിരുന്നു. മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ചയുടെ ഇരുപത്തിമൂന്നാം ദിവസം നടിയെ ആക്രമിച്ച കേസിൽ ആദ്യം മുതൽ തന്നെ ആരോപണ വിധേയനായിരുന്ന പ്രമുഖ നടനെ പോലീസ് അറസ്റ്റ് ചെയ്തു. സമ്പത്തിന്റേയും സ്വാധീനത്തിന്റേയും ഫാൻസ് അസോസിയേഷന്റെ സംരക്ഷണയുടേയും ബലത്തിൽ സുരക്ഷിതനായി നിന്ന നടന്റെ അറസ്റ്റ് ഒഴിവാക്കാനാകാതെ വന്നത് WCCയുടെ രംഗപ്രവേശത്തോടെയാണ്. പ്രമുഖർ പ്രതികളാകുന്ന കേസുകളിൽ സാധാരണയായി സംഭവിക്കാറുള്ള അട്ടിമറികളൊന്നും സംഭവിക്കാതിരുന്നത് WCCയുടെ നിതാന്തമായ ജാഗ്രത കൊണ്ടു മാത്രമാണ്.

**ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്ന മറ്റേതൊരു മുഖ്യധാരാ സംഘടനയേയും അപേക്ഷിച്ച് ബൗദ്ധിക ശേഷിയും ആശയ വ്യക്തതയും പോരാട്ട വീര്യവുമുള്ള ഒരു നേതൃനിര WCCക്ക് ഉണ്ട്. നിസ്സാര കാലയളവിനുള്ളിൽ തന്നെ കേരളത്തിന്റെ സ്ത്രീ മുന്നേറ്റങ്ങളുടെ ചരിത്രത്തിൽ അവർ സ്വന്തമായ ഇടം കണ്ടെത്തിയിരിക്കുന്നു. താര ബിംബങ്ങളെ തകർത്തുകൊണ്ടും വ്യവസ്ഥിതിയെ വെല്ലുവിളിച്ചുകൊണ്ടും പരിഹാസങ്ങളെ പുച്ഛത്തോടെ തള്ളിക്കളഞ്ഞുകൊണ്ടും അവർ മുന്നോട്ടു പോകുമ്പോൾ ഫെമിനിച്ചികൾ എന്നു പരിഹസിക്കുന്നവരുടെ നെഞ്ചിടിപ്പ് ക്രമാതീതമായി കൂടുന്നു. ഒപ്പം ഇച്ഛാശക്തിയും ആത്മബോധവുമുള്ള സ്ത്രീകളുടെ എണ്ണവും.**

സമൂഹത്തിൽ പൊതുവിലും ചലച്ചിത്ര മേഖലയിൽ സവിശേഷമായും നിലനിന്നിരുന്ന അങ്ങേയറ്റം സ്ത്രീ വിരുദ്ധമായ മനോഭാവങ്ങൾ ഭീകരരൂപമാർജ്ജിച്ചത് നടന്റെ അറസ്റ്റോടെയാണ്. നടനേയും നടന് അനുകൂല നിലപാടുകൾ സ്വീകരിക്കുന്ന താരസംഘടനയെയും വിമർശിച്ചതിന്റെ പേരിൽ സൈബർ ഇടങ്ങളിൽ ഫാൻസ് അസോസിയേഷൻ പ്രവർത്തകരുടെ വെർബൽ റേപ്പിനും ഡീമോറലൈസിങ്ങിനും WCC അംഗങ്ങൾ ഇരകളാകേണ്ടിവന്നു. കാലങ്ങളായി മലയാള സിനിമ നിർമ്മിച്ചുകൊണ്ടിരിക്കുന്ന പിതൃമേധാവിത്വ മൂല്യങ്ങളെ അതേയളവിൽ പിൻതുടരുകയാണ് താരങ്ങളും ഫാൻസ് അസോസിയേഷനുകളുമെന്ന യാഥാർത്ഥ്യത്തെ മുഖാമുഖം കണ്ട സന്ദർഭം

കൂടിയായിരുന്നു ഇത്. ബഹുഭൂരിപക്ഷം വരുന്ന നടി – നടന്മാരും ആൺ-പെൺ വ്യത്യാസമില്ലാത്ത അവരുടെ ആരാധകരും സംവിധായകരും നിർമ്മാതാക്കളും മുതൽ സാങ്കേതിക പ്രവർത്തകരും വിതരണക്കാരും വരെയുള്ള അമ്മ-കുഞ്ഞമ്മ സംഘടനകൾ ഒരു ഭാഗത്തും WCC അംഗങ്ങളും സാംസ്കാരിക പ്രവർത്തകരും സ്ത്രീ സംഘടനകളും അക്കാദമിസ്റ്റുകളും മറുപക്ഷത്തുമായി

ഏട്ടൻ എന്നും ഇക്കയെന്നും അഭിസംബോധന ചെയ്യുകയും ഇരുപതുകളിൽ നിൽക്കുന്ന WCC അംഗങ്ങളായ നടിമാരെ 'ആന്റി'മാർ എന്നു വിശേഷിപ്പിച്ചുകൊണ്ടുമാണ് ഫാൻസ് അസോസിയേഷൻ വെട്ടുകിളികൾ ആദ്യം രംഗത്തെത്തിയതെങ്കിൽ പിന്നീടത് 'ഫെമിനിച്ചി'ക്ക് വഴി മാറുകയായിരുന്നു. സ്ത്രീപക്ഷ നിലപാടുകളുയർത്തിപ്പിടിച്ച് സമൂഹമധ്യത്തിലേക്ക് ഇറങ്ങിവന്ന സിനിമാ



നടന്ന പോരാട്ടങ്ങൾ 'സാക്ഷര കേരളത്തിന്റെ' നിലവാരത്തെക്കൂടി രേഖപ്പെടുത്തുന്നുണ്ട്. ആണധികാരത്തെ വെല്ലുവിളിച്ചുകൊണ്ടും അവകാശത്തിനു വേണ്ടി ശബ്ദിച്ചുകൊണ്ടും സമൂഹത്തിൽ ഇടപെടുന്ന സ്ത്രീകളെ അസാന്മാർഗ്ഗികളായി ചിത്രീകരിക്കുന്ന പുരുഷബോധത്തിന്റെ പതിവ് തന്ത്രം ഉപയോഗിച്ചു താര സംഘടനയും ഫാൻസ് അസോസിയേഷനും നടത്തുന്ന പ്രവർത്തനങ്ങൾ ജനാധിപത്യത്തെപ്പോലും അട്ടിമറിക്കുന്നതാണ്.

**ആന്റിയിൽ നിന്ന് ഫെമിനിച്ചിയിലേക്ക്**

WCC അംഗങ്ങൾക്കെതിരായുള്ള ആക്രമണങ്ങളിൽ ഏറ്റവും കൂടുതൽ മുഴങ്ങിക്കേട്ട വാക്കാണ് ഫെമിനിച്ചി. അറുപതു കഴിഞ്ഞ പുരുഷനായകരെ

കൂട്ടായ്മയുടെ നേതൃത്വത്തെ ആക്രമിക്കാനായി രൂപപ്പെടുത്തിയ ഈ പദം കൂടുതൽ സൂക്ഷ്മമായ വിശകലനങ്ങൾ ആവശ്യപ്പെടുന്നുണ്ട്.

അച്ചി എന്ന പദത്തിന് പല നിലകളിലുള്ള അർത്ഥം ഭാഷയിൽ ഉണ്ടായിട്ടുണ്ട്. ദേവദാസി സമ്പ്രദായത്തിൽ നർത്തകികളായ സ്ത്രീകളെ കൂത്തച്ചിമാർ എന്നാണ് വിശേഷിപ്പിച്ചിരുന്നത്. പിന്നീട് സംബന്ധവ്യവസ്ഥ നിലനിന്നിരുന്ന നായർ സമുദായത്തിലെ സ്ത്രീകളെ അച്ചി എന്ന പദം കൊണ്ട് സൂചിപ്പിക്കുന്ന പ്രവണത ശക്തിപ്പെട്ടു. എന്നാൽ നായർ മേധാവിത്വത്തിന്റെ പതനത്തോടെ തികച്ചും സ്ത്രീവിരുദ്ധമായ തെറിവാക്കായി ഇത് രൂപാന്തരപ്പെട്ടുവെന്ന് കാണാം.

തൊണ്ണൂറുകൾക്ക് ശേഷം കേരളത്തിൽ ശക്തി പ്പെട്ട ഫെമിനിസ്റ്റ് രാഷ്ട്രീയത്തെയും അവയുടെ വക്താക്കളേയും വിശേഷിപ്പിക്കുന്നതിന് ആൺ കരുത്തിന്റെ പ്രകടനങ്ങളായ തെറി പ്രയോഗത്തി ലേക്ക് ഫെമിനിസ്റ്റ് രാഷ്ട്രീയത്തെയും വിദഗ്ധ മായി ചേർത്തുവച്ചതിന്റെ പ്രയോഗരൂപമായിരുന്നു ഫെമിനിച്ചി. ഇതിന്റെ ഉപയോഗത്തിലൂടെ തെറി വാക്കിന്റെ വിരേചനസുഖവും പരിഹാസ ത്തിലൂടെ ലഭിക്കുന്ന ആത്മരതിയും സൈബർ റേപ്പിസ്റ്റുകൾ അനുഭവി ക്കുന്നു. തെറി പറഞ്ഞും വ്യക്തിഹത്യ നടത്തിയും സ്ത്രീയെ കീഴടക്കാ മെന്ന പതിവു തന്ത്ര ത്തിന്റെ പ്രകടന രൂപമാ യിരുന്നു ഫെമിനിച്ചികളെ ങ്കിലും ആത്മബോധ മുള്ള സ്ത്രീകളുടെ ഇച്ഛാ ശക്തിക്കുമുമ്പിൽ 'ഫാന രന്മാർ' തളർന്നു കഴി ഞ്ഞു. അതവരെ വല്ലാതെ അസ്വസ്ഥരാക്കുന്നുമുണ്ട്.



**താരരാജാക്കന്മാരുടെ പതനവും നായികമാരുടെ ഉദയവും**

ആക്രമിക്കപ്പെട്ട നടിക്ക് നീതി നേടിക്കൊ ടുക്കുക എന്ന ഒറ്റ അജ ണ്ടയിലേക്ക് ചുരുങ്ങിയില്ല എന്നതാണ് WCCയെ സ്ത്രീ മുന്നേറ്റങ്ങളുടെ മുൻനിരയിലെത്തിക്കുന്ന പ്രധാന ഘടകം. ചല ച്ചിത്ര മേഖലയിലെ പ്രശ്നങ്ങളെ അഭിസം ബോധന ചെയ്യുന്നതിനൊപ്പം തന്നെ കന്യാസ്ത്രി സമരം പോലെ മതാധികാരത്തെയും പുരുഷാധി കാര മൂല്യങ്ങളെയും ചോദ്യം ചെയ്യുന്ന ജനകീയ സമരങ്ങളോട് ഐക്യപ്പെട്ടു പ്രവർത്തിക്കുകയും തുല്യനീതിയിലധിഷ്ഠിതമായ സാമൂഹ്യസ്ഥിതിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാവു കയും ചെയ്യുന്നു എന്നത് ശ്രദ്ധേയമാണ്. സിനിമാ താരങ്ങൾക്ക് സമൂഹത്തിൽ ഉണ്ടായിരുന്ന അമിത മായ പ്രിവിലേജുകളെ മുഴുവൻ ഉലക്കാൻ കഴിഞ്ഞു വെന്നതാണ് WCCയുടെ പ്രവർത്തനങ്ങളുടെ ആദ്യത്തെ ഫലം. അതിനുവേണ്ടുന്ന നിയമപരമായ സാധ്യതകളെക്കൂടി ഉപയോഗപ്പെടുത്താൻ തയ്യാ റായി എന്നിടത്താണ് മറ്റു സംഘടനകളിൽ നിന്ന് WCCയെ പ്രധാനമാക്കിയത്. ചലച്ചിത്ര മേഖലയിൽ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി ജുഡീഷ്യൽ കമ്മീഷനെ കൊണ്ടുവരാൻ സാധിച്ചത് ഇതിന്റെ ഫലമായാണ്. ഏഴ് പോയിന്റുകളുള്ള ടേംസ് ഓഫ് റെഫറൻസുക ളാണ് ജസ്റ്റീസ് ഹേമ, റിട്ട. ഐ.എ.എസ്. ഉദ്യോഗ സ്ഥയായ കെ.ബി.വൽസല കുമാരി, മുതിർന്ന സിനിമാ നടി ശാരദ എന്നിവർ അംഗങ്ങളായ കമ്മീഷന് മുമ്പിൽ ഇപ്പോൾ ഉള്ളത്. ഹേമ കമ്മീ ഷൻ റിപ്പോർട്ട് പുറത്തുവന്നതോടെ സുരക്ഷിത മായ തൊഴിൽ അന്തരീക്ഷവും തുല്യവേതനവും നടപ്പാകുമെന്നും സ്ത്രീകൾക്കെതിരെ നടക്കുന്ന അക്രമങ്ങൾ ഇല്ലാതാക്കാൻ സാധിക്കുമെന്നും WCC കരുതുന്നു.

എ എം എം എ ഉൾപ്പെടെയുള്ള സംഘടന കൾക്കകത്തും പുറത്തുമായി അണിനിരന്ന് വലിയ ഇടപെടലുകൾ നടത്താൻ കഴിഞ്ഞുവെന്നതാണ് WCCയുടെ പ്രവർത്തനങ്ങളുടെ രണ്ടാമത്തെ ഫലം. ആരോപണവിധേയനെ താരസംഘടനയിൽ നിന്ന് പുറത്താക്കുന്നതിനും സ്ത്രീകളുടെ പരാതികൾ കേൾക്കുന്നതിനായി സംഘടനക്കകത്ത് പ്രത്യേക സംവിധാനം ഒരുക്കുന്നതിനും പെൺപ്രതിരോധ ങ്ങൾകൊണ്ട് സാധിച്ചു. ആഭ്യന്തര പരാതി പരി ഹാര സമിതി വേണമെന്ന WCCയുടെ ആവശ്യം കോടതിയുടെ പരിഗണനയിലാണ്. സൊസൈറ്റി ആക്ട് പ്രകാരം സ്ഥാപിച്ച സംഘടനകളിൽ അത്തര മൊരു ആഭ്യന്തര സംവിധാനമൊരുക്കുന്നതിലെ നിയമപരമായ സാധ്യതകൾ പരിമിതമാണെങ്കിലും പുതിയൊരു ആവശ്യം ഉയർത്തിക്കൊണ്ടുവരുന്ന തിലും ചലച്ചിത്ര മേഖലയിലെ പ്രശ്നങ്ങൾ പൊതു സമൂഹത്തിൽ സജീവ ചർച്ചയാക്കി നിലനിർത്തുന്ന തിലും WCCക്ക് കഴിഞ്ഞുവെന്നത് പ്രധാനമാണ്. തങ്ങൾക്ക് സ്വാധീനമുള്ള സിനിമാ സെറ്റുകളിൽ ICC പ്രഖ്യാപിക്കാനും അവർക്ക് സാധിച്ചു.

ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്ന മറ്റേ തൊരു മുഖ്യധാരാ സംഘടനകയേയും അപേ ക്ഷിച്ച് ബൗദ്ധിക ശേഷിയും ആശയ വ്യക്തതയും പോരാട്ട വീര്യവുമുള്ള ഒരു നേതൃനിര WCCക്ക് ഉണ്ട്. നിസ്സാര കാലയളവിനുള്ളിൽ തന്നെ കേരള ത്തിന്റെ സ്ത്രീ മുന്നേറ്റങ്ങളുടെ ചരിത്രത്തിൽ അവർ സ്വന്തമായ ഇടം കണ്ടെത്തിയിരിക്കുന്നു. താര ബിംബങ്ങളെ തകർത്തുകൊണ്ടും വ്യവസ്ഥി തിയെ വെല്ലുവിളിച്ചുകൊണ്ടും പരിഹാസങ്ങളെ പുച്ഛത്തോടെ തള്ളിക്കളഞ്ഞുകൊണ്ടും അവർ മുന്നോട്ടു പോകുമ്പോൾ ഫെമിനിച്ചികൾ എന്നു പരിഹസിക്കുന്നവരുടെ നെഞ്ചിടിപ്പ് ക്രമാതീതമായി കൂടുന്നുണ്ട്. ഒപ്പം ഇച്ഛാശക്തിയും ആത്മബോധവു മുള്ള സ്ത്രീകളുടെ എണ്ണവും. ■

**സെമിനാർ റിപ്പോർട്ട്**




# മതരാഷ്ട്രീയവും സ്ത്രീകളും

**അ**ന്വേഷി ഇരുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ച് നവംബർ 28ന് നളന്ദ ഓഡിറ്റോറിയത്തിൽ സെമിനാർ നടത്തി. 'മതരാഷ്ട്രീയവും സ്ത്രീകളും' എന്നതായിരുന്നു വിഷയം. പ്രസ്തുത സെമിനാർ ശ്രീമതി ജാനമ്മ കുഞ്ഞുണ്ണി (സ്റ്റേറ്റ് വൈസ് പ്രസിഡണ്ട്, പുരോഗമന കലാസാഹിത്യ സംഘം) ഉദ്ഘാടനം ചെയ്തു. അന്വേഷി പ്രസിഡണ്ട് കെ. അജിത അദ്ധ്യക്ഷത വഹിക്കുകയും സെക്രട്ടറി പി. ശ്രീജ സ്വാഗതം പറയുകയും ചെയ്തു.

ഉദ്ഘാടന പ്രസംഗത്തിൽ, ഭരണഘടന വിഭാവനം ചെയ്യുന്ന സ്ത്രീ പുരുഷ സമത്വം, സാമൂഹ്യനീതി, സ്ത്രീകളുടെ അവകാശം എന്നിവ ഉറപ്പുവരുത്താൻ ഒരു രാഷ്ട്രീയ പാർട്ടിയും ശ്രമിക്കുന്നില്ലെന്നും മതങ്ങൾ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയമാണ് മധു, ഗൗരി ലങ്കേഷ് തുടങ്ങിയവരെ ഇല്ലാതാക്കിയതെന്നും ജാനമ്മ കുഞ്ഞുണ്ണി പറഞ്ഞു. മതം രാഷ്ട്രീയമാകുന്നു. രാഷ്ട്രീയം അധികാരവും ആവുന്നു. ലിംഗനീതിയും സാമൂഹ്യബോധവുമുള്ള ജനതയുണ്ടാകണം. അതിനാണ് ശ്രമിക്കേണ്ടതെന്നും അവർ പറഞ്ഞു.

ഉദ്ഘാടനത്തെ തുടർന്ന് 'ഭൗമചാപം' എന്ന ശാസ്ത്ര ഗ്രന്ഥമെഴുതിയ സി.എസ്. മീനാക്ഷിക്ക് അന്വേഷി പ്രസിഡണ്ട് കെ. അജിത പുരസ്കാരം നൽകി. ഡോ. ഐറിസ് പുസ്തകം പരിചയപ്പെടുത്തി. 18-19 നൂറ്റാണ്ടിൽ നടന്ന ഭൂമി ശാസ്ത്ര സർവ്വേയുടെ പെൺകാഴ്ചകളാണ് ഗ്രന്ഥത്തിന്റെ പ്രതിപാദ്യം. ഇത്തരത്തിലുള്ള ആദ്യത്തെ രചനയാണെന്ന സവിശേഷത ഈ പുസ്തകത്തിനുണ്ട്.

അതിനുശേഷം ബിബിസി തെരഞ്ഞെടുത്ത 100 സ്ത്രീകളിൽ ഒരാളായ പി.വിജിക്ക് പുരസ്ക്കാരം നൽകി. അന്വേഷി പ്രസിഡണ്ട് അജിത, വിജിക്ക് ഭാവിയിൽ ഇതുപോലുള്ള ഒരുപാട് അവാർഡുകൾ ലഭിക്കട്ടെയെന്ന് ആശംസിച്ചു. ഇരിക്കൽ സമരം പോലെ സമൂഹത്തിലെ അനീതികൾക്കെതിരായി പോരാടാൻ വിജിക്ക് ഇനിയും അവസരങ്ങൾ ഉണ്ടാവട്ടെയെന്നും അവർ ആശംസിച്ചു.

അഡ്വ. കെ.കെ. പ്രീതയാണ് വിഷയാവതരണം നടത്തിയത്. മതം, രാഷ്ട്രീയം, സ്ത്രീ ഈ മൂന്നു വിഷയങ്ങൾക്ക് സാമൂഹികമായുള്ള പ്രാധാന്യവും നവോത്ഥാനകാലം മുതൽ ഇന്നുവരെയുള്ള സ്ത്രീയുടെ അവസ്ഥയും വിശദമായി തന്നെ പ്രീത വിവരിച്ചു. ഇന്ന് സ്ത്രീകളെ ആർത്തവമുള്ള സ്ത്രീ, ആർത്തവമില്ലാത്ത സ്ത്രീ എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുകയാണ്. എല്ലാ മതങ്ങളുടെയും പരിഷ്കൃതരൂപം ഉണ്ടാവുന്നത് നിയമനിർമ്മാണത്തിലൂടെയാണ്. ക്ഷേത്രപ്രവേശനവിളംബരം തന്നെ ഇതിനുദാഹരണമാണ്.

ാർ



തുടർന്ന് പാനൽ ചർച്ചയായിരുന്നു. ഡോ. ജാൻസി ജോസ് മോഡറേറ്ററായി. വി.പി. സുഹറയാണ് ചർച്ച തുടങ്ങിയത്. വ്യവസ്ഥാപിതമതങ്ങൾ സ്ത്രീകളെ രണ്ടാംകിട പൗരയായിട്ടാണ് കണക്കാക്കുന്നത്. സമീപകാലത്ത് ആർത്തവത്തിന്റെ പേരിൽ മാറ്റി നിറുത്തിയ വിജയലക്ഷ്മി എന്ന പെൺകുട്ടി മരിച്ച കാര്യങ്ങൾ തന്നെ വിസ്മരിക്കാൻ കഴിഞ്ഞിട്ടില്ല. ഇസ്ലാം മതത്തെ സംബന്ധിച്ചിടത്തോളം എല്ലാ കാലത്തും വിവാഹം, സ്വത്ത് എന്നീ കാര്യങ്ങളിൽ സ്ത്രീകളെ അടിമകളായി തന്നെയാണ് കാണുന്നത്. പർദ്ദയണിയിപ്പിച്ച് നടത്തുന്ന സ്ത്രീകളെ കാണുമ്പോൾ ചലിക്കുന്ന ഖബറുകളായാണ് തോന്നുന്നത്. മുസ്ലീം മതത്തിൽ മാതാപിതാക്കൾ മരിച്ചാൽ ഖബറിസ്ഥാനിൽ സ്ത്രീകൾ പോവാൻ പാടില്ല. ഇതിനെയാണ് മതരാഷ്ട്രീയമെന്നു പറയുന്നത്. ക്രിസ്തുമതത്തിൽ കന്യാസ്ത്രീകൾക്ക് അനുസരണ, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ കാര്യങ്ങളിലാണ് പരിശീലനം നൽകുന്നത്. സ്വത്തും, ജോലി ചെയ്ത ശമ്പളവും സഭയ്ക്കു കൊടുക്കണം. അവിടെയും വിവേചനമാണ് കാണുന്നത്. ഇമാം, ബിഷപ്പ്, പൂജാരി എന്നീ മേഖലകളിൽ സ്ത്രീകൾ വരണം.

പിന്നീട് സുനിത കോട്ടൂർ (എ.ഡി.എസ്. കുടുംബശ്രീ) ആണ് സംസാരിച്ചത്. നാട്ടിൻപുറത്തുള്ള സ്ത്രീകളിൽ മിക്കവരും രണ്ടാംകിട പൗരയായി ജീവിക്കാൻ താല്പര്യമുള്ളവരാണ്. കുടുംബശ്രീ ഇത്രയും പ്രവർത്തനം നടത്തിയിട്ടും അവരുടെ മനോഭാവത്തിൽ കാര്യമായ മാറ്റമൊന്നും ഉണ്ടായിട്ടില്ല.

തുടർന്ന് ഡോ. പി. ഗീത സംസാരിച്ചു. ഒരു മതവും സ്ത്രീക്കനുകൂലമല്ല. നാമജപത്തിനായി പുറത്തിറങ്ങിയ സ്ത്രീകളായിരിക്കില്ല അകത്തേക്ക് പോവുന്നവർ. ദേവസ്വം ബോർഡിലെ ആണുങ്ങൾ തുടങ്ങിയ നവോത്ഥാനം നയിച്ചത് ജാതീയതക്കുള്ളിലാണ്, മതത്തിനുള്ളിലാണ് നവോത്ഥാനം നടക്കുന്നത്. ജനിച്ചതു മുതൽ മരിക്കുന്നതുവരെ മതത്തിലാണ്. 10–50 വയസ്സിനിടയിലുള്ള സ്ത്രീകൾക്ക് മാത്രമല്ല ലൈംഗിക ആരോഗ്യമുള്ളത്. ക്ഷേത്രപ്രവേശന സമരകാലത്ത് കൃഷ്ണപിള്ള തുടങ്ങിയ നേതാക്കന്മാർ ഗുരുവായൂരമ്പലത്തിൽ കയറിയത് വിശ്വാസം കൊണ്ടല്ല, അതുകൊണ്ട് ഇതിനൊരു പരിഹാരം കൂട്ടായ് സ്ത്രീകൾ ശബരിമലയ്ക്ക് പോവുകയെന്നതാണ്. മതങ്ങളെല്ലാം പ്രതിസന്ധിയിലാണ്. രാഷ്ട്രീയം പ്രതിസന്ധിയിലാണ്. പിതൃവ്യവസ്ഥ പിളർന്നു വരുന്നതായി കാണാം.

അടുത്തതായി അഡ്വ. സീനത്താണ് സംസാരിച്ചത്. കേരളത്തിന്റെ സാഹചര്യത്തിൽ ചരിത്രപരമായ വിധിയിൽ മതരാഷ്ട്രീയത്തിന്റെ ഭാഗത്തുനിന്നുണ്ടായ സങ്കുചിത ചിന്തകൾ അപമാനകരമാണ്. കണ്ണുംപൂട്ടി പാത പിൻതുടരുമ്പോൾ ഒരു ആത്മവിമർശനം ആവശ്യമാണ്. മതത്തിനുള്ളിൽ അധികാരം പങ്കിട്ടു കൊടുക്കാൻ മതവും സമ്മതിക്കില്ല. സ്ത്രീകൾ പിടിച്ചടക്കാൻ ശ്രമിക്കണം. അനീതിയ്ക്കെതിരെ ശബ്ദിക്കേണ്ട സാഹചര്യം ഉണ്ടാക്കണം. ഭരണഘടന അനുശാസിക്കുന്ന തുല്യത സ്ത്രീകൾക്ക് ലഭിക്കണം.

ഉച്ചഭക്ഷണത്തിനുശേഷം പൊതുചർച്ച തുടങ്ങി. മോഡറേറ്ററായ ഡോ. ജാൻസി ചർച്ചയ്ക്കായി ഓരോരുത്തരെയും ക്ഷണിച്ചു. ജില്ല ജെൻഡർ റിസോഴ്സ് പേഴ്സണായ ആയിഷ മതത്തിന്റെ വിലങ്ങുകളെ എങ്ങനെ മറികടക്കാമെന്നു ചോദിച്ചുകൊണ്ട് ചർച്ച തുടങ്ങി. ഉദാഹരണമായി പള്ളി പിരിവ് സ്ത്രീകൾ നടത്തണം, എന്നാൽ പ്രധാന കമ്മിറ്റികൾ സ്ത്രീകൾക്ക് അന്യമാണ്. സുന്നി സ്ത്രീകൾക്ക് പള്ളിയിൽ പോവാൻ പാടില്ല.

മറുപടി പറഞ്ഞുകൊണ്ട് ഡോ. പി. ഗീത മതത്തിന്റെ സമ്മതത്തിന് കാത്തു നിൽക്കാതെ അവരവരുടെ മേഖലയിൽ ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ ചെയ്തു തുടങ്ങണമെന്ന് പറഞ്ഞു. അച്ഛന്റെ ചിതയ്ക്ക് തീ കൊളുത്തിയത് താൻ തന്നെയാണെന്ന് ഉദാഹരണമായി അവർ ചൂണ്ടിക്കാട്ടി. അടുത്തതായി സംസാരിച്ചത് സുജാത (കുടുംബശ്രീ ജെൻഡർ ആർ.പി.) യാണ്. രാഷ്ട്രീയമാണ് മതത്തെക്കാളും കൂടുതൽ കളിക്കുന്നത്. മതത്തിന്റേതായാലും, രാഷ്ട്രീയത്തിന്റേതായാലും ഒരു ഗോളത്തിനുള്ളിലാണ് പെണ്ണ്, വലുതായി വലുതായി ആ ഗോളം പൊട്ടിച്ചു പുറത്തുവരണം. അതാണ് സ്ത്രീകൾ ചെയ്യേണ്ടതെന്ന് സന്ധ്യ (കുടുംബശ്രീ ജെൻഡർ ആർ.പി.) പറഞ്ഞു. രജിത (സ്റ്റേറ്റ് ജെൻഡർ ആർ.പി. കുടുംബശ്രീ) സ്ത്രീകൾ സ്വയം തിരിച്ചറിഞ്ഞപ്പോഴാണ് മാറ്റങ്ങൾ ഉണ്ടാവാൻ തുടങ്ങിയത്. അതുകൊണ്ട് സ്വയം തിരിച്ചറിയാനുള്ള പ്ലാറ്റ്ഫോം ഉണ്ടാക്കി കൊടുക്കണമെന്ന് പറഞ്ഞു.

തുടർന്ന് ചാരുലത, ശ്രീജ, വിക്ടോറിയ എലിസബത്ത് (അന്വേഷി) തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. മോഡറേറ്ററായ ഡോ. ജാൻസി ചർച്ച ക്രോഡീകരിച്ചു സംസാരിച്ചു. അന്വേഷി പ്രവർത്തക ഇ.പി. ശ്രീബ നന്ദി പറഞ്ഞു. സെമിനാർ മൂന്നു മണിക്ക് അവസാനിച്ചു.

■



**സബീന ഭാനു എം.**
ഗവേഷക, മലയാള വിഭാഗം,
ശ്രീശങ്കരാചാര്യ സംസ്കൃത
സർവകലാശാല, കാലടി

# ഒസ്സാത്തി

**ബീനയുടെ 'ഒസ്സാത്തി' എന്ന കൃതിയുടെ നിലപാടു തന്നെ ഏറെക്കുറെ ജാതിയെ പ്രതിരോധമെന്ന നിലയിൽ ഉയർത്തുന്ന ഒന്നാണ്. മലയാള നോവൽ സാഹിത്യത്തിന്റെ ചരിത്രത്തിൽ ആവിഷ്കാര സവിശേഷത കൊണ്ട് വ്യതിരിക്തത അവകാശപ്പെടാനാവാത്ത കൃതിയാണെങ്കിലും പ്രമേയം കൊണ്ട് ഏറെ വ്യത്യസ്തമാകുന്ന കൃതിയാണ് കെ.എ ബീനയുടെ ഒസ്സാത്തി.**

കേരളീയ മുസ്ലിംജാതിബോധത്തിന്റെ ആഖ്യാനം മതം എത്തിച്ചേരുന്ന പ്രാദേശികതയെ ക്കൂടി ഉൾച്ചേർത്തുകൊണ്ടാണ് അതിന്റെ തുടർ ജീവിതം കണ്ടെടുക്കുന്നത്. ജാതിചിന്തകൾക്ക് പല സാമൂഹികകാരണങ്ങൾ കൊണ്ട് പ്രാധാന്യ മുള്ള ഇന്ത്യനവസ്ഥയിൽ ഇസ്ലാംമതം നിലനിന്നു പോന്നിട്ടുള്ളതും അങ്ങനെ തന്നെയാണ്. ഓരോ പ്രാദേശികതയിലും നിലനിൽക്കുന്ന ജാതി ജീവി തങ്ങൾ വ്യത്യസ്തമാകുന്നതുപോലെ തന്നെ ഇസ്ലാമിനും ഉപജാതിവിഭാഗങ്ങൾ ധാരാളമുണ്ട്. ആചാരങ്ങളും അനുഷ്ഠാനങ്ങളും കൂടി വ്യത്യ സ്തമായ നിലയിൽ അനുഷ്ഠിച്ചു പോരുന്ന പല വിഭാഗങ്ങളെയും ഇസ്ലാമിലും കാണാം. കേയാ കേയി, നൈനാൻ, രാവുത്തർ, പഠാണി, ലബ്ബ, മാപ്പിള, ഒസ്സാൻ എന്നിങ്ങനെ ഇസ്ലാമിന്റെ ഭാഗം. എത്രയോ ഉപവിഭാഗങ്ങൾ ഇന്ത്യൻ ശ്രേണീകരി ക്കപ്പെട്ട ജാതിഘടനയാണ് ഇവയിലുള്ളതെന്നതും ശ്രദ്ധേയമാണ്. എന്നാൽ സമകാലിക സ്വാതന്ത്ര്യാ നന്തര ഇന്ത്യനവസ്ഥയിൽവരാതെ തന്നെ പ്രതി രോധമായി മാറ്റേണ്ടി വന്ന ജനത എന്ന നിലയിൽ ഇവർ അത്തരം ശ്രേണീകരണത്തെയൊക്കെത്തന്നെ മറികടക്കുന്നുമുണ്ട്. എന്നാൽ പ്രാദേശികമായി രൂപപ്പെട്ടുവന്ന ജാതി ശ്രേണീകരണത്തിന്റെ അനുരണനങ്ങൾ ഏറെയൊന്നും വിട്ടുപോകാത്ത സമകാലികാവസ്ഥയെയാണ് 'ഒസ്സാത്തി' എന്ന നോവലിൽ ബീന അവതരിപ്പിക്കുന്നത്. തീർച്ച യായും അത് മുഖ്യവിലക്കെടുക്കേണ്ട, പഠനവിധേ യമാക്കേണ്ട സാമൂഹികബോധത്തെയാണ് അവത രിപ്പിക്കുന്നത് എന്നതിൽ തർക്കമില്ല. അതിന്റെ പ്രസക്തിയെ മാറ്റി നിർത്താവുന്നതുമല്ല. ഇന്ത്യൻ സാമൂഹികതയെന്നത് വിവിധ ജാതിസമൂഹങ്ങളുടെ കൂട്ടായ്മയാണ്. ഏകാത്മകമായ മതബോധം എന്നത് അതിന്റെ പേരിൽ മാത്രം ഒതുങ്ങി നിൽ ക്കുന്നതാണ് എന്നതും നിഷേധിക്കാവുന്നതല്ല. ഒറ്റമത സങ്കല്പത്തിലൂന്നിയുള്ളതാണ് സെമിറ്റിക് മതങ്ങൾ. ഏകീകൃതമായ പല വ്യവസ്ഥകളും അതുകൊണ്ടുതന്നെ ഈ മതങ്ങൾക്കുണ്ട്. അതു കൊണ്ടുതന്നെ ജാതിജീവിതങ്ങളുടെ കഠിനമായ അവസ്ഥാന്തരങ്ങൾ ഒരു പക്ഷേ ഇസ്ലാം മതസ്ഥർ അനുഭവിച്ചെന്നു വരില്ല. എങ്കിലും ഈ വിഭാഗ ത്തെക്കുറിച്ചുള്ള പഠനത്തിൽ ഈ ശ്രേണിയിലെ ഏറ്റവും താഴത്തെ കണ്ണികൾ എന്ന നിലയിലാണ് 'ഒസ്സാൻ' വിഭാഗത്തെ മനസിലാക്കിവരുന്നത്. തൊഴിലിന്റെ അടിസ്ഥാനത്തിലാണ് ഏറെക്കുറെ ഈ വിഭജനവും. ക്ഷുരകവൃത്തി, സുന്നത്ത് കർമ്മം (Circumcission) ജീവിതവൃത്തിയായി സ്വീകരിച്ചി ട്ടുള്ളവരാണീവിഭാഗം.ശ്രേണീകൃത ജാതിമത ബോധം എന്നതിനെ നിസാരമായി ഒഴിവാക്കാനും കഴിയില്ല.

മലയാള നോവലും ജാതിയും മറ്റേതൊരു സാംസ്കാരികാവതരണത്തെയും എന്നതുപോലെ ജാതിയും മലയാള നോവൽ ആഖ്യാനത്തിന്റെ തുടക്കം മുതൽ തന്നെ പ്രശ്നവത്കരണത്തിനു വിധേയമായ ഒന്നാണ്. മലയാളത്തിലെ ആദ്യ നോവൽ എന്നു വിശേഷിപ്പിക്കപ്പെട്ടു വരുന്ന 'ഘാതകവധം'മുതൽ അത്തരമൊരു പാരമ്പര്യവും




കാണാവുന്നതാണ്. ജാതിയെ പ്രതിരോധിച്ചു കൊണ്ടു തുടങ്ങിയ ആഖ്യാനങ്ങൾ ജാതിയെ ത്തന്നെ ഉയർത്തുന്ന സമകാലികാവസ്ഥയും നമുക്ക് മുന്നിലുണ്ട്. ആധുനികാനന്തര നോവൽ ആഖ്യാന ങ്ങൾ ഇതിനു തെളിവു നൽകുന്നു. ഒട്ടേറെ ഉദാഹ രണങ്ങൾ എടുത്തു കാണിക്കാൻ സാധിക്കും.

ബീനയുടെ 'ഒസ്സാത്തി' എന്ന കൃതിയുടെ നിലപാടു തന്നെ ഏറെക്കുറെ ജാതിയെ പ്രതിരോ ധമെന്ന നിലയിൽ ഉയർത്തുന്ന ഒന്നാണ്. മലയാള നോവൽ സാഹിത്യത്തിന്റെ ചരിത്രത്തിൽ ആവിഷ് കാര സവിശേഷത കൊണ്ട് വ്യതിരിക്തത അവകാ ശപ്പെടാനാവാത്ത കൃതിയാണെങ്കിലും പ്രമേയം കൊണ്ട് ഏറെ വ്യത്യസ്തമാകുന്ന കൃതിയാണ് കെ.എ ബീനയുടെ ഒസ്സാത്തി. കേരളീയ മുസ്ലീം സമൂഹത്തിന്റെ കഥ പറയുന്ന നോവൽ മുസ്ലീം കീഴാളസ്ത്രീ ജീവിതത്തെയാണ് അടയാളപ്പെടു ത്തുന്നത്. മുസ്ലീംമത സമൂഹത്തിന്റെ വ്യത്യസ്ത മായ ഒരനുഭവലോകത്തേക്ക്, അകപ്പൊരുളിലേ ക്കുള്ള ഒരെത്തിനോട്ടം എന്ന നിലയിൽ പ്രാധാന്യ മർഹിക്കുന്ന നോവലാണിത്. ഇവിടെ നോവലിൽ സ്വയം അതിന്റെ ഭാഗമല്ല, അങ്ങനെയൊരു തനിമഅവകാശപ്പടുന്നവരല്ല എഴുത്തുകാരി എന്നത് ഈ പഠനത്തിന്റെ സ്വീകാര്യതയിൽ സംശയമുണ്ടാക്കിയേക്കാം. എങ്കിലും ഉത്തരാധു നിക ശാഠ്യങ്ങളിലൊന്നായി മാത്രം അതിനെ മനസി ലാക്കുകയാവും ഉചിതം. സാമ്പത്തികമായും സാമൂ ഹികമായും പിന്നാക്കം നിൽക്കുന്ന ഒരു സമൂഹ ത്തിന്റെ അവതരണത്തിൽ നോവലിസ്റ്റ് സ്വീകരി ക്കുന്ന പ്രമേയ പരിസരങ്ങൾ കേരള സമൂഹത്തിന് അപരിചിതമായ, അന്യമായ ഒന്നാകാൻ സാധ്യതയി ല്ലതാനും.

**സൽമ എന്ന കഥാപാത്രം**

അഭിജാത മുസ്ലീംകുടുംബത്തിൽ വിവാഹി തയായെത്തുന്ന 'സൽമ'യുടെ കഥയാണ് 'ഒസ്സാത്തി' പറയുന്നത്. സാമൂഹികജാതി ശ്രേണിയിലും താഴ്ന്ന ഒസ്സാൻ കുടുംബത്തിൽ പിറന്നതു കൊണ്ടു മാത്രം ഒരുപാട് നിന്ദകൾക്ക്, അവഗണനകൾക്ക് പാത്രമായവൾ. ദുരിതങ്ങൾ മാത്രം ജീവിതത്തിനു കൂട്ടായിവന്നവൾ. ഒടുവിൽ ജീവിതത്തിന് താങ്ങായി വന്ന, ഒപ്പംകൂട്ടായ, നെറുകയിൽ ഒരു തലോടലായി നിന്നിരുന്ന കൈകളും മരണത്തിന്റെ പിടിയിലേ ക്കൊതുങ്ങുന്നത് കണ്ടുനിൽക്കേണ്ടിവന്നവൾ. ജീവിതം വഴിമുട്ടി നിൽക്കുന്നതിനു കാക്കാതെ, പറക്കമുറ്റാത്ത കുഞ്ഞുങ്ങളെയും കൊണ്ട് ജീവിതം കരുപ്പിടിപ്പിക്കാൻ തുനിയുന്നവൾ. അഭിമാനപൂർവ്വം കത്രികയെടുക്കുന്നവൾ. ഒസ്സാരുടെ പാരമ്പര്യ ത്തൊഴിൽ പക്ഷേ ആധുനികീകരിക്കപ്പെട്ട തൊഴിൽ സാധ്യതകളിലേക്കെത്തിച്ചുകൊണ്ട് ബ്യൂട്ടി പാർല റിൽ ജോലിചെയ്യുന്നു. അവിടെ താനനുഭവിച്ചിരുന്ന അവഹേളനങ്ങളെയത്രയും വെട്ടി നിരത്താനുള്ള ത്രയും മൂർച്ചയുള്ള ആയുധമായിത്തീരുന്ന കത്രിക താൻ കരഞ്ഞുതീർത്ത കണ്ണീരിനെ ശക്തിയാക്കി മാറ്റാനുള്ള ആർജ്ജവം നേടിയെടുത്ത സൽമയെ നോവലിൽ അവസാനം കാണാം. സാമൂഹികമായ ഉച്ച നീചത്വങ്ങൾ ജീവിതത്തെ ശക്തിമത്താക്കി ത്തീർക്കാൻ പറ്റുന്ന ഒന്നാക്കി മാറ്റുകയാണ് സൽമയപ്പോൾ. അതിലൂടെ ജാതീയതയെക്കുറി ച്ചുള്ള പുതിയ ചരിത്രം നേടുകയും ചെയ്യുന്നു.

മറവിക്കെതിരെയുള്ള ഓർമയുടെ സമരം എന്ന നിലയിലാണ് താൻ നോവലിനെ അവതരി പ്പിക്കുന്നത് എന്ന് ബീന പറയുന്നു. നോവലിനെ മുഴുവനായി പരിഗണിക്കുകയാണെങ്കിൽ അതിന്റെ സാമൂഹിക രാഷ്ട്രീയ പരിഗണനകളെക്കൂടി വിശ കലന വിധേയമാക്കേണ്ടിവരും. ഒരു സാമൂഹിക സത്യം എന്ന നിലയ്ക്കാണ് ബീന തന്റെ നോവ ലിനെ വായനക്കാർക്കു മുന്നിലേക്കു വെയ്ക്കുന്നത്. അതിന്റെ ഇഴപിരിച്ച് നൂലുറപ്പ് പരിശോധിക്കേണ്ടത് തീർച്ചയായും ഓരോ വായനക്കാരനുമാണ്.

ജാതീയമായ വേർതിരിവുകൾ മറ്റേതൊരു സമൂഹത്തിലും എന്നതുപോലെ സ്വാഭാവികമാണ് ഇസ്ലാമിലും എന്നു പറഞ്ഞുവെയ്ക്കുന്ന ബീന. ജാതിയുടെ പേരിൽ ഭർതൃവീട്ടിനകത്തും ബന്ധ പ്പെട്ട സമൂഹത്തിനകത്തും മാറ്റി നിർത്തപ്പെടുക യാണ് സൽമ. അൻവറുമായുള്ള വിവാഹം, അൻവറിന്റെ കുഞ്ഞുങ്ങളെ പ്രസവിച്ചതിനു ശേഷം സൽമയുടെ ജാതിസ്വത്വം സ്വീകരിക്കപ്പെടുന്നതിൽ. ഇടപഴകിക്കൂടാത്തവളാണ് 'ഒസ്സാത്തി'യെന്ന ബോധം മാറുന്നതേയില്ല.

സമകാലിക സാമൂഹികതയുടെ നേർമുഖം എന്നു പറയാവുന്ന തരത്തിൽ ചരിത്രാത്മകമാണോ നോവൽ എന്ന് ഉറപ്പിച്ചു പറയാൻ സാധിക്കയില്ലെങ്കിലും സൽമ മുസ്ലീംസ്ത്രീ ജീവിതത്തിന്റെ സാമൂഹിക പ്രതിനിധീകരണത്തെ ഉറപ്പിച്ചു നിർത്തുന്ന വാർപ്പു മാതൃകകളിലൊന്നായിത്തന്നെ നിൽക്കുന്നു. പൊതുബോധം പങ്കുവയ്ക്കുന്ന പലവക രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക കാരണങ്ങൾ കൊണ്ട് ഉറപ്പിച്ചെടുക്കുന്ന സ്ത്രീ വ്യക്തിത്വം തന്നെയാകുന്നു അവളുടേത്. കീഴാള മുസ്ലിംസ്ത്രീതിന്മ സൽമയ്ക്കു കൽപിക്കപ്പെടുന്നുണ്ടെങ്കിലും ഒതുക്കപ്പെട്ട, വെറുക്കപ്പെട്ട മുസ്ലീം സ്ത്രീ ശരീര പ്രതിനിധാനമാണ് സൽമയുടേത്.

അടുക്കളകളിൽ ഒതുങ്ങിക്കൂടേണ്ടി വരുന്ന മുസ്ലീംസ്ത്രീ ജീവിതത്തിന്റെ ആവിഷ്കാരമെന്ന നിലയിലാണ് സൽമ അവതരിപ്പിക്കപ്പെടുന്നത്. എന്നാൽ നിർവാഹകത്വമുള്ള ഒരുസ്ത്രീ കഥാപാത്രത്തെയും നോവലിൽ കാണാൻ സാധിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. പൗരോഹിത്യത്തിന്റെ ആണധികാരത്തിന്റെ എന്ന നിലയിലാണ് കഥാപാത്രങ്ങളുടെ തമസ്കരണത്തെ നോവലിൽ നിന്നും വായിച്ചെടുക്കാൻ കഴിയുന്നത്. അൻവറിന്റെ ഉമ്മയും ഉമ്മൂമ്മയുമെല്ലാം അധികാര പ്രയോഗത്തിന്റെ രൂപങ്ങളായി മാറുമ്പോൾ തന്നെ വ്യവസ്ഥയുടെ നീതീകരണ ഇടങ്ങൾ എന്ന നിലയിലാണ് അവരുടെ അവതരണത്തെ കാണാൻ കഴിയുന്നത്. 'ഒസ്സാത്തി'യെന്നത് ഒരു തന്മയെന്നതുപോലെ സൽമയുടെ ജീവിതത്തിലുടംനീളം കാണാം. സൽമയുടെ വിദ്യാഭ്യാസകാലഘട്ടത്തിലോ സ്വന്തം വീട്ടിൽ താമസിക്കുന്ന സമയത്തോ ഇത്തരം അവഹേളനങ്ങളെ അവൾ നേരിട്ടിരുന്നില്ല എന്നത് ശ്രദ്ധേയമാകുന്നു. വളരെ ചുരുക്കമായോ അത്തരം സന്ദർഭങ്ങൾ നോവലിൽ പ്രതിപാദിക്കപ്പെടുന്നുള്ളൂ. പൊതുസമൂഹത്തിന് എല്ലാ ഇസ്ലാമും ഒന്നുതന്നെയാണ്.

അങ്ങനെയാണെങ്കിൽ 'ഒസ്സാത്തി' പങ്കുവെയ്ക്കുന്ന പ്രധാന ആശങ്കകളിലൊന്ന് കുടുംബത്തിനകത്ത് സ്ത്രീകൾ പൊതുവെയും മുസ്ലീം സ്ത്രീകൾ സവിശേഷമായും അനുഭവിച്ചു വരുന്ന ബുദ്ധിമുട്ടുകളാണ്. അത് സാമൂഹികാവസ്ഥയുടെ വിമർശനമായി ഉയരുന്നു. ഇവിടെ ജാതിയെന്നതു പോലെതന്നെ സാമ്പത്തികം, സാമൂഹികപദവി തുടങ്ങിയവയെല്ലാം തന്നെ പ്രശ്നവത്കരണ വിഷയമാകുന്നു. അതുകൊണ്ടുതന്നെ സൽമ എന്ന കഥാപാത്രം അടിച്ചമർത്തപ്പെട്ട ഒരു വിഭാഗത്തിന്റെ പ്രതിനിധിയായിമാറുന്നു. സാമൂഹിക സാമ്പത്തിക വിഭജനങ്ങൾക്കത്ത് ഏറ്റവും താഴെത്തട്ടിൽ നിൽക്കുന്ന സ്ത്രീ/പുരുഷദ്വന്ദ്വങ്ങൾക്കകത്തും താഴെ മാത്രം തന്റെ നിലയുറപ്പിക്കുന്ന പൊതു/ഇസ്ലാം എന്ന വിഭജനത്തിനകത്ത് അപരവത്കരിക്കപ്പെടുന്ന എല്ലാത്തിന്റെയും എല്ലാവരുടേയും പ്രതിനിധിയായി മാറുന്നു 'സൽമ' എന്ന 'മുസ്ലിം സ്ത്രീ' കഥാപാത്രം. ■

*(തുടർച്ച പേജ് 13)*

**ഗ്രന്ഥസൂചി**


| | | |
|---|---|---|
| 1. കാദംബരിയമ്മ | 1921 | 'സമുദായസേവയിൽ സ്ത്രീകളുടെ നില', മഹിള, ലക്കം -4. |
| 2. കുറുംമ്പ എം.കെ. | 1912 (1087) | 'സ്ത്രീ വിദ്യാഭ്യാസം', കവിതാവിലാസിനി പുസ്തകം - 1,നമ്പർ 2. |
| 3. ചന്ദ്രിക സി.എസ്. | 1998 | 'കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രം', കേരള സാഹിത്യഅക്കാദമി, തൃശൂർ. |
| 4. ചിന്നമ്മാളുഅമ്മ | 1921 | 'സ്ത്രീകളും സംസ്കൃതപഠനവും', മഹിള, ജൂൺ. |
| 5. ദേവിക ജെ. | 2010 | കുലസ്ത്രീയുംചന്തപ്പെണ്ണുംഉണ്ടാകുന്നതെങ്ങിനെ? സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം. |
| 6. ഭാസ്കരനുണ്ണി പി. | 2012 | പത്തൊൻപതാം നൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ. |
| 7. മാലതി | 1934 | 'സ്ത്രീകളും ഉദ്യോഗസ്വീകരണവും', മുരളി, മാർച്ച്-ഏപ്രിൽ. |
| 8. രാധാകൃഷ്ണൻ ആർ. | 2016 | കേരളത്തിന്റെ സ്ത്രീശക്തി ചരിത്രം മാളൂബൻ, തിരുവനന്തപുരം. |
| 9. രാജശേഖരൻ പി.കെ. | 2017 | 'ദൈവത്തിന്റെ പൂന്തോപ്പുകൾ', താരാബായ് ശിന്ദെയും ഭാരതീയ സ്ത്രീവാദവും', താരാബായ് ശിന്ദെ, സ്ത്രീപുരുഷ തുലനം, (വിവ : മാനസി ) ഡി.സി. ബുക്സ്. |
| 10. സഹോദരൻ | 1093 | കന്നിലക്കം |
| 11. കെ.വി. | 1892 | 'സ്ത്രീവിദ്യാഭ്യാസം', കേരളീ സുഗുണബോധിനീ, ജൂലൈ. |

**സ്ത്രീമാസികകൾ**

കേരളീ സുഗുണബോധിനി, ശാരദ, ലക്ഷ്മീഭായ്, മേരീറാണി,
ക്രൈസ്തവമഹിളാമണി, മുരളി, മഹിള


■




# കന്യാസ്ത്രീ സമരം
## വ്രണിത വികാരങ്ങളും തിരുത്തൽ ശക്തികളും



**ഗീതു ദാസ്**
ഗവേഷക, മലയാള
വിഭാഗം, ശ്രീശങ്കരാചാര്യ
സംസ്കൃതസർവകലാശാല
കാലടി

**മതപ്രക്ഷോഭങ്ങളുടെ കേരളീയാന്തരീക്ഷം**

സമകാലീന കേരളീയാന്തരീക്ഷത്തിൽ ഉറക്കെ ഉച്ചരിക്കാൻ പോലുമാവാത്ത വിധം സെൻസിറ്റീവ് ആയ വാക്കാണ് മതം. മതങ്ങളുടെ ഭ്രാന്തമായ ആചാരപരതകളിൽ നിന്നും പരസ്പരവിദ്വേഷങ്ങളിൽ നിന്നും പൂർണമായും മുക്തമായ ഒരു സമൂഹം എന്നത് ഭാവനാത്മകം മാത്രമാണ്. നവോത്ഥാന കാലഘട്ടത്തിലൂടെ കടന്നു വന്നതോടെ ആക്കം കുറഞ്ഞെങ്കിലും മതാധിഷ്ഠിത സമൂഹമനസ്സ് എന്നും സജീവമായിരുന്നു. വിദ്വേഷം കുറഞ്ഞുവെങ്കിലും മതബോധം കൂടുതൽ ഉറയ്ക്കുകയും മതാധിഷ്ഠിതമായ സ്ഥാപനങ്ങൾ ജീവിതക്രമങ്ങൾ എന്നിവ ശക്തമാവുകയുമാണ് ചെയ്തത്. ഓരോ ജാതിയുടെയും മതത്തിന്റെയും പേരിൽ സ്കൂളുകൾ, ആശുപത്രികൾ, കോളേജുകൾ എന്നിങ്ങനെയുള്ള സ്ഥാപനങ്ങളുടെ വ്യാപനം ഇതിന്റെ പ്രത്യക്ഷ തെളിവുകളാണ്.

ഇപ്പോഴാകട്ടെ ആചാരസംരക്ഷണത്തിനായി സ്ത്രീകൾ ഉൾപ്പടെയുള്ള വിശ്വാസികൾ തെരുവിലിറങ്ങിയിരിക്കുന്നു. ശബരിമല സ്ത്രീ പ്രവേശനത്തിനെതിരെ സ്ത്രീകൾ നടത്തുന്ന സമരം സ്ത്രീത്വത്തിന് തന്നെ എതിരായിട്ടുള്ളതാണ്. ചരിത്രപരമായ ഒരു വലിയ വിഡ്ഢിത്തത്തിലേയ്ക്ക് ഈ സ്ത്രീകളെ നയിക്കാൻ മാത്രം ശക്തി മതമെന്ന "കറുപ്പിന്" കൈവന്നിരിക്കുന്നു. അതിനെ പ്രതിരോധിക്കാൻ നവോത്ഥാന കാലത്തെ ചരിത്രസ്മരണകൾ മുൻനിർത്തി വർദ്ധിത ശക്തിയോടെ പ്രതികരിക്കുന്നവരും വളരെയേറെയാണ്. രാഷ്ട്രീയ താൽപര്യം മാത്രം മുൻനിർത്തി സമീപിക്കുന്നവരുമുണ്ട്. മതേതരത്വം മതസഹിഷ്ണുത, മുതലായ



വാക്കുകളിലെ അപകടകരമായ ഉൾച്ചുഴികൾ ഏറ്റവും ഭംഗിയായി തെളിഞ്ഞുകാണാൻ ഈ ചർച്ചകൾ വഴിവെയ്ക്കുന്നു. മറ്റൊരാളുടെ വിശ്വാസത്തെ ചോദ്യം ചെയ്യാതിരിക്കാനുള്ള സാമൂഹ്യമര്യാദയെന്ന തലത്തിൽ നിന്നും വിശ്വാസത്തെ തൊട്ടുകളിക്കരുതെന്ന താക്കീതായി അത് ഭീകരരൂപം പൂണ്ടിരിക്കുന്നു. എന്നാൽ ഇത് ചരിത്രത്തിന്റെ ആവർത്തനം മാത്രമാണ്. കേരളത്തിൽ നിലനിന്നിരുന്ന എത്രയോ ആചാരങ്ങൾ പരിഷ്ക്കരിക്കപ്പെട്ടു. അന്നൊക്കെ ഇതിലും വലിയ പ്രതിഷേധങ്ങൾ ഉയർന്നിരുന്നു. മതം അതിന്റെ വിശ്വാസാധികാരത്തിലൂടെ എതിർക്കുവാനുള്ള ധൈര്യം വിശ്വാസികളിൽ നിന്നും എടുത്തു മാറ്റുകയും ഭയം നിറയ്ക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഈ സന്ദർഭത്തോട് ചേർത്ത് നിർത്തിയാൽ മാത്രമേ തൊട്ടുമുമ്പ് നടന്ന കന്യാസ്ത്രീ സമരത്തിന്റെ വിമോചനപരവും വിപ്ലവാത്മകവുമായ അന്ത:സത്തയെ തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. മതമെന്ന സ്ഥാപനത്തിനായി കാലം കരുതിവെച്ച ഏറ്റവും മികച്ച തുലനാത്മക സന്ദർഭമാണ് അടുത്തടുത്ത് സംഭവിച്ച ഈ രണ്ട് സമരങ്ങൾ.

**മതത്തിനുള്ളിലെ സ്ത്രീ**

ഈ രണ്ട് സമരങ്ങളും മതവും സ്ത്രീയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണിതിലെ യാദൃശ്ചികത. എന്നാലത് കേവല യാദൃശ്ചികതയല്ല. എസ്.ഹരീഷിന്റെ മീശ നേരിട്ട വിമർശനവും ഇതേ വിഷയത്തിലാണല്ലോ. സ്ത്രീ വിരുദ്ധമായ അതിന്റെ നിലപാട്തറ തന്നെയാണ് മതത്തെയും സ്ത്രീത്വത്തെയും എതിർദ്വന്ദ്വങ്ങളാക്കുന്നത്. അങ്ങനെയിരിക്കെ തന്നെ സ്ത്രീകളാണ് ഭൂരിപക്ഷവിശ്വാസികളെന്നതാണ് ഇതിലെ വൈരുദ്ധ്യം. ശബരിമല സമരത്തിന്റെ യുക്തിയും അതു തന്നെയാണ്. ബഹുഭൂരിപക്ഷം സ്ത്രീകളും അവരുടെ സ്വത്വത്തെക്കുറിച്ച് ബോധവതികളല്ലെന്നതാണ് യാഥാർത്ഥ്യം. വിശ്വാസവും ആണധികാരവും ചേർന്ന് സ്വന്തം ആത്മാഭിമാനം തിരിച്ചറിയാൻ പോലുമാവാത്ത തരത്തിൽ പരുവപ്പെടുത്തിയ സ്ത്രീകളാണവർ.

**മതസഹിഷ്ണുതയെന്ന മുഖംമൂടി**

മതത്തിന്റെ പേരിൽ സംഘടിക്കുമ്പോഴും ഇതരമതസംഘടനകളോട് തങ്ങൾക്ക് അനുഭാവമുണ്ടെന്നും ഒരു മതത്തിന്റെയും ആചാരങ്ങൾ ലംഘിക്കപ്പെടരുതെന്നുമൊക്കെയുള്ള പ്രച്ഛന്ന മതസഹിഷ്ണുതാ നിലപാടാണ് വലിയൊരു വിഭാഗവും മലയാളികൾ കൊണ്ടുനടക്കുന്നത്. ശബരിമല സ്ത്രീപ്രവേശത്തെ അനുകൂലിച്ചാൽ മുസ്ലിം പള്ളികളിലെ സ്ത്രീപ്രവേശത്തെ തടയാനാവാതെ വരാം. കുമ്പസാരം നിർത്തലാക്കേണ്ടി വരാം. അത്കൊണ്ട് നിശബ്ദരാകുക. ഇതാണ് ഈ മതസഹിഷ്ണുതയുടെ അന്തഃസത്ത.

മതം, ആചാരങ്ങൾ നിർണയിക്കുന്നതാണെന്ന വാദം മതത്തിന്റെ മൂല്യാധിഷ്ഠിത വിചാരങ്ങളെയൊക്കെ റദ്ദാക്കുകയും അതിന്റെ തുറവികളെയെല്ലാം അടച്ചുകളയുകയും ചെയ്യുന്ന ഒന്നാണ്. മതം, വ്യക്തികൾ, ആചാരങ്ങൾ, ആരാധനാലയങ്ങൾ, മതസംഘടനകൾ, അവയുടെ സ്ഥാപനങ്ങൾ നേതാക്കൾ എന്നിവയിലൂന്നുന്ന

തീർത്തും ഭൗതികമായ ഒരു വ്യവസ്ഥയാണെന്നും അതിനെ പരിഷ്ക്കരിക്കേണ്ട ആവശ്യമേയില്ലെന്നുമാണ് ഈ വാദത്തിന്റെ അന്തിമയുക്തി.

**കന്യാസ്ത്രീ സമരം- മതാധികാരത്തിന് നേർക്കുള്ള ചൂണ്ടുവിരൽ**

കേരളത്തിൽ വ്യക്തിസ്വത്വം കേവലമത സ്വത്വമായി പരിവർത്തനം ചെയ്യപ്പെടുന്നതിന്റെ ദൃഷ്ടാന്തമാണ് ഈ അന്ധമായ ആചാരഭ്രാന്ത്. മതത്തെ സംബന്ധിച്ച സങ്കുചിതനിലപാടുകളും മതാധികാരത്തോടുള്ള കടുത്ത ഭയവും നിലനിൽക്കുന്ന ഒരു സാമൂഹികാന്തരീക്ഷത്തിലാണ് കന്യാസ്ത്രീ സമരം ഉണ്ടാകുന്നതെന്നതാണ് അതിന്റെ ഏറ്റവും വലിയ പ്രാധാന്യം. കത്തോലിക്കാ സഭ പോലെ ശക്തമായ ഒരു സംഘടനയോട് തുറന്ന സമരത്തിന് കന്യാസ്ത്രീകൾ മുന്നിട്ടിറങ്ങുന്നു എന്നത് ഈ സാമൂഹികസാഹചര്യത്തെ മറികടക്കാൻ പോന്ന വിമോചനപരമായ മൂല്യബോധം പേറുന്ന വലിയൊരു എതിർപക്ഷത്തിന്റെ സാന്നിദ്ധ്യത്തെയാണ് ബോധ്യപ്പെടുത്തുന്നത്. ഒരു ബിഷപ്പിനെ അറസ്റ്റു ചെയ്യുന്ന സാഹചര്യത്തിലേയ്ക്ക് നയിക്കുന്ന തരത്തിൽ ഒരു തിരുത്തൽ ശക്തിയായി നിൽക്കുന്ന ബഹുജനങ്ങളും ഈ മതാധിഷ്ഠിത സാമൂഹികക്രമത്തിലെ ശക്തമായ സാന്നിദ്ധ്യമാണെന്നും കന്യാസ്ത്രീ സമരം ബോധ്യപ്പെടുത്തി. അത് കൊണ്ട് തന്നെ മതാധികാരത്തിന് നേരെ ഉയർത്തിയ ചൂണ്ടുവിരലാണ് ഈ സമരം

**കന്യാസ്ത്രീ എന്ന ആദർശബിംബം**

കന്യാസ്ത്രീഎന്നത് ക്രിസ്തുമതത്തിൽ സഭാവ്യത്യാസമില്ലാതെ അംഗീകരിക്കുന്ന ഒരു പൊതു ആശയമാണ്. കന്യകയായ സ്ത്രീ. അവൾ ദൈവത്തിന്റെ മണവാട്ടിയാണ്. മറ്റുള്ളവർക്ക് സഹോദരിയും അമ്മയുമൊക്കെയാണ്. ഇത്തരത്തിൽ ആദർശവൽക്കരിക്കപ്പെട്ട ഒന്നാണ് കന്യാസ്ത്രീ ബിംബം. എന്നാൽ മറ്റേതൊരു വ്യക്തിയേയും പോലെ പച്ചയായ മനുഷ്യജീവിതമാണവരും കൊണ്ടുനടക്കുന്നതെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. ചോദനകളെയും അനുഭൂതികളെയും കഠിനമായ പരിശീലനത്തിലൂടെ അടക്കിയും മെരുക്കിയുമാണ് ഓരോ കന്യാസ്ത്രീയും ഉരുവം കൊള്ളുന്നത്. സ്വന്തം ഇഷ്ട പ്രകാരമോ, മറ്റുള്ളവർ നിർബന്ധിച്ചോ, ഗതികേട് കൊണ്ടോ ഒക്കെയാണ് കന്യാസ്ത്രീകൾ ഉണ്ടാവുന്നത്. സിസ്റ്റർ ജെസ്മി തന്റെ ആത്മകഥയിൽ കന്യാസ്ത്രീകളുടെ ഇടയിൽ പുകയുന്ന സംഘർഷാത്മകമായ അവസ്ഥകളെക്കുറിക്കുന്ന പല അനുഭവങ്ങളും പങ്കുവെയ്ക്കുന്നുണ്ട്. കന്യാസ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ എത്രമാത്രം തീവ്രമാണെന്നതിന്റെ ദൃഷ്ടാന്തമാണ് കുറുവിലങ്ങാട്ടെ സംഭവം.

കത്തോലിക്കാ സഭയുടെ ശക്തമായ ചട്ടക്കൂടിനുള്ളിൽ വെച്ചു തന്നെ "കന്യാസ്ത്രീ" എന്ന അതിന്റെ ഏറ്റവും ഉന്നതമായ ആദർശ ബിംബം എത്ര നിസാരമായി തകർക്കപ്പെട്ടിരിക്കുന്നു. വിശ്വാസിയായ സ്ത്രീയെയും കന്യാസ്ത്രീയെയും കീഴ്പ്പെടുത്തുവാൻ ഈ പുരോഹിതൻമാരെ പ്രാപ്തരാക്കിയത് ആണധികാരത്തോടൊപ്പം മതവിശ്വാസത്തിന്റെ പേരിൽ അവരിൽ ചാർത്തപ്പെട്ടിരിക്കുന്ന അധികാരവും കൂടിയാണ്. മതത്തിന്റെ ക്രമങ്ങൾ, ആചാരങ്ങൾ എന്നിവ അതിനുള്ള മാർഗ്ഗങ്ങളുമായി. ഇവിടെ തിരിച്ചറിയേണ്ടത് മതവുമായി ബന്ധപ്പെട്ട ആചാര വിശ്വാസങ്ങളുടെ പൊള്ളത്തരം തന്നെയാണ്. കുറ്റം ചെയ്തവനെ മാത്രമല്ല അതിന്റെ സാഹചര്യത്തെ ക്കൂടിയാണ് നാം വിമർശനാത്മകമായി നോക്കി കാണേണ്ടത്. ഇത്തരം ക്രമങ്ങളെ ജീവനേക്കാൾ വലുതായി കണ്ട് ശിരസ്സിലേറ്റുന്ന വിശ്വാസകോടികളാണ് ഒരു മറു ചിന്തന നടത്തേണ്ടത്. ഒരു

**കന്യാസ്ത്രീഎന്നത് ക്രിസ്തുമതത്തിൽ സഭാവ്യത്യാസമില്ലാതെ അംഗീകരിക്കുന്ന ഒരു പൊതു ആശയമാണ്. കന്യകയായ സ്ത്രീ. അവൾ ദൈവത്തിന്റെ മണവാട്ടിയാണ്. മറ്റുള്ളവർക്ക് സഹോദരിയും അമ്മയുമൊക്കെയാണ്. ഇത്തരത്തിൽ ആദർശവൽക്കരിക്കപ്പെട്ട ഒന്നാണ് കന്യാസ്ത്രീ ബിംബം. എന്നാൽ മറ്റേതൊരു വ്യക്തിയേയും പോലെ പച്ചയായ മനുഷ്യജീവിതമാണവരും കൊണ്ടുനടക്കുന്നതെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. ചോദനകളെയും അനുഭൂതികളെയും കഠിനമായ പരിശീലനത്തിലൂടെ അടക്കിയും മെരുക്കിയുമാണ് ഓരോ കന്യാസ്ത്രീയും ഉരുവം കൊള്ളുന്നത്.**




വ്യക്തി മതത്തെ സ്വന്തം ജീവിതത്തിൽ എവിടെ സ്ഥാപിക്കണം എത്ര കണ്ട് അകലം പാലിക്കണം എന്നൊക്കെ തീരുമാനിക്കേണ്ട സന്ദർഭം കൂടി യായി ഇത് മാറുന്നു.

**ചരിത്രപരമായ ചുവടുവെയ്പ്**

ജലന്ധർ ബിഷപ്പായിരുന്ന ഫ്രാങ്കോ മുളയ്ക്കൽ തന്നെ ലൈംഗികമായി പീഡിപ്പിച്ചുവെന്ന പരാതിയുമായി സഭാ നേതൃത്വത്തെ തന്നെയാണ് കന്യാസ്ത്രീ ആദ്യം സമീപിക്കുന്നത്. ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധിയായ അപ്പോസ്തലിക് നൂൺഷ്യൊ ജിയാം ബാറ്റിസ്റ്റ ഡിക്വാത്രോയ്ക്ക് രണ്ടു തവണ അവർ പരാതി അയച്ചിരുന്നു. ഇത്തരമൊരു വിഷയത്തിൽ സഭയുടെ നിലപാട് എത്ര മാത്രം സ്ത്രീവിരുദ്ധമാണെന്നതിന് സമാനസംഭവങ്ങളുടെ മുൻകാലചരിത്രം പരിശോധിച്ചാൽ മതിയാകും.

കുമ്പസാരത്തിന്റെ മറവിൽ യുവതിയെ പീഡിപ്പിച്ച ഒരു കൂട്ടം വൈദികരെ അറസ്റ്റു ചെയ്യുന്നതും ഈ സന്ദർഭത്തിലാണ്. അതിനേക്കാൾ എത്രയോ മടങ്ങ് ആഘാതമാണ് ഒരു ബിഷപ്പ് കന്യാസ്ത്രീയെ അപമാനിച്ചു എന്ന വാർത്ത സഭാ വിശ്വാസികളിലുണ്ടാക്കിയത്. ബിഷപ്പിനെ വെള്ള പൂശുകയും കന്യാസ്ത്രീയെ ഗൂഢാലോചനക്കാരിയാക്കുകയുമാണ് സഭയും പുരോഹിതവർഗ്ഗവും ഒരു വിഭാഗം വിശ്വാസികളും രണ്ടാമതൊന്നാലോചിക്കാതെ ആദ്യം ചെയ്തത്. മതത്തിനുള്ളിൽ സ്ത്രീ എങ്ങനെ സ്ഥാനപ്പെട്ടിരിക്കുന്നുവെന്നതിനും സ്ത്രീ സ്വത്വം എങ്ങനെ രണ്ടാം തരമാകുന്നുവെന്നതിനും തെളിവാണ് ഇരയെ വിട്ട് പ്രതിയെ സംരക്ഷിക്കുന്ന ഈ സഭാ നടപടി. മതാധികാരത്തിന് മുമ്പിൽ സർക്കാർ സംവിധാനങ്ങൾക്കും മുട്ടുവിറയ്ക്കാൻ തുടങ്ങിയപ്പോഴാണ് തുറന്ന സമരത്തിലേയ്ക്ക് കന്യാസ്ത്രീകൾ എത്തിച്ചേരുന്നത്. ബിഷപ്പിനെ ചോദ്യം ചെയ്യാൻ പോലുമാകാതെ അന്വേഷണ സംഘം പലവുരു പഞ്ചാബിൽ പോയി വന്നു. 2018 സെപ്റ്റംബർ 9-ാം തീയതി എറണാകുളം ഹൈക്കോടതി ജംഗ്ഷനിലെ വഞ്ചി സ്ക്വയറിൽ നടന്ന സത്യഗ്രഹസമരത്തിൽ പരാതിക്കാരിയായ കന്യാസ്ത്രീയുടെ സഹപ്രവർത്തകരായ കുറുവിലങ്ങാട് മിഷണറീസ് ഓഫ് ജീസസ് കോൺവെന്റിലെ അഞ്ച് കന്യാസ്ത്രീകൾ പങ്കെടുത്തു. പരാതിക്കാരിയായ കന്യാസ്ത്രീയുടെ കുടുംബത്തോടൊപ്പം ജോയിന്റ് ക്രിസ്ത്യൻ കൗൺസിലും മനുഷ്യാവകാശ പ്രവർത്തകരും ഈ സമരത്തിൽ പങ്കെടുത്തു. ഭാരത കത്തോലിക്ക സഭയുടെ ചരിത്രത്തിലാദ്യമായാണ് കന്യാസ്ത്രീകൾ പ്രത്യക്ഷസമരത്തിനിറങ്ങു ന്നതെന്ന് മാധ്യമങ്ങൾ ഈ ചുവടുവെയ്പിന്റെ പ്രാധാന്യത്തെ എടുത്തു കാട്ടി.

**ബഹുജനപങ്കാളിത്തവും വിമോചനമുഖവും**

കന്യാസ്ത്രീ സമരം ആരംഭിക്കുന്നത് ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ എന്ന സംഘടനയുടെ പിൻബലത്തിലായിരുന്നുവെങ്കിൽ തുടർന്നുള്ള ദിവസങ്ങളിൽ സമൂഹത്തിന്റെ നാനാതുറകളിൽ നിന്നുള്ള ഒട്ടേറെപ്പേർ സമരത്തിന് ഐക്യദാർഢ്യവുമായി വരാൻ തുടങ്ങി. സമൂഹമാധ്യമങ്ങളിൽ വലിയ പിന്തുണയാണ് സമരം നേടിയെടുത്തത്. സാമൂഹിക സാംസ്കാരിക പ്രവർത്തകർ, സ്ത്രീവാദപ്രവർത്തകർ, സാഹിത്യരചയിതാക്കൾ, കലാസംഘടനകൾ, യുവജനസംഘടനകൾ, എന്നിവരും സാധാരണക്കാരായ ഒട്ടേറെ ജനങ്ങളും വൈദികരും കന്യാസ്ത്രീകളുമൊക്കെ ചേർന്ന് വലിയ ജനപങ്കാളിത്തമുള്ള ഒന്നായി വരും ദിവസങ്ങളിലാണ് പ്രതിഷേധം കനക്കുന്നത്. സ്ത്രീപക്ഷ സംഘടനാ പ്രവർത്തകർ സമരം ഏറ്റെടുക്കുകയായിരുന്നു. സമരത്തിന്റെ ഏഴാം ദിവസം സമരവേദി പൂർണ്ണമായും സ്ത്രീകൾക്ക് നൽകി. സാഹിത്യകാരികളായ സാറാ

ജോസഫ്, തനൂജ ഭട്ടതിരിപ്പാട് അന്വേഷി സംഘടനയുടെ അദ്ധ്യക്ഷ കെ.അജിത, മുൻ ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മിറ്റിയംഗവും സുപ്രീം കോടതി അഭിഭാഷകയുമായ സി.ജെസി കുര്യൻ, ഡബ്ബിംഗ് ആർട്ടിസ്റ്റ് ഭാഗ്യലക്ഷ്മി, പരാതിക്കാരിയായ കന്യാസ്ത്രീയുടെ സഹപാഠി, ജപ്തി നടപടികൾ തടയാൻ നിരാഹാര സമരം ചെയ്ത പ്രീതാ ഷാജി, കന്യാസ്ത്രീകൾക്കായി കോടതിയിൽ ഹാജരായ അഭിഭാഷക സന്ധ്യ തുടങ്ങിയവർ സമരത്തിന് പിന്തുണയുമായെത്തി.(മാതൃഭൂമി ദിനപത്രം 2018 സെപ്റ്റംബർ 14, പി.എൻ- 9) അദ്ധ്യാപികയും എഴുത്തുകാരിയുമായ ഡോ.പി.ഗീത നിരാഹാരമനുഷ്ഠിച്ചു.

ഈ സന്ദർഭത്തിൽ ഉണ്ടായിട്ടുള്ള വ്യത്യസ്ത പ്രതികരണങ്ങൾ ശ്രദ്ധിച്ചാലറിയാം ഇത്തരമൊരു വിഷയത്തിൽ  എത്ര സ്വാർത്ഥമായാണ് പല സംഘടനകളും നിലപാടെടുക്കുന്നതെന്ന്. ഏറ്റവും അരോചകമായിത്തോന്നിയ പ്രസ്താവന ഫ്രാങ്കോ മുളയ്ക്കൽ നടത്തിയത് തന്നെയാണ്. എനിക്ക് വേണ്ടിയും ആരോപണമുന്നയിച്ച കന്യാസ്ത്രീയ്ക്ക് വേണ്ടിയും അവരെ പിന്തുണയ്ക്കുന്നവർക്ക് വേണ്ടിയും പ്രാർത്ഥിക്കണം(മാതൃഭൂമി ദിനപത്രം, 2018 സെപ്റ്റംബർ 12 പേജ് -9). ഈ വാക്കുകളിലെ പൊള്ളത്തരവും ലജ്ജയില്ലാതെ എടുത്തണിഞ്ഞിരിക്കുന്ന മഹാമനസ്കതയും എത്ര അപഹാസ്യമാണെന്ന് നോക്കുക.

ആദ്യം കന്യാസ്ത്രീയോടൊപ്പം നിന്ന ഇടവക വികാരി ഫാ.നിക്കോളാസ് മണിപ്പറമ്പിൽ തെളിവ് നൽകിയില്ലെങ്കിൽ കള്ളം പറഞ്ഞതായി കരുതേണ്ടി വരുമെന്ന് പറഞ്ഞ് അടുത്ത ദിവസങ്ങളിൽ പിൻമാറുന്നു. (മാതൃഭൂമി ദിനപത്രം, 2018 സെപ്റ്റംബർ 19, പേജ് നമ്പർ- 9) സി.എം.സി (കോൺഗ്രിഗേഷൻ ഓഫ് മദർ ഓഫ് കാർമൽ) ബിഷപ്പ് ഫ്രാങ്കോയ്ക്കെതിരെ നടക്കുന്ന സമരത്തെ അനുകൂലിച്ചോ പ്രതികൂലിച്ചോ ഒന്നും ചെയ്യരുതെന്ന് സി.എം.സി സന്യാസി സഭയിലെ കന്യാസ്ത്രീകൾക്ക് നിർദ്ദേശം നൽകുന്നതും കാണാം. ഇരയോട് ഏറ്റവുമടുത്തു നിൽക്കുന്ന പുരോഹിതനും ഇതര കന്യാസ്ത്രീകളുമാണ് ഈ പ്രതിഷേധത്തോട് ആദ്യം തന്നെ കൈമലർത്തുന്നതെന്നത് ശ്രദ്ധേയമാണ്. സമരവേദിയിൽ പോയതിന്റെ പേരിൽ കന്യാസ്ത്രീകൾക്ക് വിലക്കേർപ്പെടുക പോലുമുണ്ടായി. സഹജീവിയെന്ന നിലയിലുള്ള പരിഗണന പോലും കൊടുക്കാൻ തയ്യാറാകാതിരുന്ന ഈ കന്യാസ്ത്രീകളെ ശബരിമല വിഷയത്തിൽ തെരുവിലിറങ്ങിയിരിക്കുന്ന സ്ത്രീകളോട് ചേർത്ത് നിർത്താം. ആത്മാഭിമാനമെന്താണെന്ന് തിരിച്ചറിയാത്ത വിധം പുരുഷാധികാര വ്യവസ്ഥയിൽ വാർത്തെടുക്കപ്പെട്ടതാണ് അവരൊക്കെത്തന്നെ. മതത്തിനുള്ളിൽ നിന്നു തന്നെ ഉയരുന്ന എതിർ ശബ്ദങ്ങളാണ് ഏറ്റവും ശ്രദ്ധിക്കേണ്ടുന്ന കാര്യം. ലൈംഗികാരോ

**സംഘടിച്ച് ശക്തരാവുക എന്ന ആപ്തവാക്യത്തിന്റെ അന്ത:സത്തയെ ഈ സമരം ഓർമ്മപ്പെടുത്തുന്നു. കന്യാസ്ത്രീ മഠത്തിന്റെ ചുവരുകൾക്കുള്ളിൽ കുരുങ്ങിക്കിടക്കുമായിരുന്ന ഈ വിഷയത്തെ പുറം ലോകത്തെത്തിച്ച കന്യാസ്ത്രീകൾ കരുത്താർജ്ജിച്ചത് സമര സംഘാടനത്തിന്റെ ശക്തിയാലാണ്. സേവ് അവർ സിസ്റ്റേഴ്സ് എന്ന കർമ്മ സമിതിയുടെ രൂപപ്പെടലും ഒരു വലിയ സാമൂഹിക പ്രക്ഷോഭമായുള്ള ഈ സമരത്തിന്റെ വളർച്ചയും അനീതികൾക്കെതിരായ തിരുത്തൽ ശക്തികൾ കാലത്തിന്റെ അനിവാര്യതയാണെന്ന് ഓർമ്മപ്പെടുത്തുന്നു.**

പണങ്ങൾ ജനങ്ങളെ സഭയിൽ നിന്നകറ്റുമെന്നും ഭാവിതലമുറകളെ ചേർത്തു നിർത്തണമെങ്കിൽ സഭ മാറ്റത്തിന് തയ്യാറാകണമെന്നും ഫ്രാൻസിസ് മാർപാപ്പ തന്നെ പറയുന്നുണ്ട്. (മാതൃഭൂമി 2018 സെപ്റ്റംബർ 26 പേജ് നമ്പർ 9). ജർമനിയിലെ ബിഷപ്പ് കോൺഫറൻസ് പുറത്തു വിട്ട റിപ്പോർട്ടനുസരിച്ച് ജർമനിയിൽ മാത്രം 68 വർഷത്തിനിടെ 3677 കുട്ടികൾ വൈദികരാൽ പീഡിപ്പിക്കപ്പെട്ടിരിക്കുന്നു. ഇതിന് ജർമൻ കത്തോലിക്കാ സഭ കുട്ടികളോട് മാപ്പ് ചേദിക്കുകയും ചെയ്തു.

കന്യാസ്ത്രീ സമരവുമായി ബന്ധപ്പെട്ട് എക്സ് പ്രീസ്റ്റ്സ് ആന്റ് നൺസ് ഫോറം സന്യാസസഭകളിൽ നിലനിൽക്കുന്ന മനുഷ്യാവകാശധ്വംസനങ്ങൾ ചൂഷണങ്ങൾ ദുരൂഹ ആത്മഹത്യകൾ, സാമ്പത്തിക അഴിമതികൾ എന്നിവ അന്വേഷിച്ച് സത്യാവസ്ഥ പുറത്തു കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടിരുന്നു. (മാതൃഭൂമി ദിനപത്രം 2018 സെപ്റ്റംബർ 12 പേജ് നമ്പർ 9) കത്തോലിക്കാ ദേശീയ വാരികയായ ഇന്ത്യൻ കറന്റ്സിന്റെ എഡിറ്ററും കപ്പൂച്ചിൻ വൈദികനുമായ ഡോ.സുരേഷ് മാത്യു, ഫ്രാങ്കോ കേസിൽ സഭ സ്വീകരിച്ച നിലപാടുകളിൽ അമർഷവും ദുഖവും രേഖപ്പെടുത്തി. എല്ലാ മെത്രാൻമാർക്കുമായി തുറന്ന കത്തയച്ചു. അദ്ദേഹം സമരവേദിയിൽ നടത്തിയ പ്രസംഗവും സഭ സ്വയം വിമർശനത്തിനും തിരുത്തലിനും തയ്യാറാകേണ്ടതിന്റെ അനിവാര്യത തന്നെയാണ് ഊന്നിപ്പറഞ്ഞത്. എന്നാൽ വോട്ട് ബാങ്ക് രാഷ്ട്രീയം കളിക്കുന്ന രാഷ്ട്രീയ പാർട്ടികൾ ആദ്യഘട്ടത്തിൽ അവലംബിച്ച



മൗനമാണ് ഇവയിലേറ്റവും ഭീതിദമായ യാഥാർത്ഥ്യം. ഫ്രാങ്കോയെ അറസ്റ്റു ചെയ്യണമെന്ന് ആവശ്യപ്പെട്ടുള്ള കന്യാസ്ത്രീകളുടെ സമരം അറസ്റ്റ് ഉറപ്പായ ശേഷം മാത്രമാണവസാനിച്ചത്. പ്രകൃതി വിരുദ്ധ പീഡനത്തിന് ഐ.പി.സി 377, സ്ത്രീയെ നിർബന്ധിത ലൈംഗിക ബന്ധത്തിന് ഇരയാക്കിയതിന് ഐ.പി.സി 376 ലെ വിവിധ ഉപവകുപ്പുകൾ, തടഞ്ഞുവെച്ച് ലൈംഗികമായി പീഡിപ്പിക്കൽ- 342, ക്രിമിനൽ ബുദ്ധിയോടെ ഭീഷണിപ്പെടുത്തൽ- 506 തുടങ്ങിയ വകുപ്പുകൾ ചുമത്തിയാണ് ഫ്രാങ്കോയെ അറസ്റ്റു ചെയ്യുന്നത്. 34 രേഖകളും 81 സാക്ഷിമൊഴികളും അടങ്ങുന്നതാണ് റിമാൻഡ് റിപ്പോർട്ട്. മൂന്നു ദിവസത്തോളം ചോദ്യം ചെയ്ത ശേഷമായിരുന്നു അറസ്റ്റ്. എന്നിട്ടു പോലും ഫ്രാങ്കോയെ കാണാൻ ജയിലിൽ കയറിയിറങ്ങുന്ന വൈദികർ അധിക്ഷേപിക്കുന്നത് വിശ്വാസികളെത്തന്നെയാണ്.

**സംഘടിക്കുക, ശക്തരാവുക**

സംഘടിച്ച് ശക്തരാവുക എന്ന ആപ്തവാക്യത്തിന്റെ അന്ത:സത്തയെ ഈ സമരം ഓർമ്മപ്പെടുത്തുന്നു. കന്യാസ്ത്രീ മഠത്തിന്റെ ചുവരുകൾക്കുള്ളിൽ കുരുങ്ങിക്കിടക്കുമായിരുന്ന ഈ വിഷയത്തെ പുറം ലോകത്തെത്തിച്ച കന്യാസ്ത്രീകൾ കരുത്താർജ്ജിച്ചത് സമര സംഘാടനത്തിന്റെ ശക്തിയാലാണ്. സേവ് അവർ സിസ്റ്റേഴ്സ് എന്ന കർമ്മ സമിതിയുടെ രൂപപ്പെടലും ഒരു വലിയ സാമൂഹിക പ്രക്ഷോഭമായുള്ള ഈ സമരത്തിന്റെ വളർച്ചയും അനീതികൾക്കെതിരായ തിരുത്തൽ ശക്തികൾ കാലത്തിന്റെ അനിവാര്യതയാണെന്ന് ഓർമ്മപ്പെടുത്തുന്നു.

കന്യാസ്ത്രീ ഒരു സാധാരണ സ്ത്രീയല്ല. അവർക്ക് ചുറ്റുമുള്ള നിയന്ത്രണങ്ങൾ അനവധിയാണ്. കടമ്പകൾ അനേകമാണ്. അധികാരവും പണവും നീതി നിർവ്വചിക്കുന്ന മതത്തിന്റെ വ്യവസ്ഥയ്ക്കുള്ളിൽ സ്ത്രീയെന്ന നിലയിൽ അധ:സ്ഥിതരേക്കാൾ അധ:സ്ഥിതരാണവർ. സ്ത്രീ എന്ന നിലയിലും കന്യാസ്ത്രീ എന്ന നിലയിലും അവർ ചുമക്കുന്ന ഈ ഇരട്ട അധ:സ്ഥിതത്വത്തെ കുടഞ്ഞെറിഞ്ഞ് എല്ലാ കടമ്പകളെയും കടന്ന് പൊതുസമൂഹത്തിന് മുൻപിൽ ശബ്ദമുയർത്താൻ അവർ കാണിച്ച ധൈര്യം ചരിത്രപരം തന്നെയാണ്. അതിനോടുള്ള ആദരവാണ് ബഹുജനങ്ങൾ അവരോടൊപ്പം സംഘടിച്ച് പകർന്ന പിന്തുണ. അധികാരത്തിനെതിരെ പ്രതികരിക്കാതിരിക്കുന്നതും അതിനെ അംഗീകരിക്കലാണ്. തെറ്റുകൾ ചൂണ്ടിക്കാണിക്കാൻ ധൈര്യം കാണിക്കേണ്ടത് അത് വേഗത്തിൽ തിരിച്ചറിയാൻ കഴിയുന്നവർ തന്നെയാണ്. വ്യവസ്ഥകൾ പരിഷ്ക്കരിക്കപ്പെട്ടു കൊണ്ടേയിരിക്കും. മതവും രാഷ്ട്രീയവും പോലും

**അമ്പലങ്ങളുടെ മോന്തായം**

കത്തിക്കണമെന്നാഹ്വാനം ചെയ്ത വി.ടിയുടെ നവോത്ഥാന ദർശനമായിരുന്നു ശരിയെന്നാണ് കാലം തെളിയിക്കുന്നത്. ക്ഷേത്ര പ്രവേശനമായിരുന്നില്ല ക്ഷേത്ര ഭഞ്ജനമായിരുന്നു നടക്കേണ്ടിയിരുന്നത്. മതത്തെയും മതസ്ഥാപനങ്ങളെയും പടിയിറക്കാതെ ഊട്ടിയുറപ്പിച്ചതാണ് കേരളീയ നവോത്ഥാനത്തിന് സംഭവിച്ച പിഴവ്.എത്ര മുഖം മിനുക്കിയാലും ഒട്ടു മിക്ക മതങ്ങളുടെയും മത സ്ഥാപനങ്ങളുടെയും അന്ത:സത്ത സ്ത്രീവിരുദ്ധവും യാഥാസ്ഥിതികവും സവർണ്ണവും അധികാര കേന്ദ്രിതവുമായിരിക്കുമെന്ന ഓർമ്മപ്പെടുത്തലാണ് കന്യാസ്ത്രീ സമരം, ശബരിമല സ്ത്രീപ്രവേശനത്തിനെതിരായുള്ള സമരം എന്നിവ. തിരിച്ചറിവിന്റെ പുതിയ കാലത്തിലേയ്ക്ക് നീങ്ങേണ്ടിയിരിക്കുന്നുവെന്നും നാം മനസ്സിലാക്കുകയാണ് അഭികാമ്യം.

■

അന്വേഷി കേസ് ഡയറി

# ജീവിതം പുനർനിർമ്മിക്കാൻ ഒരു പിൻബലം



സ്മിത

അന്വേഷി വിമെൻസ് കൗൺസെലിംഗ് സെന്റർ ആരംഭിച്ചിട്ട് ഇരുപത്തഞ്ചു വർഷം പൂർത്തിയാവുകയാണ്. ഇതിനോടകം നിരവധി സ്ത്രീ പ്രശ്നങ്ങൾ പരിഹരിക്കാനും പൊതു പ്രശ്നങ്ങളിൽ ഇടപെടാനും അന്വേഷിക്ക് കഴിഞ്ഞിട്ടുണ്ട്. വൈവിധ്യങ്ങൾ നിറഞ്ഞതും ദുരിതപൂർണ്ണവുമായ പല സംഭവങ്ങളിലും ഇടപെടാനും കുറെ പേർക്കെങ്കിലും അർഹമായ സഹായങ്ങൾ ചെയ്തു കൊടുക്കാനും സാധിച്ചിട്ടുണ്ടെന്നത് ചാരിതാർത്ഥ്യജനകമായ സംഗതിയാണ്. സ്ത്രീ സാക്ഷരതയിലും ആരോഗ്യ രംഗത്തും വിദ്യാഭ്യാസ മേഖലയിലും ഉയർന്ന നിലവാരം പുലർത്തുന്നു എന്നു പറയപ്പെടുന്ന കേരളത്തിൽ നടക്കുന്ന സ്ത്രീപീഡനങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. അച്ഛൻ, സഹോദരൻ, ഭർത്താവ്, കാമുകൻ തുടങ്ങി എല്ലാവരാലും പീഡിപ്പിക്കപ്പെടുകയും കബളിപ്പിക്കപ്പെടുകയും ചെയ്തു കൊണ്ടിരിക്കുകയാണ് ഇപ്പോഴും നമ്മുടെ പെൺകുട്ടികൾ. അത്തരത്തിൽപ്പെട്ട കുറെപ്പേർക്ക് ധൈര്യം പകർന്നുകൊടുക്കാനും അവരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാനും അന്വേഷിക്ക് കഴിഞ്ഞിട്ടുണ്ട്. സംഘടിതയുടെ ഈ ലക്കത്തിൽ നമുക്ക് രമ്യയെ പരിചയപ്പെടാം.

രമ്യ, വിവാഹിതയും, ഭർത്താവിൽ നിന്നും വേർപെട്ടു ജീവിക്കുന്നവളുമാണ്. 30 വയസ്സേ അവൾക്കുള്ളൂ. മാനസിക രോഗിയായ അമ്മയും, അലസനും ഉത്തരവാദിത്വബോധമില്ലാത്ത സഹോദരനുമാണവൾക്കുള്ളത്. ജോലിക്കുപോവാനോ പുറത്തിറങ്ങാനോ സഹോദരൻ സമ്മതിക്കില്ല. പുറത്തിറങ്ങിയാൽ അയാൾ അസഭ്യം പറയും. രമ്യക്ക് അൾസർ വന്നു. ചികിത്സിക്കാൻ പണമില്ല. നോക്കാനാരുമില്ല. അനിയന്റെ പ്രശ്നം രൂക്ഷമായപ്പോൾ പോലീസ് സ്റ്റേഷനിൽ പരാതികൊടുത്തു. എന്നാൽ സഹായമൊന്നും ലഭിച്ചില്ല. ഈ സാഹചര്യത്തിൽ തയ്യൽ ജോലി അറിയാവുന്ന രമ്യ ഒരു കടയിൽ ജോലിക്ക് ചേർന്നു. സഹോദരന്റെ ശകാരവും, അസഭ്യവർഷവും സഹിച്ചുകൊണ്ടുതന്നെ. എന്നാൽ ഒരു ദിവസം സഹോദരൻ വീട്ടിൽ നിന്നും ഇറക്കിവിട്ടു. കടയുടമസ്ഥനും ഭാര്യയും അവരുടെ വീട്ടിൽ അവൾക്ക് അഭയം നൽകി. സ്ഥിരമായി അവിടെ നിർത്താനുള്ള സാഹചര്യം അവർക്കില്ലായിരുന്നു. അങ്ങനെ അവർ അവളെ അന്വേഷിയിലെത്തിച്ചു. അന്വേഷി ഷോർട്ട്സ്റ്റേ ഹോമിൽ അവൾക്ക് താമസസൗകര്യം കൊടുത്തു. അവളെ ഡോക്ടറെ കാണിച്ച് അവളുടെ അസുഖത്തിന് മരുന്നുകൾ കൊടുത്തു. തയ്ക്കാനുള്ള തുണികൾ കടയുടമസ്ഥനോ ഭാര്യയോ അന്വേഷി ഓഫീസിലെത്തിക്കുകയും ഇവിടെ നിന്നും അന്വേഷിയുടെ സ്റ്റാഫ് ഷോർട്ട്സ്റ്റേ ഹോമിൽ എത്തിക്കുകയും ചെയ്തു. തയ്ച്ചുതീർന്ന തുണികൾ തിരിച്ചും ഇതുപോലെ എത്തിച്ചുകൊടുത്തു. അങ്ങനെ തൊഴിൽ ചെയ്യുന്നതിനുള്ള അവസരവും ഉണ്ടാക്കിക്കൊടുത്തു. അന്വേഷി പ്രവർത്തകർ രമ്യയുടെ വീട്ടിൽ പോയി അനിയനേയും അമ്മയേയും കണ്ടു. ഓഫീസിൽ വരാൻ പറഞ്ഞു. അമ്മ അക്രമ സ്വഭാവമുള്ള മാനസിക രോഗിയാണ്. അനിയൻ ഉത്തരവാദിത്വമില്ലാത്തവനും. അമ്മ അന്വേഷിയിലെ ആളുകളെ അടിക്കാൻ വന്നു. അവളുടെ സ്വന്തം വീട് പാലക്കാട് ജില്ലയിലാണ്. രമ്യയുടെ പല ബന്ധു വീടുകളിലും പോയി കാര്യങ്ങൾ അന്വേഷിച്ചു. എല്ലാവരും അവൾക്കനുകൂലമായിട്ടാണ് സംസാരിച്ചത്. ബന്ധുക്കളുമായി സംസാരിച്ച് അമ്മയെ ചികിത്സിക്കുന്നതിനുവേണ്ട കാര്യങ്ങൾ ബോധ്യപ്പെടുത്തി. സഹോദരനെ ഓഫീസിലേക്ക് വിളിപ്പിച്ചെങ്കിലും അയാൾ വന്നില്ല. ഒരുപാടു പ്രാവശ്യം അയാളുമായി ഫോണിൽ സംസാരിച്ചു. അയാൾക്ക് സഹോദരിയുടെ കാര്യത്തിൽ ഒരു താൽപര്യവുമില്ലായിരുന്നു. നിയമപരമായി നേരിടാൻ രമ്യ തയ്യാറല്ലായിരുന്നു. അതുകൊണ്ട് ഷോർട്ട്സ്റ്റേ ഹോമിൽ താമസിക്കാനും തൊഴിൽ ചെയ്യാനും തീരുമാനിച്ചു.

പിന്നീട് രമ്യയുടെ ഭർത്താവിന്റെ അടുത്ത് പോയി കാര്യങ്ങൾ അന്വേഷിച്ചു. അപ്പോഴാണ് ഭർത്താവിനും മാനസികമായി പ്രശ്നങ്ങൾ ഉള്ളതായി അറിഞ്ഞത്. അയാൾ ഇടക്ക് ചികിത്സക്കു വിധേയനാവും. അപ്പോൾ കുറച്ച് സുഖമാവും. അയാൾ കോടതിയിൽ വിവാഹമോചനത്തിന് കേസു കൊടുത്തിട്ടുണ്ട്. രമ്യക്കും ഒന്നിച്ചുപോവാൻ താല്പര്യമില്ലായിരുന്നു. ഇവരുടെ രണ്ടുപേരുടെയും പേരിൽ 6 സെന്റ് സ്ഥലം ഉണ്ടായിരുന്നു. രമ്യക്ക് വിവാഹസമയത്ത് കിട്ടിയ ആഭരണങ്ങൾ വിറ്റാണ് ആ സ്ഥലം വാങ്ങിയത്. കേസിന്റെ കാര്യങ്ങൾ അറിയുന്നതിന് ഭർത്താവിന്റെ വക്കീലിനെ ഫോണിൽ വിളിച്ച് അന്വേഷിയിലെ കൗൺസെലർമാർ സംസാരിക്കുകയും, പിന്നീട് നേരിട്ടു കാണുകയും ചെയ്തു. വിവാഹമോചനത്തിന് രമ്യയും തയ്യാറായതുകൊണ്ട് ഉഭയ സമ്മത പ്രകാരം വിവാഹമോചനം നടത്താനുള്ള കാര്യങ്ങളും രമ്യക്കവകാശപ്പെട്ട 3 സെന്റ് അവളുടെ പേരിലാക്കി കൊടുക്കാൻ വേണ്ട കാര്യങ്ങളും ചെയ്തുകൊടുത്തു. അതിനായി രജിസ്ട്രാറിന്റെ അടുത്തും എഴുത്തുകാരന്റെ അടുത്തും അന്വേഷിയിലെ പ്രവർത്തകർ ഒരുപാടു പ്രാവശ്യം പോയി കാര്യങ്ങൾ ശരിയാക്കി കൊടുത്തു. അതോടൊപ്പം വിവാഹമോചന കേസിനോടനുബന്ധിച്ചുള്ള കൗൺസിലിംഗിന് കോടതിയിൽ കൊണ്ടുപോവുകയും ചെയ്തു. തയ്യൽ അറിയുന്ന ആളായതുകൊണ്ട് ജോലി ചെയ്യാനുള്ള സൗകര്യം ചെയ്തു കൊടുത്തു.

ഈ സമയത്താണ് രമ്യ തനിക്കുള്ള പ്രണയത്തെക്കുറിച്ച് പറഞ്ഞത്. തീർത്തും ഒറ്റപ്പെട്ടുപോയ സമയത്ത് ഉണ്ടായ പ്രണയമാണ്. വിശദവിവരങ്ങൾ ശേഖരിച്ച് അയാളെ വിളിച്ച് സംസാരിക്കുകയും വീട്ടിൽ പോയി കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തു. അതിനുശേഷം ഓഫീസിൽ വിളിച്ച് സെപ്പറേറ്റ് സെഷനും ജോയന്റ് സെഷൻസും നടത്തി. വിവാഹമോചിതനാണ്. ഇടത്തരം കുടുംബം. മറ്റു പ്രശ്നങ്ങളൊന്നുമില്ല. വീട്ടുകാർക്കും താല്പര്യക്കുറവില്ല. വിവാഹമോചനം നേടി അയാളെ വിവാഹം കഴിച്ചു. ഇപ്പോൾ അവർ സുഖമായി ജീവിക്കുന്നു എന്നാണ് അറിയുന്നത്. ■



## വാസ്തവം



ഡോ.ജാൻസി ജോസ്

# മാറേണ്ടുന്ന ദാമ്പത്യങ്ങൾ

ഏറ്റവും സുരക്ഷിതമെന്നും കെട്ടുറപ്പുള്ളതെന്നും സമാധാനപരമെന്നും കരുതിയിരുന്ന കുടുംബം ഇന്ന് പെണ്ണിനെ സംബന്ധിച്ചെടത്തോളം അപമാനവികരണത്തിന്റെ ഒരേ ഒരിടമായി മാറിയിരിക്കുകയാണ്. ധാരണകളും വിശ്വാസങ്ങളും ഒന്നും കാത്തുരക്ഷിച്ച് ഉത്തമ മാതൃകകളാകുക എന്നതല്ല ഈ പറഞ്ഞതിന്റെ അർഥം. പുരുഷന്റെ വിശാലമായ സ്വാതന്ത്ര്യം സ്ത്രീയേയും കാത്തിരിക്കുന്നുണ്ട് എന്നതു തന്നെയാണ്. മതിൽക്കെട്ടിനു പുറത്ത് ഒരു ലോകമുണ്ടെന്നറിയാത്ത സ്ത്രീകൾ ഇന്നുമുണ്ട് എന്നത് സ്ത്രീയുടെ ഇരുട്ടു പിടിച്ച ജീവിതം തന്നെയാണ് കാണിച്ചു തരുന്നത്. ഏതെങ്കിലും തരത്തിൽ സർഗ്ഗാത്മക പ്രകിയകളിൽ ഏർപ്പെടുന്ന സ്ത്രീകളെ ധാർമ്മിക അപചയം ആരോപിച്ച് വീട്ടിലിരുത്തുന്നത് ഈ കാലത്തിലും അന്യമല്ല. ജീവിജന്യമായ സെക്സിനുള്ള സാധ്യത പോലും നിഷേധിക്കപ്പെട്ട് എത്രയോ സ്ത്രീകൾ തടവറകളിൽ കഴിയുന്നുണ്ടാവും! പല കുടുംബബന്ധങ്ങളും പത്തു പതിനഞ്ചു വർഷം കഴിയുമ്പോൾ അഡ്ജസ്റ്റുമെന്റിന്റെ പാതയിലൂടെ പോകുന്നതായി കാണാറുണ്ട്. മാനസികമോ ശാരീരികമോ ലൈംഗികമോ ആയ അകൽച്ചയാണ് അതിനു കാരണങ്ങളായി ഭവിക്കുന്നത്. പൊതുവെ വിവാഹങ്ങൾ നടത്തുമ്പോൾ പുരുഷന്റേയും സ്ത്രീയുടേയും പ്രായം വളരെ ശ്രദ്ധയോടെ നോക്കുന്നവരാണേറെയും മുപ്പതോ മുപ്പത്തിയഞ്ചോ വയസ്സാകുന്ന പുരുഷന് ജോലിയും കൂലിയുമൊക്കെ ആയിക്കഴിയുമ്പോൾ വിവാഹമാലോചിക്കുകയും പതിനെട്ടോ പത്തൊമ്പതോ വയസ്സായ പെണ്ണിനെ പിടിച്ചുകെട്ടിക്കുകയും ചെയ്യുന്ന ഏർപ്പാടാണ് ഇവിടെ നടക്കുന്നത്. ഇരുപതു വർഷം കഴിയുമ്പോൾ ഭർത്താവിന് അൻപത്തിയഞ്ചും ഭാര്യക്ക് മുപ്പത്തിയൊമ്പതും വയസ്സാകുന്നു. ജീവിതശൈലീ രോഗങ്ങൾ പിടിപെടുന്ന ഭർത്താവിന്റെ ലൈംഗികാരോഗ്യം പരിതാപകരമാകുന്നതും ഒരു കാഴ്ചയാണ്. ഒരു സ്ത്രീയുടെ നാല്പതുകൾ എന്നു പറയുന്നത് ലൈംഗിക കാമനകളുടെ പീക്ക് പോയന്റാണെന്ന് പറയേണ്ടി വരും. ഈ അവസ്ഥ നേരിടുന്ന ഒത്തിരി കുടുംബങ്ങളെ എനിക്കറിയാം. ഞാനിവിടെ പറയാനുദ്ദേശിക്കുന്നത് ഇത്രയേയുള്ളൂ. ലൈംഗികദാരിദ്ര്യം എന്നത് പുരുഷന് മാത്രമുണ്ടാകുന്ന അവസ്ഥയല്ല. സ്ത്രീക്കുമുണ്ട്. അതു മറികടക്കാൻ അവൾക്കും സ്വാതന്ത്ര്യവും സാഹചര്യവുമുണ്ടാകണം. തീവ്രവാദ ബുദ്ധിജീവികൾ പറയുന്നതുപോലെ ആൺവേശ്യാലയങ്ങൾ ഉണ്ടാവണം എന്നു പറയാൻ ഞാൻ തയ്യാറുമല്ല. അവളെ അതിനനുവദിക്കണം എന്നതു മാത്രമാണ് മുന്നോട്ടുവെക്കാനുള്ള പോംവഴി. സെക്സിന്റെ മായക്കാഴ്ചകളിലേക്ക് നീന്തിയില്ലെങ്കിലും അല്പം പ്രണയവും അല്പം സൗഹൃദവുമായി അവളങ്ങനെ കഴിഞ്ഞു കൊള്ളും. നിയന്ത്രിത ജീവിതത്തിൽ മുക്കിക്കൊല്ലാതെ അവളെ ശ്വാസം വിടാനനുവദിക്കുക. അവൾ ജീവിക്കട്ടെ.

വഴിത്താരകൾ




ജാനകി
*കോഴിക്കോട് സർവ്വകലാശാല*
*ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*


# ജനാബായ്...




**വി**വർത്തനങ്ങൾ പല കാരണങ്ങൾ കൊണ്ടാണ് സംഭവിക്കുന്നത്. തനിക്കിഷ്ടപ്പെട്ട ഒരു എഴുത്തിനെ, ഒരു ഭാഷയിലൂടെ ഉരുത്തിരിഞ്ഞ ആശയത്തെ,ആ ഭാഷ പരിചയമില്ലാത്ത സമാന ഹൃദയർക്കായി പങ്കു വെക്കുക എന്നത് ഏറ്റവും ലളിതമായ കാരണമാണ്. പൂർണ മായും സ്വകാര്യ മല്ല ആ മോഹം.ആ മോഹത്തിൽ താൻ ജീവിക്കുന്ന കാലത്തിന്റെ വ്യാകുലതകളും ആശങ്ക കളും സൂക്ഷ്മമായി അടയാളപ്പെടുത്തിയിട്ടു ണ്ടാവാം. ഉറക്കെ വിളിച്ചു പറയുന്നു ണ്ടാവാം. നിഴലു പോലെ പിന്തുടരുന്നുണ്ടാവാം.

സ്ത്രീരചനകളുടെ പല കൈവഴികളി ലൂടെ അലയുമ്പോൾ

നമ്മൾ എത്തിച്ചേരുന്ന ഒരു കവിയുണ്ട്. ജനാബായ്, 13ാം നൂറ്റാണ്ടിൽ ഒരു ശൂദ്ര കുടുംബത്തിൽ ജനിച്ചുവളർന്ന, വീട്ടുവേലക്കാരിയായി ജീവിച്ച സ്തീ. 1990കളിൽ സൂസി താരുവും കെ.ലളിതയും ചേർന്ന് എഡിറ്റ് ചെയ്ത വിമൻ റൈറ്റിങ്ങ് ഇൻ ഇന്ത്യ എന്ന പുസ്തകത്തിൽ ജനാബായ് എന്തു കൊണ്ട് ഉൾച്ചേർക്കപ്പെടുന്നു എന്നതിനുള്ള കാരണം മഹാരാഷ്ട്രയിലെ വർക്കാരി സന്യാസി വിഭാഗത്തിന്റെ തീക്ഷ്ണമായ ശബ്ദമായി അവരിന്നും വിലമതിക്കപ്പെടുന്നു എന്നതാണ്. ജനാബായിയുടെ സ്തോത്രങ്ങളിലെ ഈശ്വരസാന്നിദ്ധ്യം രസകരമാം വിധം വ്യത്യസ്തവും ഹൃദ്യവുമാണ്. ഒരു സുഹൃത്തായും കളിക്കൂട്ടുകാരനായും ഭാരിച്ച വീട്ടുജോലികളിൽ തന്റെ സഹായിയായും അവർ വിഥോബയെ കാണുന്നു. കടുത്ത ജാതിവ്യവസ്ഥയിൽ തന്റെ ദാസ്യവൃത്തിയെ സ്വയം ഏറ്റെടുക്കുന്ന വിഥോബയോടുള്ള പ്രണയത്തിലൂടെയാണ് അവൾ സ്വന്തം സ്വാതന്ത്ര്യസ്വപ്നങ്ങളുടെ ആകാശങ്ങളിലേക്ക് പറന്നുയരുന്നത്.

പാലക്കാടൻ ഭാഷയിൽ പറഞ്ഞാൽ, 'ആകാത്ത' കാലങ്ങളിൽ ജീവിക്കുന്ന നമ്മൾ ഭക്തി പാരമ്പര്യങ്ങളിലേക്ക് ഒന്ന് തിരിച്ചു പോകുന്നത് നന്നായിരിക്കും.

മറ്റൊന്നിനുമല്ല.ഈശ്വരനും ഭക്തയും തമ്മിലുള്ള ബന്ധങ്ങളെ കുറിച്ച്, നമ്മൾ നെയ്തെടുത്ത സങ്കൽപങ്ങളുടെ വർണ്ണവൈവിദ്ധ്യത്തെ അറിയാൻ. സ്ത്രീ ശരീരം കണ്ട് ആത്മസംയമനം കളഞ്ഞു കുളിക്കുന്ന മാമുനിമാർ പുരാണങ്ങളിൽ സുലഭമാണ്. പക്ഷേ അതിനു പരിഹാരം, മുനി തന്നെ വീണ്ടും തപസ്സ് ചെയ്യാനായി ഏകാന്തതയിലേക്കു പിൻവാങ്ങുകയായിരുന്നു എന്നതാണ്. തപസ്സിളക്കിയ അപ്സരസ്സിനെ തുറുങ്കലിൽ അടച്ചിട്ടല്ല. തപസ്സിനു ഭംഗം വന്ന വിശ്വാമിത്രൻ തന്നെയാണ് ആത്മശക്തി വീണ്ടെടുക്കാനായി കാനനം പൂകുന്നത്. ഒരു സ്ത്രീയുടെ തുട കണ്ട് വ്രണിത വികാരങ്ങളുമായി നടക്കുന്നവർ പഴമ്പുരാണങ്ങളൊക്കെ ഒന്നെടുത്ത് നോക്കണം. ശരീരത്തെ തുറന്നിട്ട് കൊണ്ട്, അതിനെ മറികടന്നു കൊണ്ടുള്ള അക്കാ മഹാദേവിയുടെ യാത്രയെ അപ്പോഴാണ് നിങ്ങൾ കാണുക. ഈശ്വര വിരചിതമായ ഈ പ്രപഞ്ചത്തെ അറിയാനുള്ള യാത്ര ഈ ശരീരത്തിലൂടെ തന്നെയാണ്. സ്ത്രീ ശരീരത്തിന്റെ ഒഴുക്കുകളും വിലക്കുകളും ഹിംസാത്മകമായി ചർച്ച ചെയ്യപ്പെടുന്ന ഈ കാലത്ത്, ആരാണ് യഥാർത്ഥഭക്തയെന്നും, എന്താണ് യഥാർത്ഥ ഭക്തി എന്നും, വിശ്വാസത്തിന്റെ അളവുകോലെന്തെന്നും എന്നത്തേതിനെക്കാളും നാം ആശങ്കപ്പെടുന്ന ഈ കാലത്ത് ജനാബായിയുടെ വരികൾ വിവർത്തനം ചെയ്യുക എന്നത് നമ്മെ ചുഴുന്ന അവസ്ഥയോടുള്ള പ്രതികരണം കൂടിയാണ്. ഈ മണ്ഡലകാലത്ത് ശരണം വിളികളും മുദ്രാവാക്യങ്ങളും കൂടിക്കുഴയുമ്പോൾ, ഭക്തിയുടെ രാഷ്ട്രീയവും, രാഷ്ട്രീയത്തിലെ ഭക്തിയും തമ്മിൽ പടർന്നു കയറുമ്പോൾ, ഈശ്വരസന്നിധിയിലെത്താൻ ശ്രമിച്ച ഒരു സ്ത്രീ ഒരു ചിത്രത്തിന്റെ പേരിൽ, ജയിലിൽ അടയ്ക്കപ്പെടുമ്പോൾ ജനാബായിയുടെ ഈ കവിത ഒരു സ്വതന്ത്ര വിവർത്തന ശ്രമത്തിലൂടെ നിങ്ങളിലേക്കെത്തിക്കാൻ ഞാൻ പ്രേരിതയാകുന്നു.

1

നാണമാനങ്ങൾ കുടഞ്ഞു കളഞ്ഞു
സ്വയം ചന്തയിൽ വിൽക്കുക
ദേവനരികിലെത്താൻ
വഴി അതൊന്നു മാത്രം.
കയ്യിൽ ഇലത്താളവും
തോളിൽ വീണയുമായ്
ഞാനലയുമ്പോൾ
ആരുണ്ടെന്നെ തടയാൻ?
എന്റെ സാരിയുടെ മുന്താണി
ഊർന്നു വീഴുന്നു ലജ്ജാകരം!
ഒരു കൂസലുമില്ലാതെ എന്നിട്ടും
തിങ്ങും ചന്തയിൽ ഞാനെത്തുന്നു!
ജനി പാടുന്നു:
ഒരു തേവിടിശ്ശിയായി ഞാൻ, ദേവ
എനിക്കിനി നിന്നരികിലെത്താം.

2

ജനി അടിച്ചു വാരുമ്പോൾ
ചേറു കോരി ചുമലിലേറ്റി
ദേവൻ പുറത്തേക്കെറിയുന്നു.
ഭക്തിയാൽ പരവശനായി
എളിയ വിട്ടുപണികൾ ചെയ്യുന്നു

ജനി വിഥോബയോട് ചോദിക്കുന്നു:
ഞാനെങ്ങിനെ ഈ കടം വീട്ടും?

കടപ്പാട് :
വിലാസ് സാരംഗിന്റെ ഇംഗ്ലീഷ് പരിഭാഷ,
Women Writing in India: 600 B.C. to the early twentieth century
edited by Susie J. Tharu, Ke Lalita .

■

ശാസ്ത്രം


സീമ ശ്രീലയം

**പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ**




# മെർക്കുറി 13 : ആ പതിമൂന്നു വനിതകൾ

**ചൊ**വ്വയിലേക്ക് വനിതാ ആസ്ട്രോനോട്ടുകളെ അയക്കാനുള്ള പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ് നാസ. രാജ്യാന്തര ബഹിരാകാശ നിലയത്തിലേക്കുള്ള പറക്കലുകളിലും ഇന്ന് സ്ത്രീകൾ സജീവ സാന്നിധ്യമാണ്. എന്നാൽ വർഷങ്ങളോളം ബഹിരാകാശപ്പറക്കൽ എന്ന സ്വപ്ന സാക്ഷാൽക്കാരത്തിനായി അതികഠിനമായ പരിശീലനങ്ങൾ നടത്തിയിട്ടും അവസാനം അവസരം നിഷേധിക്കപ്പെട്ട, നീതി കിട്ടാതെ പോയ പതിമൂന്ന് വനിതകളെക്കുറിച്ച് കേട്ടിട്ടുണ്ടോ?

1960 കളിൽ അമേരിക്കയും റഷ്യയും തമ്മിൽ ബഹിരാകാശ ഗവേഷണരംഗത്ത് കടുത്ത കിടമൽസരം നടക്കുന്ന സമയം. മനുഷ്യനെ ബഹിരാകാശത്തേക്ക് അയക്കാൻ വേണ്ടി അമേരിക്ക ആസൂത്രണം ചെയ്ത പ്രോജക്റ്റ് മെർക്കുറിയുടെ ഭാഗമായി ബഹിരാകാശ ഗവേഷണവും ആസ്ട്രോനോട്ടുകളുടെ തെരഞ്ഞെടുപ്പുമൊക്കെ തകൃതിയായി നടന്നു. ബഹിരാകാശപ്പറക്കൽ പരിശീലനത്തിനുള്ള സെലക്ഷൻ കടമ്പകൾ കടന്ന് പതിമൂന്നു സ്ത്രീകൾ പരിശീലനം തുടങ്ങിയത് അക്കാലത്താണ് എന്നാൽ അക്കൂട്ടത്തിലുണ്ടായിരുന്ന സ്ത്രീകൾ പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിൽ എത്തിയതേയില്ല. 1962 ൽ അലൻ ഷെപ്പേഡ് ആദ്യ അമേരിക്കൻ ബഹിരാകാശ യാത്രികനായി. ലോകത്തെ ആദ്യ ബഹിരാകാശ സഞ്ചാരിയായ യൂറി ഗഗാറിനെ ബഹിരാകാശത്ത് എത്തിച്ച സോവിയറ്റ് യൂണിയൻ 1963ൽ വാലന്റീന തെരഷ്ക്കോവ എന്ന വനിതയെയും ബഹിരാകാശത്തെത്തിച്ചു ചരിത്രം കുറിച്ചു. എന്നിട്ടും അമേരിക്കയിൽ കഠിന പരിശീലനം നടത്തിയ വനിതകൾക്ക് ബഹിരാകാശപ്പറക്കലിന് അവസരം കിട്ടിയില്ല എന്നതാണ് വിചിത്രമായ കാര്യം.

അമേരിക്കയിലെ ഒരു പ്രൈവറ്റ് ഫണ്ടിംഗ് പരിശീലന പദ്ധതിയിലേക്കാണ് മെർക്കുറി 13 എന്നു വിളിക്കപ്പെട്ട വനിതകൾ തെരഞ്ഞെടുക്കപ്പെട്ടത്. 1950 കളുടെ അവസാനം മെർക്കുറി പ്രോജക്റ്റിലേക്ക് പുരുഷ ആസ്ട്രോനോട്ടുകളെ തെരഞ്ഞെടുക്കാൻ നാസ നടത്തിയ അതേ സ്ക്രീനിങ് ടെസ്റ്റ് കടമ്പകളെല്ലാം കടന്നു തന്നെയാണ് ആ പതിമൂന്നു വനിതകളും പരിശീലന പദ്ധതിയിൽ പ്രവേശനം നേടിയത്. പക്ഷേ നാസയുടെ ആസ്ട്രോനോട്ട് പ്രോഗ്രാമിന്റെ ഭാഗമല്ലാതിരുന്ന ഇവർക്ക് അവസരങ്ങൾ നിഷേധിക്കപ്പെടുകയായിരുന്നു.

നാസയുടെ സ്പെഷ്യൽ അഡ്വൈസറി കമ്മിറ്റി ഓൺ ലൈഫ് സയൻസിന്റെ ചെയർമാൻ ആയിരുന്ന വില്ല്യം റാൻഡോൾഫ് ലവ് ലേസ് ആയിരുന്നു ബഹിരാകാശ യാത്രികരുടെ തെരഞ്ഞെടുപ്പിനായുള്ള പല ടെസ്റ്റുകളും രൂപകല്പന ചെയ്തത്. എന്നാൽ ഈ കഠിനമായ കടമ്പകൾ സ്ത്രീകൾ എങ്ങനെ മറികടക്കും എന്നറിയാൻ വേണ്ടി പ്രൈവറ്റ് ഫണ്ടിങ്ങിൽ അദ്ദേഹം ഒരു പ്രോജക്റ്റ് ഒരുക്കി. ഇതിലേക്ക് ക്ഷണിക്കപ്പെട്ട വനിതകളെല്ലാം തന്നെ കഴിവു തെളിയിച്ച പൈലറ്റുമാരായിരുന്നു. അങ്ങനെ ജെറി കോബ്ബ് എന്ന വനിത ആദ്യമായി ഈ കടമ്പകളെല്ലാം കടന്നു. പിന്നീട് മിർട്ടിൽ കേഗിൾ, ജാനറ്റ് ഡീട്രിച്ച്, മാരിയോൺ ഡീട്രിച്ച്, വാല്ലി ഫങ്, സാറാ ഗോർലിക്ക്, ജെയ്ൻ ഹാർട്ട്, ജീൻ ഹിക്സൺ,


റിയ വോൾട്ട്മാൻ, ജീൻ നോറ സ്റ്റംബോ, ഐറീൻ ലെവെർട്ടൺ, ജെറി സ്ലോവൻ, ബെർണിസ് സ്റ്റെഡ്മാൻ എന്നീ വനിതകളും ടെസ്റ്റുകളെല്ലാം പാസ്സായി. നാസയുടെ അതേ ടെസ്റ്റുകളും പരിശീല നമുറകളുടെ ഭാഗമായ ഒന്നും രണ്ടും ഘട്ട പരിശീലന, പരീക്ഷണക്കടമ്പകളും ഇതിൽ ചിലർ മറി കടന്നു. മൂന്നാം ഘട്ട ടെസ്റ്റ് നടത്തേണ്ടിയിരുന്നത് അമേരിക്കൻ നേവിയുടെ മേൽനോട്ടത്തിലായിരുന്നു. എന്നാൽ നാസയുടെ ഔദ്യോഗികമായ അറിയിപ്പില്ലാതെ ഒരു അനൗദ്യോഗിക പ്രോജക്റ്റിലെ സ്ത്രീകൾക്കായി ടെസ്റ്റ് നടത്താൻ അവർ തയ്യാറായില്ല. അവസാന കടമ്പ വരെയെത്തിയ ജെറി കോമും ജെയ്നീ ഹാർട്ടും അന്നത്തെ അമേരിക്കൻ പ്രസിഡന്റായിരുന്ന ജോൺ.എഫ്.കെന്നഡിക്കും വൈസ് പ്രസിഡന്റ് ലിൻഡൺ ബി.ജോൺസണും മുന്നിൽ പരാതി സമർപ്പിച്ചു. അതോടെ ബഹിരാകാശ ഗവേഷണ പ്രോജക്റ്റുകളിലെ ലിംഗ വിവേചനം വലിയ ചർച്ചാ വിഷയമായി. എന്നിട്ടും കഴിവു തെളിയിച്ച ഈ വനിതകളെ തങ്ങളുടെ സ്പേസ് പ്രോഗ്രാമിൽ ഉൾപ്പെടുത്താൻ നാസ തയ്യാറായില്ല. ഇവർക്ക് എഞ്ചിനീയറിംഗ് ഡിഗ്രിയില്ല തുടങ്ങിയ കാരണങ്ങൾ പറഞ്ഞ് ഒഴിവാക്കുകയായിരുന്നു! ഈ സംഭവം മാധ്യമ ശ്രദ്ധ നേടിയതോടെ അധികാരികളുടെയും നാസയുടെയും സ്ത്രീ വിരുദ്ധ നടപടികൾ വിമർശിക്കപ്പെടാൻ തുടങ്ങി. എന്നാൽ നമുക്ക് ഈ വിവാദം ഇവിടെ അവസാനിപ്പിക്കാം എന്നായിരുന്നു വൈസ് പ്രസിഡന്റിന്റെ പ്രസ്താവന!

വർഷങ്ങളോളം ജെറി കോംബ് നീതി കിട്ടാനായി നടന്നെങ്കിലും മെർക്കുറി 13 ൽ നിന്ന് ഒരാളെപ്പോലും ബഹിരാകാശപ്പറക്കലിനു തെരഞ്ഞെടുക്കുകയുണ്ടായില്ല. ഒടുവിൽ ഒരു അമേരിക്കൻ വനിത ബഹിരാകാശത്തേക്ക് പറന്നത് 1983ലാണ്. സാലി റീഡ് ആയിരുന്നു അത്. പിൽക്കാലത്ത് മെർക്കുറി13 എന്ന പേരിൽ ഇറങ്ങിയ ഡോക്യുമെന്ററിയിലൂടെയും മറ്റും ഈ സ്ത്രീകൾ നേരിടേണ്ടി വന്ന വിവേചനങ്ങളുടെയും നീതി നിഷേധത്തിന്റെയും ഞെട്ടിപ്പിക്കുന്ന സത്യങ്ങൾ ലോകമറിഞ്ഞു.

■

# കാർട്ടൂൺ

കടപ്പാട് : ഇന്റർനെറ്റ്






Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara



### ഗോവയിലെ സ്വാതന്ത്ര്യ പോരാളികൾ

1946ൽ പോർച്ചുഗീസ് സൈന്യത്തെ ധീരതയോടെ നേരിട്ട വത്സല പാണ്ഡുരംഗ് നെ പോലെയുള്ളവർ കൂടിയാണ് ഗോവൻ സ്വാതന്ത്ര്യചരിത്രത്തിന്റെ ശില്പികൾ

### ഭാരത് സ്ത്രീ മഹാമണ്ഡൽ

1910 ൽ അലാഹാബാദിൽ രൂപം കൊണ്ട ഭാരത് സ്ത്രീ മഹാമണ്ഡൽ എന്ന സംഘടനയുടെ സ്ഥാപക നേതാവായിരുന്നു സരളാദേവി ചൗധുറാണി. സ്ത്രീവിദ്യാഭ്യാസത്തിനു വേണ്ടി ധാരാളം പ്രവർത്തനങ്ങൾ ഈ സംഘടന നടത്തി





### തൂഫാൻ സേന

1943ൽ ബ്രിട്ടിഷ്കാരിൽ നിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിച്ച മഹാരാഷ്ട്ര യിലെ സതാരയിലെതൂഫാൻ സേന യിലെ അംഗമായിരുന്നു ഹൗസാഭായ്. ഗോവയുടെ സ്വാതന്ത്ര്യസമരത്തിലും ഇവർ പങ്കെടുത്തു.

# ത്രീസംഘാടനത്തിന്റെ ചരിത്രവഴികൾ



### ഫ്ളാപ്പേർസ്

1920 കളിൽ യൂറോപ്പിൽ രൂപം കൊണ്ട ഈ സംഘടനയിലെ അംഗങ്ങൾ പുകവലിച്ചും മദ്യപിച്ചും അധികമായി മേക്കപ്പി ട്ടുമൊക്കെ സ്ത്രീകളുടെ വ്യവസ്ഥാപിത പെരുമാറ്റ നിർമ്മി തികളെ തകർത്തുകൊണ്ട് നിലനിന്നു




### വിമൻ സ്ട്രൈക്ക് ഫോർ പീസ്

ശീതയുദ്ധകാലത്ത് 1961 ൽ അമേരിക്കയിലെ അറുപതോളം നഗരങ്ങളിൽ നിന്ന് 50,000 ത്തോളം സ്ത്രീകൾ രാജ്യത്തുടനീളം പ്രകടനം നടത്തിയതിന്റെ ഭാഗമായി ഭാഗികമായ അണുപരീക്ഷണനിരോധന ഉടമ്പടിയിൽ ഒപ്പിടാൻ പ്രസിഡന്റ് കെന്നഡി നിർബന്ധിതനായി.

### വിമൻസ് ഏക്ഷൻ ഫോറം

സിയാ ഉൽ ഹഖ് ഭരണകൂടത്തിന്റെ നിർബന്ധിത ഇസ്ലാമീകരണ ത്തിനെതിരെ 1983ൽ നടത്തിയ വൻ പ്രതിഷേധം ഉൾപ്പടെ നിരവധി സമരങ്ങൾക്ക് നേതൃത്വം നൽകുകയാണ് ഈ സംഘടന

